# പഞ്ചായത്ത്‌രാജ്

പുസ്തകം 54 ◆ ലക്കം 11 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം ഫെബ്രുവരി 2015


ഫെബ്രുവരി 19
ബൽവന്ത്റായ് മേത്ത ദിനം



National Games
KERALA 2015

## ജനഹിതം സഫലമാകുന്നു

## 70 പുതിയ ഗ്രാമപഞ്ചായത്തുകൾ



'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

ഫെബ്രുവരി 2015

## ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 കേരള ഗ്രാമങ്ങൾക്ക് ഒരു പുതിയ സന്ദേശം
ഡോ. എം.കെ. മുനീർ



8 ഗാന്ധി: ഇന്ത്യയുടെ ഉത്തരം
പി.വി. ഷെബി

10 സഫലമാകുന്നു ജനഹിതം! കൂടുതൽ ഗ്രാമപഞ്ചായത്തുകൾ

11 സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ലൈംഗിക അക്രമങ്ങൾ സംബന്ധിച്ച നിയമ വ്യവസ്ഥകൾ
ഓാഡ്രെ ഡിമെല്ലോ



14 ജനാധിപത്യത്തിന്റെ കുടുംബശ്രീ പെരുമ
ടി. ഷാഹുൽ ഹമീദ്



17 നാട്ടരങ്ങിന്റെ താരാട്ട്
ടി.സി. സുനിൽ ദത്ത്

19 ഗ്രാമപഞ്ചായത്തുകളുടെ വരുമാന വർദ്ധന നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി അനിവാര്യം

20 ഗ്രാമപഞ്ചായത്തുകളിലൂടെ

23 പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകൾ

27 സ്വാവലംബൻ
അംഗപരിമിതരുടെ മന്ത്രം



30 ഗ്രാമീണകുടുംബങ്ങൾക്ക് മുഴുവൻ സമയ വൈദ്യുതി ഉറപ്പ് വരുത്താൻ
ബി.എൻ. ശർമ്മ



33 ലോക കാൻസർ ദിനം
ഡോ. ജയ്ദീപ് ബിശ്വാസ്


35 സുരക്ഷിത ഭക്ഷണത്തിന് സുഭാഷ് പലേക്കർ മോഡൽ
പി മനോജ് കുമാർ



# സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2015



## ഫെബ്രുവരി 19
## ബൽവന്ത്റായ് മേത്ത ദിനം



ഫെബ്രുവരി 19-പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നന്ദിപൂർവ്വം സ്മരിക്കേണ്ട ദിനമാണ്. പഞ്ചായത്ത് രാജിന്റെ ഉപജ്ഞാതാവായ ബൽവന്ത്റായ് മേത്തയുടെ ജന്മദിനമാണ് പ്രസ്തുത ദിനം. മഹാത്മജി സ്വപ്നം കണ്ട ഗ്രാമസ്വരാജ് ബൽവന്ത്റായ് മേത്തയുടേയും സ്വപ്നമായിരുന്നു. ഗ്രാമവികസന പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാകുന്നതിന് ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന് രൂപം നല്കണമെന്നും അതിന് നിയമ പരിരക്ഷ നല്കണമെന്നും പ്ലാനിംഗ് കമ്മിഷന്റെ പഠന സംഘത്തലവനെന്ന നിലയിൽ ബൽവന്ത്റായ് മേത്തയുടെ ശുപാർശയാണ് നമ്മുടെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന് ലിഖിത രൂപം നല്കിയത്. വികസനരംഗത്ത് കൂടുതൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ആസൂത്രിത വികസനം ഗ്രാമതലത്തിൽ ത്വരിതപ്പെടുത്തുന്നതിനും അധികാര വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിനും സഹായമാകും വിധം സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് നിയമനിർമ്മാണം നടത്തണമെന്നതായിരുന്നു ഈ പഠനസംഘത്തിന്റെ മറ്റൊരു മുഖ്യ ശുപാർശ. ബൽവന്ത്റായ് മേത്തയുടെ ശുപാർശയുടെ പരിണിതഫലമായി 73-ഉം 74-ഉം ഭരണഘടനാ ഭേദഗതി നിലവിൽ വരികയും അതിലൂടെ അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണം സാധ്യമാവുകയും ചെയ്തു.

1900 ഫെബ്രുവരി 19ന് ഗുജറാത്തിലെ ഭവനഗറിലെ ഒരിടത്തരം കുടുംബത്തിൽ ഗോപാൽ ജി ത്രിഭുവൻ ദാസിന്റെയും ശ്രീമതി സമീർബന്നിന്റെയും മകനായി ജനിച്ച ബൽവന്ത്റായ് മേത്ത ഗുജറാത്ത് സംസ്ഥാനത്തെ മുഖ്യമന്ത്രിയായും വിവിധ കമ്മിറ്റികളുടെ അദ്ധ്യക്ഷനായും പ്രവർത്തിച്ചിട്ടുണ്ട്. തികഞ്ഞ ഗാന്ധിയനായ ബൽവന്ത്റായ് മേത്ത ഗുജറാത്തിലെ മുഖ്യമന്ത്രിയായിരിക്കെ 1965ലെ ഇന്ത്യാ-പാക് യുദ്ധമുഖത്ത് അദ്ദേഹം സഞ്ചരിച്ചിരുന്ന വിമാനം ശത്രു സൈന്യത്തിന്റെ വെടിയേറ്റ് തകർന്നതിനെ തുടർന്ന് ഒരു വീരേതിഹാസമാവുകയായിരുന്നു. മഹാത്മജിയെപ്പോലെ എന്നും ഗ്രാമത്തെ സ്നേഹിച്ച, ഗ്രാമീണനെ സ്നേഹിച്ച ഒരു മനുഷ്യസ്നേഹിയായ ഈ പുണ്യപുരുഷന്റെ ജന്മദിനാഘോഷത്തിന് ഇന്ന് മറ്റെന്നേത്തേക്കാളും പ്രസക്തിയുണ്ട്.

ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം 2015 ഫെബ്രുവരി 18, 19 തീയതികളിലായി പാലക്കാട് പ്രസന്നലക്ഷ്മി ആഡിറ്റോറിയത്തിൽ വച്ച് വിവിധ പരിപാടികളോടെ നടത്തപ്പെടുകയാണ്. മുഖ്യമന്ത്രി, പഞ്ചായത്ത് വകുപ്പുമന്ത്രി, മറ്റു മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എം.പിമാർ, എം.എൽ.എ.മാർ മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കുന്നു. പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് ചർച്ചകളും സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും പൂർണ്ണ അർത്ഥത്തിൽ സുതാര്യതയോടെ നടപ്പാക്കുന്നതിന് പഞ്ചായത്തു ദിനാഘോഷം 2015 പ്രയോജനപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം.

(പ:ന്യൂ സർവ്വീസ്)

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2015 | പുസ്തകം 54 | ലക്കം 11 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ
**എ. സെയിദ്**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്റോറിയൽ

നാം നന്ദിപൂർവ്വം സ്മരിക്കേണ്ട മാസമാണ് ഫെബ്രുവരി. ഈ മാസം 19നാണ് പഞ്ചായത്ത് രാജിന്റെ ഉപജ്ഞാതാവ് യശ്ശശരീരനായ ശ്രീ. ബൽവന്ത്റായ് മേത്തയുടെ ജന്മദിനം. ഗ്രാമവികസനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന് രൂപം നൽകണമെന്നും അതിനു നിയമപരിരക്ഷ നൽകണമെന്നും പ്ലാനിംഗ് കമ്മിഷന്റെ പഠന സംഘത്തലവനെന്ന നിലയിൽ അദ്ദേഹം ശുപാർശ ചെയ്തു. ഈ ശുപാർശയുടെ പരിണിതഫലമായി ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾ നിലവിൽ വരികയും അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാവുകയും ചെയ്തു. മഹാത്മജിയെപ്പോലെ എന്നും ഗ്രാമത്തെ സ്നേഹിച്ച, ഗ്രാമീണനെ സ്നേഹിച്ച ഒരു മനുഷ്യസ്നേഹിയായ ഈ പുണ്യപുരുഷന്റെ ജന്മദിനാഘോഷത്തിന് ഇന്ന് വളരെയേറെ പ്രസക്തിയുണ്ട്.

ഈ ജന്മദിനമാണ് നാം പഞ്ചായത്ത് ദിനമായി ആഘോഷിക്കുന്നത്. പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ വച്ചാണ് സംസ്ഥാനത്തെ ഏറ്റവും നല്ല ഗ്രാമപഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫികൾ വിതരണം നടത്തുന്നത്. ട്രോഫിക്ക് പുറമെ സാക്ഷ്യപത്രവും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം എന്നീ ക്രമത്തിലും ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം എന്നീ ക്രമത്തിലും അവാർഡുകൾ വിതരണം ചെയ്യുന്നു. 978 ഗ്രാമപഞ്ചായത്തുകളുള്ള സംസ്ഥാനത്ത് സ്വരാജ് ട്രോഫിക്കായി ഈ വർഷം അപേക്ഷ സമർപ്പിച്ചത് വെറും 95 ഗ്രാമപഞ്ചായത്തുകൾ മാത്രം. കഴിഞ്ഞ വർഷം 82 ഗ്രാമപഞ്ചായത്തുകളാണ് അപേക്ഷിച്ചത്. ഈ വർഷം അപേക്ഷ സമർപ്പിച്ച 95 ഗ്രാമപഞ്ചായത്തുകളിൽ വെറും 37 ഗ്രാമപഞ്ചായത്തുകളാണ് അർഹതാ മാനദണ്ഡം പാലിച്ചതായി കാണപ്പെട്ടത്. യഥാർത്ഥത്തിൽ 978 ഗ്രാമപഞ്ചായത്തും സ്വരാജ് ട്രോഫിക്ക് അപേക്ഷിക്കാൻ അർഹത നേടേണ്ടതായിരുന്നു. എന്തുകൊണ്ടോ ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല. വരും വർഷങ്ങളിലെങ്കിലും ഇതിനു മാറ്റമുണ്ടാകണം. സ്വരാജ് ട്രോഫിക്ക് അപേക്ഷിക്കാൻ ലളിതമായ ഏഴ് അർഹതാ മാനദണ്ഡങ്ങളാണുള്ളത്. 4 ഗ്രാമസഭകൾ കൂടിയിരിക്കണം, വികസന ഫണ്ട് ചെലവ് 80% കഴിഞ്ഞിരിക്കണം, നികുതി പിരിവ് 90% പൂർത്തീകരിച്ചിരിക്കണം, എ.എഫ്.എസ്. ജൂലൈ 31ന് മുമ്പായി സമർപ്പിച്ചിരിക്കണം, മെയിന്റനൻസ് ഫണ്ട് ചെലവ് 80%ൽ കൂടുതലായിരിക്കണം, ആശ്രയ പദ്ധതി നടപ്പിലാക്കണം, സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് വകുപ്പുതല/വിജിലൻസ്തല നടപടികൾ ഉണ്ടായിരിക്കരുത് എന്നിവയാണ് ഏഴ് മാനദണ്ഡങ്ങൾ. അടിസ്ഥാനപരമായി ഈ മാനദണ്ഡങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളും പാലിക്കേണ്ടതുമാണ്. അടുത്ത തവണ പകുതി ഗ്രാമപഞ്ചായത്തുകളെങ്കിലും അർഹത നേടി അവാർഡിന് അപേക്ഷ നൽകാൻ കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

ISO സാക്ഷ്യപത്രം കരസ്ഥമാക്കിയ 30 ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷത്തിപതിനായിരം രൂപ വീതവും പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽവച്ച് വിതരണം ചെയ്യുകയാണ്. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ ഇതിന്റെ പ്രവർത്തനത്തിൽ മുഴുകിയിരിക്കുന്നുമുണ്ട്. ഇത്തരം അവാർഡുകൾ പ്രാദേശിക ഭരണത്തിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചോദനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഫെബ്രുവരി 18, 19 തീയതികളിലായി പാലക്കാട് വച്ച് നടത്തപ്പെടുന്ന പഞ്ചായത്ത് ദിനാഘോഷം 2015 അധികാരവികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായും സുതാര്യതയോടെയും നടപ്പിലാക്കാൻ സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു.

**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

# കേരള ഗ്രാമങ്ങൾക്ക് ഒരു പുതിയ സന്ദേശം

2015 ജനുവരി 12 കേരളത്തിന്റെ വനിതാ സംരംഭകത്വ പരിശ്രമങ്ങൾക്ക് ഒരു സുദിനമായി ഈ തീയതിയെ ഭാവിചരിത്രം വിലയിരുത്തും. 'സന്ദേശ്' എന്ന പദ്ധതിക്ക് ഔദ്യോഗിക തുടക്കം അന്നായിരുന്നു. ബഹു. കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഈ പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തത് കേന്ദ്ര സംരംഭകത്വ – നൈപുണ്യ വികസന വകുപ്പ് മന്ത്രി രാജീവ് പ്രതാപ് റൂഡി ആയിരുന്നു. നവസംരംഭങ്ങളുമായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കേരളത്തിലെ പഞ്ചായത്തുകൾ സമഗ്രവും സർവോന്മുഖവുമായ ഒരു പുത്തൻ വികസനം സാക്ഷാത്കരിക്കാനുള്ള ഒരു സന്ദേശം അനാവൃതമാവുകയാണ്.

'കേരള മോഡൽ' ദേശീയതലത്തിലും രാജ്യാന്തര തലത്തിലും ഏറെ ചർച്ചക്ക് വിഷയമായി. സാമൂഹ്യവികസന സൂചികയിൽ കേരളം കൈവരിച്ച ലോകനിലവാരമുള്ള സമുന്നത സ്ഥാനമാണ് 'കേരള മോഡൽ' വികസനം എന്നറിയപ്പെടുന്നത്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടം മാതൃകാപരം എന്ന് വിലയിരുത്തപ്പെടുന്നു. ഇത് നമുക്ക് അഭിമാനകരമാണ്. ജനാധിപത്യ വികേന്ദ്രീകരണം, താഴെത്തട്ടിലെ ജനകീയാസൂത്രണം നമ്മുടെ പ്രാദേശിക സർക്കാരുകളെയും അതുവഴി ജനാധിപത്യ സമ്പ്രദായത്തെ ആകെയും ശക്തിപ്പെടുത്തി. തദ്ദേശഭരണ സ്ഥാപനങ്ങളിൽ വനിതാ സംവരണം 50 ശതമാനമാണ്. വനിതകൾക്ക് മതിയായ പ്രാതിനിധ്യം ഇങ്ങനെ ഉറപ്പാക്കിയതിനൊപ്പം തന്നെയാണ് ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് കുടുംബശ്രീ എന്ന പ്രസ്ഥാനത്തിന് രൂപം നൽകിയത്. ഇന്ന് കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 41.5 ലക്ഷമാണ്. ആയിരക്കണക്കിന് വരുമാനദായക സംരംഭങ്ങളിലൂടെ ഈ വനിതകൾ തങ്ങളുടെ ജീവിതം ഭദ്രമാക്കുന്നതിന് പുറമേ സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയെയും പരിപോഷിപ്പിക്കുന്നു.

ഇതിന് പൂരകമായി സ്ത്രീശാക്തീകരണ പ്രക്രിയ ഇതര മേഖലകളിലും തുടരുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള വനിതാ വികസന കോർപ്പറേഷൻ കേരള സ്ത്രീയുടെ ഉയിർത്തെഴുന്നേൽപ്പ് ലക്ഷ്യമാക്കി ഫലപ്രദമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കമ്മ്യൂണിക്കേഷൻ സ്കിൽ വികസിപ്പിക്കാനുള്ള 'റീച്ച്' കോർപ്പറേഷന്റെ പുതിയ സംരംഭങ്ങളിൽ ഒന്നാണ്. 'ഷീ ടാക്സി' മാതൃക പഠിക്കാൻ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ പ്രതിനിധികൾ എത്തുന്നു. ജി.പി. എസ്. സംവിധാനം പ്രയോജനപ്പെടുത്തി 24 മണിക്കൂറും സുരക്ഷിതയാത്ര ഉറപ്പു നൽകുന്ന സ്ത്രീകളുടെ ഈ പ്രസ്ഥാനം രാജ്യത്തിനാകെ മാതൃകയാണ്. കേരളത്തിലെ 'ഷീ ടാക്സി' പോലൊരു സംവിധാനം ഡൽഹിയിൽ ഉണ്ടായിരുന്നുവെങ്കിൽ താൻ കാറിൽ അപമാനിക്കപ്പെടുമായിരുന്നില്ല എന്ന് 'യൂബർ ടാക്സി' സംഭവത്തിലെ വനിത പ്രസ്താവിച്ചത് സ്മരണീയമാണ്. സ്ത്രീ സുരക്ഷ സംബന്ധിച്ച് നടപ്പാക്കിയ പദ്ധതികൾ തീർച്ചയായും കേരളത്തിന് അഭിമാനകരമാണ്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ തുടർന്നു





കൊണ്ടുപോകാൻ ഗവൺമെന്റ് ദൃഢനിശ്ചയം കൈക്കൊണ്ടിരിക്കുകയാണ്.

ഇതിന്റെ അടുത്ത പടിയാണ് 'സന്ദേശ്' എന്ന പദ്ധതി. തൊഴിൽ നൈപുണ്യം നേടിയ വനിതകൾ ഉള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്ന ഈ പ്രക്രിയയെ 'നൈപുണ്യ കേരളം' എന്ന് വിളിക്കാം. കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലുമായി ആയിരം വനിതാ സംരംഭകരുടെ ഒരു ശൃംഖല ആദ്യപടിയായി സജ്ജമാക്കും. ഇൻഫ്രാസ്ട്രക്ചർ ലീസിംഗ് ആൻഡ് ഫിനാൻഷ്യൽ സർവീസസ്, അഹമ്മദബാദ് ഐ.ഐ.എം, ബി സ്കൂൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ഇതിനായി തെരഞ്ഞെടുക്കപ്പെട്ട 1000 സ്ത്രീകൾക്ക് നൈപുണ്യ വികസന പരിശീലനം നൽകും ഗ്രാമപഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനും വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കാനും നവസംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകാനും ഇവർ മുൻനിരയിലുണ്ടാവും. കൃഷി, ആരോഗ്യം, ശുചിത്വ പദ്ധതി, ശുദ്ധജല ലഭ്യത, റിന്യൂവബിൾ എനർജി തുടങ്ങിയ രംഗങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താനും ന്യൂജനറേഷൻ സംരംഭകത്വങ്ങൾ ഉൾക്കൊള്ളാനും ഈ വനിതകൾ പുതിയ സംരംഭകർക്ക് പരിശീലനം നൽകും. സാമൂഹ്യ പ്രസക്തിയുള്ള നവസംരംഭങ്ങൾ, സാധാരണക്കാരിലെ സംരംഭകത്വപ്രശ്ന പരിഹാരം, ഒട്ടനവധി സൂക്ഷ്മതല സംരംഭങ്ങൾ, നവസംരംഭകരുടെ കഴിവും നൈപുണിയും വികസനം എന്നിവ ഈ പദ്ധതിയുടെ ഗുണഫലങ്ങളിൽപ്പെടുന്നു.

2015 മാർച്ച് മാസത്തോടെ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്കിൽ കണക്ട് ചെയ്യപ്പെടുകയാണ്. ഇടുക്കിയിൽ സമ്പൂർണ്ണമായി ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതോടെ ഇ-ഹെൽത്ത്, ഇ-എജ്യൂക്കേഷൻ, ഇ-ഗവേർണൻസ്, ഇ-കൊമേഴ്സ് മേഖലകളിൽ കേരളത്തിന് വിപ്ലവകരമായ മുന്നേറ്റം സാധ്യമാകും. ഗ്രാമങ്ങളിലെ സാധാരണ ജനങ്ങളിലേക്ക് ഇൻഫർമേഷൻ-കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ എല്ലാ ആധുനിക ഉപയോഗവും എത്തുകയാണ് പഞ്ചായത്ത് ഭരണം, ജനപങ്കാളിത്തം, വിജ്ഞാന വിനിമയം, പൗരസേവനപ്രദാനം, വികസനോന്മുഖാസൂത്രണം എന്നിവയിൽ ഗ്രാമതലത്തിൽ വിപ്ലവകരമായ പരിവർത്തനം സൃഷ്ടിച്ചുകൊണ്ട് വികസിത രാഷ്ട്രങ്ങളുടെ നിലവാരത്തിലേക്ക് നമുക്ക് വളരാൻ കഴിയും.

തൊഴിൽ ചെയ്യാൻ പ്രാപ്തരായ 18-59 വയസ്സിന് മാധ്യേ പ്രായമുള്ള ഇന്ത്യക്കാർ 63 ശതമാനമാണ്. ഇവരിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരാകട്ടെ കേവലം രണ്ട് ശതമാനം. വികസിത രാജ്യങ്ങളിൽ ഇത് 60 ശതമാനമാണ്. ഈ അന്തരം കുറയ്ക്കുക എന്നത് കനത്ത വെല്ലുവിളിയാണ്. ഈ രംഗത്തും കേരളത്തിന് മറ്റൊരു മാതൃക സൃഷ്ടിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന്റെ തുടക്കമാവട്ടെ 'സന്ദേശ്'.



പി.വി.ഷെബി

# ഗാന്ധി: ഇന്ത്യയുടെ ഉത്തരം

**ജി.ഡി.പി വളർച്ച നോക്കി മാത്രം വികസനത്തെ അളക്കുന്നതാണ് ആഗോളീകരണ കാലത്തെ സാമൂഹ്യസിദ്ധാന്തങ്ങൾ. മനുഷ്യരാശിയുടെ നന്മക്കു പകരം ലാഭം കൊയ്തെടുക്കാനുള്ള ആർത്തി നയിക്കുന്ന സാമ്പത്തികശാസ്ത്രമാണ് ആഗോളവൽക്കരണം. ഇങ്ങനെയൊരു കാലത്ത് ഗാന്ധിജിയെപ്പോലുള്ളവർ ഒരു മുഖംമൂടിയെ മറയ്ക്കാനുള്ള ബിംബങ്ങൾ മാത്രമായി അവരോധിക്കപ്പെടുന്നു.**



"എങ്ങനെയാണ് ഗ്രാമങ്ങളിലെ ദാരിദ്ര്യം തുടച്ചു നീക്കുക?" ഇതായിരുന്നു ഒരിക്കൽ മഹാത്മജി നേരിട്ട ഒരു ചോദ്യം. സങ്കീർണ്ണമായ ഈ ചോദ്യത്തിന് ഉത്തരം ലളിതമായിരുന്നു. "വിജ്ഞാനത്തിന്റെയും ശുചിത്വത്തിന്റെയും സന്ദേശം പ്രചരിപ്പിക്കുക." ഗാന്ധി ഒരു ധനശാസ്ത്ര പണ്ഡിതനായിരുന്നില്ല എന്നു നമുക്കറിയാം. പക്ഷെ, ശരിയായ ധനശാസ്ത്ര വീക്ഷണത്തിലായിരുന്നു അദ്ദേഹത്തിന്റെ ഈ മറുപടി. കേവലമായ അറിവുസമ്പാദനവും വ്യാപനവുമല്ല ഗാന്ധിജി ഉദ്ദേശിച്ചതും അർഥമാക്കിയതും. വ്യക്തിയുടെയും സമൂഹത്തിന്റെയും ആരോഗ്യലക്ഷണം ശുചിത്വമാണെന്ന തിരിച്ചറിവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്ത്യയെ അടുത്തറിഞ്ഞ അനുഭവത്തിലായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. പറഞ്ഞു വരുന്നത്, അടുത്തിടെ കൊട്ടിഘോഷിക്കപ്പെട്ട ശുചിത്വ ഭാരതയജ്ഞത്തെക്കുറിച്ചൊന്നുമല്ല. ആഗോള സാമ്പത്തിക വികസനത്തോട് ഇന്ത്യയെ തുല്യപ്പെടുത്താൻ നമ്മുടെ ഭരണാധികാരികൾ തിടുക്കപ്പെടുമ്പോൾ ചരിത്രത്തിലേക്കുള്ള ഒരു തിരിഞ്ഞു നോട്ടം. ആഗോളവൽക്കരണത്തിന്റെ കെടുതികളുടെ വർത്തമാനകാലത്ത് നാം ഭൂതകാലസ്മൃതിപഥങ്ങൾ തിരയുമ്പോൾ മുന്നിൽ തെളിഞ്ഞു വരുന്ന മുഖം ഗാന്ധിജിയുടേതല്ലാതെ മറ്റൊന്നുമല്ല. ഇന്ത്യൻ ജനതയുടെ ആശങ്കകളും വ്യാകുലതകളും ജീവിതദുരിതങ്ങളുമൊക്കെ പരിഹരിക്കാനുള്ള ഒരു അർഥവത്തായ ഉത്തരമാണ് മഹാത്മജി. ഒരർഥത്തിൽ ആഗോളവൽക്കരണത്തിനുള്ള ഒരു ബദലാണ് അദ്ദേഹം വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന വികസനസങ്കൽപ്പം.

അധികാരവികേന്ദ്രീകരണം നടപ്പാക്കി സ്വാശ്രയത്വത്തിന് കേരളം മാതൃക സൃഷ്ടിച്ചെങ്കിലും ഇപ്പോൾ കേന്ദ്ര ഗ്രാമവികസനമന്ത്രാലയം നടപ്പാക്കുന്ന ഒരു പദ്ധതി മാത്രമായി ചുരുങ്ങിയിരിക്കുന്നു, ഗ്രാമസ്വരാജ്. പഞ്ചായത്തുകളെ ശാക്തീകരിക്കുമെന്നും ഗ്രാമങ്ങളെ ഉയർത്തുമെന്നൊക്കെയുള്ള വാഗ്ദാനങ്ങളിൽ പദ്ധതികളും പണവുമൊഴുകുമ്പോൾ ഇന്ത്യൻ

ഗ്രാമജീവിതങ്ങളിൽ പട്ടിണിയും ദാരിദ്ര്യവും മാത്രമാണ് കൈമുതൽ. ഇന്ത്യയുടെ ആത്മാവുറങ്ങിക്കിടക്കുന്നത് ഗ്രാമങ്ങളിലാണെന്ന് ഉറക്കെപ്പറഞ്ഞ ഗാന്ധി ഗ്രാമസ്വരാജ് വിഭാവനം ചെയ്തത് ഗ്രാമങ്ങളുടെ സ്വയംപര്യാപ്തത ലക്ഷ്യമിട്ടായിരുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ശുചിത്വം, ശുദ്ധജലം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ ജീവിതാവശ്യങ്ങളിലും ഗ്രാമങ്ങൾ സ്വയംപര്യാപ്തമാവണം. സാമൂഹ്യജീവിതത്തിന് ആവശ്യമായതെല്ലാം സ്വന്തം നിലയിൽ സ്വായത്തമാക്കാൻ ഗ്രാമങ്ങൾക്കാവണം. ഇതിന് വ്യക്തിസ്വാതന്ത്ര്യം അടിത്തറയൊരുക്കുമെന്ന് ഗാന്ധിജി വാദിച്ചു. ആത്മനിയന്ത്രണം, ധാർമ്മികത, സത്യസന്ധത, കുടുംബത്തോടും അയൽക്കാരോടുമുള്ള ഉത്തരവാദിത്വനിർവ്വഹണം തുടങ്ങിയവയൊക്കെ ഇതിന്റെ മുഖമുദ്രകളായി. അഹിംസ, സ്വദേശി ഉൽപ്പന്നങ്ങളുടെ ഉപയോഗം, അയിത്തോച്ചാടനം, എല്ലാ മതങ്ങൾക്കും തുല്യത തുടങ്ങിയവയൊക്കെ വ്യക്തിസ്വാശ്രയത്വമായി അദ്ദേഹം നിർവ്വചിച്ചു. എല്ലാ തരത്തിലുമുള്ള അധിനിവേശങ്ങളെയും അദ്ദേഹം എതിർത്തു. 1942ൽ ക്വിറ്റ് ഇന്ത്യാ പ്രമേയം പാസ്സാക്കി "അടിയന്തിരമായി സ്വാതന്ത്ര്യം വേണം, പറ്റിയാൽ ഈ രാത്രി തന്നെ"യെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടതും അതുകൊണ്ടായിരുന്നു. തികഞ്ഞ ജനാധിപത്യവാദിയായ ഗാന്ധി ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ദൈവത്തെപ്പോലെ ആരാധിക്കുന്ന, അഹിംസാത്മകമായ വ്യവസ്ഥ സ്വപ്നം കണ്ടു. ഗ്രാമീണ ജനതയെ പ്രതിനിധാനം ചെയ്യുന്നതാവണം അധികാരമെന്ന് അദ്ദേഹം വാദിച്ചു. അതുകൊണ്ടു തന്നെ താഴെത്തട്ടു മുതൽ മുകളിലേക്കു നീളുന്ന അധികാരഘടനയാണ് ഗാന്ധിയൻ സ്വരാജ്. ഒരർഥത്തിൽ ഭരണകൂടരഹിതമാണ് ഗാന്ധിയൻ സ്വാശ്രയത്വം. ജനങ്ങളെ സേവിക്കാനെന്ന മട്ടിൽ ഭരണകൂടങ്ങൾ ജനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുമെന്ന് അദ്ദേഹം ഭയന്നു. രാഷ്ട്രീയമായി നിർവ്വചിച്ചാൽ സദ്ഭരണമല്ല, സ്വാശ്രയ ഭരണമെന്നതാണ് ഗാന്ധിയൻ സ്വരാജിലൂടെ അർഥമാക്കുന്നത്. വ്യക്തിപരമായ സ്വാതന്ത്ര്യവും സാമ്പത്തികവും സാമൂഹ്യവുമായ സ്വാശ്രയത്വവും സമ്പൂർണ്ണമായ ഉദാത്തമായ വീക്ഷണമാണ് സ്വരാജിലൂടെ മഹാത്മജി മുന്നോട്ടു വെച്ച ആശയം.

ജി.ഡി.പി വളർച്ച നോക്കി മാത്രം വികസനത്തെ അളക്കുന്നതാണ് ആഗോളീകരണ കാലത്തെ സാമൂഹ്യസിദ്ധാന്തങ്ങൾ. മനുഷ്യരാശിയുടെ നന്മക്കു പകരം ലാഭം കൊയ്തെടുക്കാനുള്ള ആർത്തി നയിക്കുന്ന സാമ്പത്തികശാസ്ത്രമാണ് ആഗോളവൽക്കരണം. ഇങ്ങനെയൊരു കാലത്ത് ഗാന്ധിജിയെപ്പോലുള്ളവർ ഒരു മുഖംമൂടിയെ മറയ്ക്കാനുള്ള ബിംബങ്ങൾ മാത്രമായി അവരോധിക്കപ്പെടുന്നു. ഗാന്ധിജിയുടെ ആശയങ്ങൾ ചവറ്റു കൊട്ടയിലെറിഞ്ഞതായിരുന്നു പണ്ടു മുതലേ ഇന്ത്യയുടെ വികസന സിദ്ധാന്തങ്ങളത്രയും. ഏറ്റവുമൊടുവിലത്തെ കണക്കനുസരിച്ച് ജനസംഖ്യയുടെ 30 ശതമാനവും ഇന്ത്യയിൽ ദരിദ്രരാണ്. നഗരങ്ങളിൽ ദിവസം 47 രൂപ വരുമാനമുള്ളവരും ഗ്രാമങ്ങളിൽ 32 രൂപ വരുമാനമുള്ളവരും ഉൾപ്പെട്ടതാണ് ഈ ദാരിദ്ര്യരേഖ. എന്നാൽ, ഇതുകൊണ്ടു മാത്രം ദാരിദ്ര്യം അളക്കാനാവില്ല. രേഖക്കു മുകളിലുള്ളവർ സമ്പന്നരാണെന്നും പറയാനൊക്കില്ല. അതുകൊണ്ടു തന്നെ, സർക്കാർ പുറത്തിറക്കിയിട്ടുള്ള ദാരിദ്ര്യരേഖക്കുള്ളിൽ ഒതുങ്ങുന്നവരല്ല ഇന്ത്യയിലെ ദരിദ്രജനസംഖ്യ. അക്ഷരാർഥത്തിൽ പകുതിയിലേറെയും ദരിദ്രരുള്ള നാടാണ് ഇന്ത്യ.

ഗ്ലോബൽ ഫിനാൻഷ്യൽ ഇന്റഗ്രിറ്റി എന്ന സ്ഥാപനത്തിന്റെ കണക്കനുസരിച്ച് 1948 മുതൽ 2008

*ശേഷം പേജ് 22-ൽ*



അധികാര വികേന്ദ്രീകരണത്തിന് വേണ്ടി 73-ഉം 74-ഉം ഭരണഘടനാ ഭേദഗതി നിലവിൽ വന്നിട്ട് രണ്ട് പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. മഹാത്മജിയുടെ സ്വപ്നമായ ഗ്രാമസ്വരാജ് യാഥാർത്ഥമാക്കുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന ഭരണഘടനാ ഭേദഗതിയും തുടർന്ന് നിലവിൽ വന്ന കേരള പഞ്ചായത്ത് രാജ് ആക്ടും പ്രാദേശിക ഭരണത്തിന് കൂടുതൽ അധികാരങ്ങളും സാമ്പത്തിക പ്രവർത്തന മേഖലകളിൽ കൂടുതൽ സ്വാതന്ത്ര്യവും നല്കുകയുണ്ടായി. കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രാദേശിക സെക്രട്ടറിയേറ്റായി മാറിക്കഴിഞ്ഞു. എങ്കിലും ജനസംഖ്യ വർദ്ധനവിന് ആനുപാതികമായി കൂടുതൽ പ്രാദേശിക സ്ഥാപനങ്ങൾ സ്ഥാപിക്കാൻ പല കാരണങ്ങൾ കൊണ്ട് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ പുതിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അനുവദിക്കൽ അതാതു സർക്കാരുകൾക്ക് സങ്കീർണ്ണതകൾ നിറഞ്ഞ പ്രശ്നങ്ങളായി മാറുമെന്നതിനാൽ ജനങ്ങളുടെ ആവശ്യാനുസരണം പുതിയ തദ്ദേശ സ്ഥാപനങ്ങൾ അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 2011ൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ വന്ന സർക്കാരിൽ മുൻ സർക്കാരുകളിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്തു വകുപ്പിനു മാത്രം ഒരു മന്ത്രിയെ ലഭിക്കുകയുണ്ടായി. പഞ്ചായത്തു വകുപ്പു മന്ത്രിയായി ചുമതലയേറ്റ ഡോ. എം.കെ. മുനീർ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ രൂപവും ഭാവവും നല്കി ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി.

പഞ്ചായത്ത് സെക്രട്ടറി തസ്തിക ഗസറ്റഡ് ആക്കി ഉയർത്തി, പുതിയ അസി: സെക്രട്ടറി തസ്തിക കൊണ്ടുവന്നു. ഓരോ ക്ലാർക്ക് തസ്തിക അധികം സൃഷ്ടിച്ച്, ജോലിഭാരം കൊണ്ട് വീർപ്പ് മുട്ടിയ ജീവനക്കാരുടെ പരാതിക്ക് പരിഹാരം ഉണ്ടാക്കി, പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പരിഷ്ക്കരിച്ച് ഇടത്തട്ടു കമ്മിറ്റിയെ ഒഴിവാക്കി, ചരിത്രത്തിലാദ്യമായി സാമ്പത്തിക വർഷം ആദ്യത്തിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുന്ന സ്ഥിതിയിലേക്ക് ഗ്രാമപഞ്ചായത്തുകൾ എത്തിച്ചേർന്നു. അതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജനങ്ങൾക്കു ലഭിക്കുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് കൊണ്ടുവന്ന് കൂടുതൽ കൂടുതൽ ജനോപകാരപ്രദമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി ഗ്രാമപഞ്ചായത്തുകളെ ജനസൗഹൃദ കേന്ദ്രങ്ങളായി മാറ്റിക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും പല ഗ്രാമപഞ്ചായത്തുകളുടേയും ജനബാഹുല്യവും വലിപ്പവും കാരണം ജനങ്ങൾക്ക് സേവനം ലഭിക്കാനുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി ജനങ്ങളുടെ ചിരകാല ആവശ്യമായിരുന്ന പുതിയ പഞ്ചായത്തു രൂപീകരണം സാധ്യമാക്കിയിരിക്കുന്നു. 70 പുതിയ ഗ്രാമപഞ്ചായത്തുകളും 28 മുനിസിപ്പാലിറ്റികളും 1 കോർപ്പറേഷനും പുതുതായി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു കഴിഞ്ഞു. ഇതിനു നേതൃത്വം നല്കിയ പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ ഇച്ഛാശക്തി ഒന്നുകൊണ്ട് മാത്രമാണ് ഇത്രയുമധികം ഗ്രാമപഞ്ചായത്തുകൾ പുതുതായി രൂപീകരിക്കാൻ കഴിഞ്ഞത്. പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ ഇത്തരം പ്രവർത്തനങ്ങൾ എന്നും പ്രശംസിക്കപ്പെടുകതന്നെ ചെയ്യും.

**തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം 1995 മുതൽ**

| തദ്ദേശസ്ഥാപനം | 1995 | 2000 | 2005 | 2010 | 2015* |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 990 | 991 | 999 | 978 | 1011 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 152 | 152 | 152 | 152 |
| ജില്ലാ പഞ്ചായത്ത് | 14 | 14 | 14 | 14 | 14 |
| മുനിസിപ്പാലിറ്റി | 55 | 53 | 53 | 60 | 88 |
| കോർപ്പറേഷൻ | 3 | 5 | 5 | 5 | 6 |

* (25-1-2015ലെ അസാധാരണ ഗസറ്റ് വിജ്ഞാന പ്രകാരം)

*ശേഷം പേജ് 23-ൽ*



# സഫലമാകുന്നു ജനഹിതം!

## കൂടുതൽ ഗ്രാമപഞ്ചായത്തുകൾ

ഓഡ്രെ ഡിമെല്ലോ



# സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ലൈംഗിക അക്രമങ്ങൾ സംബന്ധിച്ച നിയമ വ്യവസ്ഥകൾ

**ആമുഖം:**

18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് പ്രധാന ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയൊരു നിയമം 2012 നവംബർ 14 ന് പ്രാബല്യത്തിൽ വന്നു. POSCO എന്ന ചുരുക്കപ്പേരിലാണ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട് എന്ന നിയമം അറിയപ്പെടുന്നത്.

ഈ നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ഇവയാണ്:

- ലൈംഗിക ചൂഷണത്തിൽ നിന്ന് കുട്ടികളുടെ സംരക്ഷണം ഉറപ്പ് വരുത്തുക.
- പ്രോത്സാഹിപ്പിച്ചോ ബലപ്രയോഗത്തിലൂടെയോ ഉള്ള ലൈംഗിക പ്രവൃത്തികളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കൽ
- വേശ്യാവൃത്തി, അശ്ലീല ചിത്രങ്ങൾ എന്നിവയ്ക്കായി ചൂഷണം ചെയ്യപ്പെടുന്നതിൽ നിന്ന് കുട്ടികളെ സംരക്ഷിക്കൽ
- ലൈംഗിക അതിക്രമം ഉണ്ടായാൽ കേസന്വേഷണത്തിന്റെ ഓരോ ഘട്ടത്തിലും, അതായത് കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുമ്പോഴും, തെളിവ് ശേഖരണം, അന്വേഷണം, വിചാരണ, എന്നിവയിലെല്ലാം കുട്ടിയുടെ താൽപര്യങ്ങൾ പരിരക്ഷിക്കപ്പെടും.
- സൂക്ഷ്മബോധത്തോടും, വേഗതയാർന്നതുമായ വിചാരണ ഉറപ്പാക്കുന്നതിന് പ്രത്യേക കോടതികൾ രൂപീകരിക്കും.

ലൈംഗിക അതിക്രമത്തിന് വിധേയമാകുന്ന 18 വയസ്സിനു താഴെയുള്ള പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും ലിംഗഭേദം കൂടാതെ തുല്യ പരിരക്ഷ ലഭിക്കാൻ തക്കവിധത്തിലുള്ള മാറ്റമാണ് നിയമത്തിൽ വരുത്തിയിട്ടുള്ളത്. ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ പരിധിയിൽ വരുന്ന ബലാത്സംഗത്തിനും അതീതമായി ലൈംഗിക അതിക്രമത്തിന്റെ നിർവ്വചനം വിപുലീകരിച്ചു. അന്വേഷണത്തിന്റെയും വിചാരണയുടേയും ഘട്ടങ്ങളിൽ കുട്ടിയെ സംരക്ഷിക്കുന്നതിന് നടപടി ക്രമങ്ങളിലെ നിരവധി സുരക്ഷാ മുൻകരുതലുകളും, കുറ്റവാളിക്ക് കടുത്ത ശിക്ഷയും പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.

പക്ഷേ ഈ നിയമഭേദഗതിക്ക് വേണ്ടത്ര മാധ്യമ ശ്രദ്ധ കിട്ടാത്തതു മൂലം കുട്ടികൾക്കെതിരായ പല ലൈംഗിക അതിക്രമ കേസുകളിലും നിലവിലുള്ള ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വ്യവസ്ഥകളാണ് പോലീസ് ഉപയോഗിച്ച് വന്നത്. എന്നാൽ 2013 ജനുവരിയിൽ ഡൽഹിയിൽ ഇരുപത്തിമൂന്നുകാരിയായ പാരാ മെഡിക്കൽ വിദ്യാർത്ഥിനി അതിക്രൂരമായ പീഢനത്തെത്തുടർന്ന് കൊല്ലപ്പെടുകയും, പിന്നീട് ഉണ്ടായ വ്യാപകമായ പ്രതിഷേധങ്ങൾക്കുംശേഷം ഈ അവസ്ഥയ്ക്ക് മാറ്റം വന്നു. ഇന്ത്യയിൽ സ്ത്രീകൾക്കെതിരായ അതിക്രമം തടയാൻ പര്യാപ്തമായ നിയമം നമുക്കുണ്ടോ എന്ന ചോദ്യം അന്താരാഷ്ട്രതലത്തിൽ വരെ ഉയർന്നപ്പോൾ ഇന്ത്യയിലും ഇത് ചർച്ചാവിഷയമായി. ഇതേ തുടർന്ന് ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള പുതിയ ഒരു നിയമം കൊണ്ടു വരുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കാൻഅന്തരിച്ച ജസ്റ്റിസ് ബി.എസ്.വർമ്മയുടെ നേതൃത്വത്തിലുള്ള ഒരു സമിതിക്ക് കേന്ദ്ര ഗവൺമെന്റ് രൂപം നൽകി. ഈ സമിതിയുടെ ശുപാർശ പ്രകാരം ഒരു കരട് ബിൽ പാർലമെന്റിൽ അവതരിപ്പിക്കുകയും അധികം താമസിയാതെ 2013 ഏപ്രിൽ 3 ന് ഭേദഗതി ചെയ്യപ്പെട്ട നിയമം നിലവിൽ വന്നു. ഇന്ത്യൻ ശിക്ഷാ നിയമം, ഇന്ത്യൻ ക്രിമിനൽ നടപടി ചട്ടം, ഇന്ത്യൻ തെളിവ് നിയമം എന്നിവയുടെ ബന്ധപ്പെട്ട വകുപ്പുകളിൽ ആവശ്യമായ ഭേദഗതി വരുത്തിയാണ് പുതിയ നിയമം പാസ്സാക്കിയത്. ഈ ഭേദഗതികളോടെ, ലൈംഗിക അതിക്രമത്തിന്റെ നിർവ്വചനവും, സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകേണ്ട നടപടി ക്രമങ്ങളും ഏറെക്കുറെ ഒരുപോലെയായി.



കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം ആൺ-പെൺ ഭേദമെന്യേ നിഷ്പക്ഷമാണ്. പുതിയ നിയമത്തിൽ ബലാൽസംഗമെന്ന പദം ഉപയോഗിച്ചിട്ടില്ല. അതിനുപകരം, ലൈംഗികാതിക്രമം എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. ഈ നിർവ്വചനത്തിൽ എല്ലാതരത്തിലുമുള്ള ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്നു. ലൈംഗികാതിക്രമത്തിന് ഇരയായിട്ടുള്ള വ്യക്തിക്ക് സാരമായ പരിക്കുണ്ടായാൽ അത് ഗുരുതരമായ കുറ്റകൃത്യമായി കണക്കാക്കുന്നു. കുറ്റകൃത്യങ്ങളെ ഇനം തിരിച്ച് ഇൻഡ്യൻ ശിക്ഷാനിയമത്തിൽ ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പുതിയ നിയമത്തിൽ കുറ്റകൃത്യങ്ങൾ, ജാമ്യമില്ലാത്തതും, വിചാരണ സെഷൻസ് കോടതിയിൽ നടത്തേണ്ടതുമാണ്.

സെക്ഷൻ 354: ബോധപൂർവ്വം കയ്യേറ്റം ചെയ്യുന്നതിനുള്ള അതിക്രമമോ, കുറ്റകൃത്യശ്രമമോ.

ഒരു സ്ത്രീയുടെ വ്യക്തിത്വത്തെ തേജോവധം ചെയ്യുന്നതിനായി അതിക്രമിക്കുകയോ കുറ്റകൃത്യസംഘത്തെ നിയോഗിക്കുകയോ ചെയ്താൽ

**സെക്ഷൻ 354 എ: ലൈംഗിക പീഡനം**

സ്ത്രീയുടെ താൽപര്യത്തിന് വിരുദ്ധമായി ശാരീരിക ബന്ധത്തിന് മുതിരുകയോ ആവശ്യപ്പെടുകയോ ഒരു സ്ത്രീയെ ഹനിക്കുംവിധം അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുകയോ ലൈംഗിക ചുവയുള്ള അഭിപ്രായ പ്രകടനം നടത്തുകയോ ചെയ്താൽ.

**സെക്ഷൻ 354 ബി : ബോധപൂർവ്വമുള്ള അതിക്രമമോ കുറ്റകൃത്യമോ:**

ഒരു വ്യക്തി ഒരു സ്ത്രീയെ ബോധപൂർവ്വം വിവസ്ത്രനാക്കുന്നതിനായി അതിക്രമിക്കുകയോ കുറ്റകൃത്യത്തിന് മുതിരുകയോ ചെയ്താൽ.

**സെക്ഷൻ 354സി: ഒളിഞ്ഞുനോട്ടം**

ഒരു സ്ത്രീയുടെ സ്വകാര്യതകൾ ഒളിഞ്ഞു നോക്കുകയോ ദൃശ്യം പകർത്തുകയോ, പകർത്തിയ ദൃശ്യം പ്രചരിപ്പിക്കുകയോ ചെയ്താൽ

**സെക്ഷൻ 354 ഡി: പിന്തുടരൽ**

ഒരു സ്ത്രീക്ക് ഇഷ്ടമില്ലാത്ത വിധം അവളെ പിന്തുടരുകയോ ബന്ധപ്പെടുകയോ ചെയ്താൽ.

**സെക്ഷൻ 509: ഒരു സ്ത്രീയുടെ ആത്മാഭിമാനത്തെ ഹനിക്കുംവിധമുള്ള വാക്പ്രയോഗമോ അംഗവിക്ഷേപമോ ചെയ്തികളോ:**

ഒരു വ്യക്തി സ്ത്രീകൾക്കുനേരെ മോശം പരാമർശം നടത്തുകയോ, ശബ്ദം പുറപ്പെടുവിക്കുകയാ ആംഗ്യമോ കാണിക്കുകയോ സ്വകാര്യതയെ ഹനിക്കുംവിധമുള്ള പരാമർശം നടത്തുകയോ ഉണ്ടായാൽ.

ഇവയെല്ലാം തന്നെ അത്രക്ക് ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളും പ്രദേശത്തുള്ള മെട്രോ പൊളിറ്റൻ മജിസ്ട്രേറ്റിലോ, ജുഡീഷ്യൽ മജിസ്ട്രേറ്റ് ഫസ്റ്റ് ക്ളാസ്സിലോ വിചാരണ നടത്താവുന്നതുമാണ്. ഇവയിൽ ചിലത് ജാമ്യം ലഭിക്കാവുന്നവയും ചിലത് ജാമ്യം ലഭിക്കാത്തവയുമാണ്.

**സുരക്ഷാ നടപടി ക്രമങ്ങൾ**

പ്രാഥമിക അന്വേഷണ റിപ്പോർട്ട് മുതൽ വിചാരണ തീരുംവരെ ഇരകളെയോ അതിജീവിച്ചവരെയോ സംരക്ഷിക്കുന്നതിന് കുട്ടികൾക്കും സ്ത്രീകൾക്കും എതിരായ ലൈംഗീകാക്രമങ്ങൾക്കെതിരായ നിലവിലുള്ള നിയമത്തിൽ നിരവധി സുരക്ഷാ നടപടികാര്യക്രമങ്ങൾ നിലവിൽ ഉണ്ട്. അവയിൽ ചിലത് താഴെ പറയുന്നു.

**പോലീസ് സ്റ്റേഷനുകളിൽ പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ**

പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഇരകൾ പൊലീസ് സ്റ്റേഷനുകളിൽ വരണമെന്നില്ല. പരാതിക്കാരന്റെ ബന്ധുക്കൾക്കോ, സുഹൃത്തിനോ പ്രാഥമിക വിവരങ്ങൾ പോലീസിന് നൽകാവുന്നതാണ്. പ്രാഥമിക അന്വേഷണ റിപ്പോർട്ട് എഴുതി പകർത്തപ്പെടുകയും പരാതിക്കാരന് വായിച്ചു കേൾപ്പിക്കുകയും ഒരു കോപ്പി സൗജന്യമായി പരാതിക്കാരന് നൽകേണ്ടതുമാണ്.

പ്രാഥമികാന്വേഷണ റിപ്പോർട്ട് പകർത്തപ്പെടുന്നതിലുണ്ടാകുന്ന വീഴ്ച ബോധപൂർവ്വമായ കുറ്റകൃത്യമാണ്.

**ഇരകളുടെ മൊഴി പകർത്തപ്പെടുമ്പോൾ**

പ്രാഥമികാന്വേഷണ റിപ്പോർട്ട് സമർപ്പിച്ചാൽ കുറ്റകൃത്യവുമായി ബന്ധപ്പെട്ടുള്ള വിശദമായ മൊഴി പൊലിസ് ഇരയിൽ നിന്നുംഎടുക്കപ്പെടേണ്ടതാണ്. ലളിതമായ ഭാഷയിലാണ് ഇവ പകർത്തി എഴുതേണ്ടത്. ഇരകളുടെ വ്യക്തിവിവരങ്ങൾ മാധ്യമങ്ങൾക്കോ, പൊതുജനങ്ങൾക്കോ പൊലീസ് കൈമാറരുത്. പൊലീസ് സ്റ്റേഷനുകളിൽ സ്ത്രീകളെയോ കുട്ടികളെയോ രാത്രി മുഴുവൻ തങ്ങാൻ അനുവദിക്കരുത്.

ഇരകൾക്ക് പരിഭാഷകൻ ആവശ്യമാണെങ്കിൽ അതിനുള്ള സൗകര്യം ചെയ്തു കൊടുക്കണം.

വിവരം ലഭിച്ച് 24 മണിക്കൂറിനകം ഇരകളെ അടുത്തുള്ള ആശുപത്രികളിൽ വൈദ്യ പരിശോധനയ്ക്കും പരിചരണത്തിനുമായി എത്തിക്കേണ്ടതാണ്.

ഇരകൾക്ക് എന്തെങ്കിലും പ്രത്യേക ആവശ്യങ്ങൾ ഉണ്ടെങ്കിൽ അത് നിറവേറ്റണ്ടതാണ്.

**ഇരകൾ കുട്ടികളാണെങ്കിൽ**

- കുട്ടികൾ താമസിക്കുന്ന സ്ഥലത്തോ, അവർക്ക് സുരക്ഷിതം എന്ന് തോന്നുന്ന സ്ഥലത്തുനിന്നോ തന്നെ ആകണം മൊഴി രേഖപ്പെടുത്തേണ്ടത്.
- സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനാകണം മൊഴി രേഖപ്പെടുത്തേണ്ടത്. വനിതാ ഉദ്യോഗസ്ഥയാണ് അഭികാമ്യം.
- പൊലീസ് ഉദ്യോഗസ്ഥർ യൂണിഫോമിലായിരിക്കണമെന്നില്ല.
- കുട്ടികൾ കുറ്റകൃത്യം ചെയ്തവരുമായി ഏതെങ്കിലും വിധത്തിൽ തമ്മിൽ കാണുന്ന സാഹചര്യം ഉണ്ടാകരുത്.
- കുട്ടികൾക്ക് വിശ്വസ്തനായ ഒരാളുടെ സാന്നിധ്യം നല്ലതാണ്.
- മാനസികമോ ശാരീരികമോ (താൽക്കാലികമോ സ്ഥിരമോ) ആയി അംഗപരിമിതരായ കുട്ടിക്ക് ഒരു പ്രത്യേക അധ്യാപകന്റെയോ വിദഗ്ദ്ധന്റെയോ സേവനം ഏർപ്പെടുത്തേണ്ടതാണ്.
- സാധ്യമാവുമെങ്കിൽ കുട്ടിയുടെ മൊഴി ഓഡിയോ, വീഡിയോ ഉപകരണങ്ങളിൽ റെക്കോർഡ് ചെയ്യേണ്ടതാണ്.

- ആവശ്യമെങ്കിൽ കുട്ടിയെ അടുത്തുള്ള ഷെൽട്ടർ ഹോമിലേക്ക് മാറ്റാനും ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കു മുമ്പാകെ ഹാജരാക്കാനും പൊലീസ് ശ്രദ്ധിക്കണം.
- കുട്ടികൾക്കെതിരായ ലൈംഗികാതിക്രമകേസുകൾ പൊലീസ് 24 മണിക്കൂറിനകം ചൈൽഡ് വെൽഫെയർ കമ്മിറ്റിയെയോ പ്രത്യേക കോടതിയെയോ അറിയിക്കേണ്ടതാണ്.
- മെഡിക്കൽ, ഫോറൻസിക് പരിശോധനയുടെയും വൈദ്യ പരിശോധനയുടെയും സമയത്ത് അതിക്രമത്തിന് ഇരയായ വ്യക്തിക്ക് വിശ്വാസമുള്ള ഒരാളെ കൂടെ നിർത്താവുന്നതാണ്.
- ഇര വനിതയാണെങ്കിൽ വനിതാ ഡോക്ടർ വേണം പരിശോധന നടത്താൻ. ഹോസ്പിറ്റലിൽ നിന്ന് ശേഖരിച്ച സാമ്പിളുകൾ എത്രയും പെട്ടെന്ന് ഫോറൻസിക് ലബോറട്ടറിയിലേക്ക് അയക്കാൻ പൊലീസ് ശ്രദ്ധിക്കണം.
- കുട്ടികളുടെ ശരീരത്തിലെ മുറിവുകൾ, ചതവുകൾ, ശരീരത്തിലും ജനനേന്ദ്രിയത്തിലുമുള്ള പരുക്കുകൾ, ലൈംഗിക രോഗങ്ങൾ, എച്ച്.ഐ.വി. എന്നിവക്കുള്ള സാധ്യത എന്നിവയെല്ലാം ഡോക്ടർ പരിശോധിക്കേണ്ടതാണ്. ഗർഭധാരണ സാധ്യതയെക്കുറിച്ചും അടിയന്തര ഗർഭനിരോധന മാർഗങ്ങളെക്കുറിച്ചും ഡോക്ടർ കുട്ടിയോടോ കുട്ടിക്ക് വിശ്വാസമുള്ള ആളുമായോ സംസാരിക്കണം പീഡനത്തിനിരയാക്കപ്പെട്ടവരെ മാനസിക, മനശ്ശാസ്ത്ര കൗൺസിലിങിന് ആവശ്യമുണ്ടെങ്കിൽ നിർദ്ദേശിക്കാവുന്നതാണ്.
- പീഡനത്തിനിരയാവുന്ന വ്യക്തിക്ക് ആശുപത്രികൾ ചികിത്സ നിഷേധിക്കുന്നത് ക്രിമിനൽ നടപടിക്രമം 166 ബി അനുസരിച്ച് ഒരു വർഷം വരെ തടവോ, പിഴയോ, രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റമാണ്.
- കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നിർദ്ദേശിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളനുസരിച്ച് വേണം ഫോറൻസിക് പരിശോധന പൂർത്തിയാക്കാൻ.

**പീഡനത്തിന്റെ മാനസിക ശാരീരിക ആഘാതങ്ങളിൽ നിന്ന് ഇരകളെ മോചിപ്പിക്കാനും സാമ്പത്തിക സഹായം നൽകാനുമുള്ള പദ്ധതി**

ഇരകൾക്ക് നഷ്ടപരിഹാരമോ, സാമ്പത്തിക സഹായമോ നൽകാനുള്ള പദ്ധതികൾ വിവിധ സംസ്ഥാനങ്ങളിൽ നിലവിലുണ്ട്.

മഹാരാഷ്ട്ര ഗവൺമെന്റ് നടപ്പിലാക്കിയ 'മനോധൈര്യ' പദ്ധതി ബലാൽസംഗം, ആസിഡ് ആക്രമണം എന്നിവക്ക് ഇരകളാവുന്നവർക്ക് എഫ്.ഐ.ആർ സമർപ്പിച്ച് ആഴ്ചകൾക്കകം നഷ്ടപരിഹാരം നൽകാനുദ്ദേശിച്ചുള്ളതാണ്. ഈ പദ്ധതിയനുസരിച്ച് വിചാരണ സമയത്ത് ഇരകൾക്ക് നിയമ സഹായവും ലഭ്യമാകും.

വിചാരണക്കായി പ്രത്യേക ശിശു സൗഹൃദ കോടതികൾ സ്ഥാപിക്കാൻ പോസ്കോ (POSCO)ആക്ട് നിർദ്ദേശിക്കുന്നു. വനിതകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമ കേസുകൾ കൈകാര്യം ചെയ്യാൻ മിക്ക സംസ്ഥാനങ്ങളും പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്.

ലൈംഗികാതിക്രമക്കേസുകളുടെ വിചാരണ കാമറയിൽ പകർത്തും. വിചാരണ സമയം ഇരകൾക്ക് കോടതിക്കകത്ത് ഒരു സഹായിയെ കൂടെ നിർത്താവുന്നതാണ്. ഇരയുടെ മുൻകാല ലൈംഗിക ചരിത്രമോ അരോചകമായ ചോദ്യങ്ങളോ ക്രോസ് വിസ്താരത്തിനിടെ ഉന്നയിക്കരുത്. ഇരയായ കുട്ടിക്ക് 7 വയസ്സിൽ താഴെയാണ് പ്രായമെങ്കിൽ നേരിട്ടുള്ള ക്രോസ് വിസ്താരം അനുവദനീയമല്ല. അഭിഭാഷകൻ ചോദ്യങ്ങൾ എഴുതി ജഡ്ജിക്ക് കൈമാറണം. ജഡ്ജി അത് കുട്ടിക്ക് വിശദീകരിച്ചു കൊടുക്കണം.

**ഉപസംഹാരം**

- നിയമാനുസൃതമായ രീതിയിൽ കാര്യങ്ങൾ നടന്നാൽ അന്വേഷണവും വിചാരണയും ഇരക്ക് പീഡനാനുഭവമാകില്ല. ഇരയുടെ ആത്മാഭിമാനം സംരക്ഷിക്കാനും കുറ്റം തെളിയിക്കാനും ഇത് പ്രയോജനപ്പെടും. ◆

*(* മജ്‌ലിസ് ലീഗൽ സെന്ററിന്റെ പ്രോഗ്രാം ഡയറക്ടറാണ് ഓഡ്രെ ഡിമെല്ലോ. മഹാരാഷ്ട്രയിൽ ഗാർഹിക, ലൈംഗിക അതിക്രമത്തിനിരയാവുന്നവർക്ക് സാമൂഹിക, നിയമ പിന്തുണ നൽകുന്ന കേന്ദ്രമാണ് മജ്‌ലിസ് ലീഗൽ സെന്റർ)*



ടി. ഷാഹുൽ ഹമീദ്

# ജനാധിപത്യത്തിന്റെ കുടുംബശ്രീ പെരുമ



ദാരിദ്ര്യത്തിന്റെ പ്രകടമായ മുഖങ്ങൾ നിശ്ചയ ദാർഢ്യത്തോടെയും സാമൂഹിക ഉത്തരവാദിത്വത്തോടെയും ഇല്ലാതാക്കുന്നതിന് കഴിഞ്ഞ 16 വർഷക്കാലം കേരളീയ സമൂഹത്തിന്റെ പിന്തുണയോടെ വിവിധ സർക്കാരുകളുടെ നിർലോഭമായ സഹായ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുഗ്രഹാശിസ്സുകളോടെ കുടുംബശ്രീ നടത്തിയ പ്രവർത്തനങ്ങൾ ചരിത്രമാണ്. കേരളത്തിലെ സ്ത്രീകൾക്ക് ആത്മാഭിമാനത്തിന്റെ നിറച്ചാർത്ത് നൽകി വിജയകരമായി പ്രവർത്തിക്കുന്ന കുടുംബശ്രീ അടുത്ത 3 വർഷത്തെക്കുള്ള കർമ്മ സാരഥികളെ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുത്ത് ഇന്ത്യാമഹാരാജ്യം പരമോന്നത റിപ്പബ്ലിക്കായതിന്റെ സുദിനമായ 2015 ജനുവരി 26-ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റിരിക്കുകയാണ്.

ഇന്ത്യയിലെ ജനാധിപത്യ സംവിധാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട വേദികളായ ലോകസഭയിലും രാജ്യസഭയിലും മതിയായ സ്ത്രീ പ്രാതിനിധ്യം ഉണ്ടായിട്ടില്ല എന്ന സമകാലിക യാഥാർത്ഥ്യത്തിൽ നിന്നാണ് കുടുംബശ്രീ സ്ത്രീകളെ ജനാധിപത്യ രീതിയിൽ സംഘടിപ്പിച്ച് നേതൃത്വപദവിയിലേയ്ക്ക് കൊണ്ടുവരുവാനും മൂല്യങ്ങൾ മുറുകെപിടിച്ച് മുന്നേറുവാനും ശ്രമിക്കുന്നത് ലോകസഭയിൽ 543 അംഗങ്ങളിൽ വെറും 61 പേർ മാത്രമാണ് വനിതകളായിട്ടുള്ളത്, കഴിഞ്ഞ 15 ലോകസഭയിലെ 59 പേരിൽ നിന്നും വെറും 3 അംഗങ്ങളുടെ വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. രാജ്യസഭയിലെ 240 അംഗങ്ങളിൽ 24 പേർ മാത്രമാണ് വനിതകളായിട്ടുള്ളത്. കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ 65.63% സ്ത്രീകൾ വോട്ട് ചെയ്തിട്ടും സ്ത്രീ പ്രാതിനിധ്യം തുലോം കുറഞ്ഞ് വന്നത് ഗൗരവ്വപൂർവ്വമായി കാണേണ്ടതായിട്ടുണ്ട്. ഇന്ത്യയിലെ 6 സംസ്ഥാനങ്ങളിൽ നിന്ന് ഒരു വനിതാ അംഗം പോലും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജയിച്ചു വന്നിട്ടില്ല എന്നത് ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കണം. ഇവിടെയാണ് കേരളത്തിൽ 41.50 സ്ത്രീകൾ തെരഞ്ഞെടുപ്പു പ്രക്രിയയിൽ പങ്കെടുത്ത് 14,44,238 വനിതാ നേതാക്കന്മാരെ തിരഞ്ഞെടുത്ത പ്രക്രിയ രാജ്യത്തിന് തന്നെ മാതൃകയാണ്.

ഇന്ത്യയിയിലെ 29 സംസ്ഥാ

നങ്ങളിൽ കേരളം അടക്കം 16 സംസ്ഥാനങ്ങളിൽ സ്ത്രീ വോട്ടർമാരാണ് കൂടുതൽ. ആകെ ഇന്ത്യയിലെ ജനപ്രതിനിധികളിൽ 10.97% മാത്രമാണ് സ്ത്രീ പ്രാതിനിധ്യം ഉള്ളത് 73.74 ഭരണ ഘടന ഭേദഗതിയോടെ പഞ്ചായത്ത് രാജ് സംവിധാനത്തിൽ 33% സംവരണ സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട് എങ്കിലും പാർലമെന്റിലും നിയമസഭകളിലും 33% പ്രതിനിധ്യത്തിന് വേണ്ടിയുള്ള 108 ഭരണഘടന ഭേദഗതി ഇനിയും എങ്ങുമെത്താത്ത നിലയിൽ നിൽക്കുമ്പോഴാണ് സ്ത്രീകൾക്ക് നേതൃത്വ പദവി സമ്മാനിച്ചുകൊണ്ട് ഏറ്റവും താഴെതട്ടിലുള്ള അയൽക്കൂട്ടങ്ങൾ മുതൽ കുടുംബശ്രീയുടെ മധ്യതലമായ എഡിഎസ്സുകളിലും, ഏറ്റവും ഉയർന്ന ബോഡിയായ സിഡിഎസ്സിലും ഇലക്ഷൻ നടത്തി സ്ത്രീകൾ സ്വയം നേതാക്കാന്മാരെ തിരഞ്ഞെടുത്ത് മാതൃക കാണിച്ചിട്ടുള്ളത്.

**കുടുംബശ്രീ തെരഞ്ഞെടുപ്പ് ലളിതവും ബൃഹത്തുമാണ്. സ്ത്രീകൾക്ക് മാത്രം പങ്കാളിത്തമുള്ളതും സൗഹൃദത്തിന്റെയും സഹവർത്തിത്വത്തിന്റെയും സമന്വയഭാവമാണ് കുടുംബശ്രീ തെരഞ്ഞെടുപ്പ്. അർഹരായവരെ കൈപിടിച്ച് കൊണ്ടുവരിക, പിന്നാമ്പുറത്തുള്ളവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക, ആരും ശ്രദ്ധിക്കാത്തവരെ സമൂഹത്തിന്റെ മുമ്പിലേയ്ക്ക് കൈപിടിച്ച് ഉയർത്തുക, ഐക്യത്തിന്റെ ഉണർത്തുപാട്ട് പാടാനും അതിന് നേതൃത്വം വഹിക്കാനും സ്വയം മുന്നോട്ടു വരുന്നവരെ ഇരുകൈയ്യും നീട്ടി സ്വീകരിക്കുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം.**

കുടുംബശ്രീ തെരഞ്ഞെടുപ്പ് ലളിതവും ബൃഹത്തുമാണ്. സ്ത്രീകൾക്ക് മാത്രം പങ്കാളിത്തമുള്ളതും സൗഹൃദത്തിന്റെയും സഹവർത്തിത്വത്തിന്റെയും സമന്വയഭാവമാണ് കുടുംബശ്രീ തെരഞ്ഞെടുപ്പ്. അർഹരായവരെ കൈപിടിച്ച് കൊണ്ടുവരിക, പിന്നാമ്പുറത്തുള്ളവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക, ആരും ശ്രദ്ധിക്കാത്തവരെ സമൂഹത്തിന്റെ മുമ്പിലേയ്ക്ക് കൈപിടിച്ച് ഉയർത്തുക, ഐക്യത്തിന്റെ ഉണർത്തുപാട്ട് പാടാനും അതിന് നേതൃത്വം വഹിക്കാനും സ്വയം മുന്നോട്ടു വരുന്നവരെ ഇരുകൈയ്യും നീട്ടി സ്വീകരിക്കുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം.

റിപ്പബ്ലിക്ക് ദിനത്തിൽ കുടുംബശ്രീയിൽ നവനേതൃത്വം അധികാരമേൽക്കുമ്പോൾ 3 വർഷ കാലയളവ് മാത്രമാണ് പ്രവർത്തന സമയമായിട്ടുള്ളത്. വിശ്രമരഹിതമായ പ്രവർത്തനവും ആത്മസമർപ്പണ മനോഭാവവും കുടുംബശ്രീ നേതൃത്വ പദവിയിൽ ഉള്ളവർക്ക് ഉണ്ടാക്കണം, നേടിയെടുത്ത നേട്ടങ്ങൾ, ഉണ്ടാക്കിയ മാതൃകകൾ, വെട്ടിത്തെളിച്ച പാതകൾ, സംയോജന സാധ്യതകൾ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കി കുടുംബശ്രീ കെട്ടിപ്പടുത്ത ശ്രദ്ധേയമായ അടയാളപ്പെടുത്തലുകൾ പിന്തുടരേണ്ടതായിട്ടുണ്ട്. പൂർവ്വസൂരികളായ അനേകായിരം സാധാരണ സ്ത്രീകളുടെ കണ്ണീരിൽക്കുതിർന്ന ജീവിതങ്ങൾക്ക് കുടുംബശ്രീ നൽകിയ സ്നേഹോജ്ജ്വലമായ പുനർജന്മങ്ങൾ കുടുംബശ്രീയുടെ സമുജ്ജ്വലമായ നേട്ടങ്ങളാണ്. സർവ്വവ്യാപിയായി വ്യത്യസ്ത മേഖലയിൽ പ്രവർത്തിക്കുന്ന പ്രവർത്തന കുതുകികളായ അനേകായിരം സ്ത്രീകൾ കുടുംബശ്രീയുടെ പ്രത്യേകതയാണ്. കുടുംബശ്രീയുടെ വ്യത്യസ്തങ്ങളായ ചവിട്ടുപടികളിൽ നടന്ന് കയറാൻ ശ്രമിക്കേണ്ടതായിട്ടുണ്ട്. പ്രവർത്തന മികവിലും വിഭിന്നങ്ങളായ കർമ്മ വീഥികളായ, ആരോരുമില്ലാത്തവരും ഒന്ന് ഉറക്കെ കരയാൻ പോലും കഴിയാത്തവരുടെ സംരക്ഷണം, ശാരീരിക മാനസിക വൈകല്യങ്ങളും പ്രത്യേക കഴിവുകളുള്ളവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള ബഡ്സ് സ്കൂളിന്റെയും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെയും നടത്തിപ്പ്, അർഹരായവരെ കണ്ടെത്തി തദ്ദേശസ്വയംഭരണ






സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധങ്ങളായ ജീവിതോപാധി മാർഷങ്ങൾ ഏറ്റെടുക്കൽ, സാമൂഹ്യസംഘടനാ സംവിധാനത്തെ സുദൃഢപ്പെടുത്തി സകല അതിക്രമങ്ങളിൽ നിന്നും കുട്ടികളെയും സ്ത്രീകളെയും രക്ഷപ്പെടുത്താനും പൊതുഇടങ്ങളിൽ പുരുഷന്മാരോടൊപ്പം തൊഴിലിടങ്ങളിൽ പ്രവർത്തിക്കുവാനും നഷ്ടപ്പെട്ടു പോകുന്ന കാർഷിക സംസ്കൃതയിലേയ്ക്ക് സ്ത്രീകളെ ആകർഷിക്കുവാനും ഭരണഘടനാ സംവിധാനങ്ങളോട് കൂറും മമതയും പുലർത്തി ഗ്രാമസഭകളിൽ പങ്കാളിത്തം ഉണ്ടാക്കിയത് തുടരുവാനും 1070 സിഡിഎസ് പേഴ്സൺമാരും 19894 എഡിഎസ് ഭാരവാഹികളും 260568 അയൽക്കൂട്ട ഭാരവാഹികളും പ്രതിജ്ഞ ചെയ്തിരിക്കുന്നു.

കുടുംബശ്രീയുടെ ചരിത്രത്തിൽ ഏറെ പ്രാധാന്യവും സവിശേഷതയുള്ള 2015 ജനുവരി 26-ന് അധികാരമേറ്റ മുഴുവൻ കുടുംബശ്രീ ത്രിതല സംഘടനാ ഭാരവാഹികളും 41.5 ലക്ഷം സ്ത്രീകളെ പ്രതിനിധാനം ചെയ്താണ് പ്രവർത്തിക്കേണ്ടതെന്ന ഓർമ്മപ്പെടുത്തലുകൾ ഓരോ ഭാരവാഹികൾക്കും ഉണ്ടാകേണ്ടതാണ്. സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്നതിൽ കുടുംബശ്രീയ്ക്ക് അദ്വതീയ സ്ഥാനമാണുള്ളത്. അയൽക്കൂട്ടങ്ങളിൽ ബാഹ്യശക്തികളില്ലാതെ അവരുടെ നേതൃനിരയെ തെരഞ്ഞെടുത്ത രീതി തികച്ചും അനുകരണീയമാണ്. അല്ലലില്ലാതെ, സ്വയം നേതൃത്വവാഹകരായി കുടുംബശ്രീ സംവിധാനത്തിൽ ഓരോ അംഗങ്ങളുടെയും സേവനങ്ങളും പ്രവർത്തനങ്ങളും വിലമതിക്കാനാവാത്തതാണ്. സാമൂഹ്യനീതയും അധികാരവികേന്ദ്രീകരണവും കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കേണ്ടതായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള കുടുംബശ്രീയുടെ ബന്ധം രാജ്യത്തിന് തന്നെ മാതൃകയാണ്. ഒരിക്കലും വറ്റാത്ത അക്ഷയ ഖനിപോലെ എല്ലാ സ്ത്രീകൾക്കും പങ്കാളിത്തമുള്ള, നേതൃത്വമുള്ള സമഭാവനയോടെ പ്രവർത്തിക്കാൻ സാധിക്കുന്ന കുടുംബശ്രീയെ വിജയത്തിന്റെ മുന്നേറ്റത്തിന്റെ വഴിയിൽ എത്തിക്കുവാനും തളരാതെ ഐക്യപ്പെട്ടുകൊണ്ടുപോകുവാനും ഓരോരുത്തർക്കും സാധിക്കട്ടെ.

വീറിനും വാശിക്കും അപ്പുറത്ത് നഷ്ടപ്പെട്ട് പോകുന്ന അയൽപ്പക്ക സൗഹൃദം ഊട്ടിയുറപ്പിക്കുന്നതിന് മൂന്നു വർഷം കൂടുമ്പോൾ അയൽക്കൂട്ടങ്ങളിൽ നിന്ന് 5 ഭാരവാഹികളെയും ഒരു വാർഡിലെ എല്ലാ അയൽക്കൂട്ടങ്ങളിലെയും 5 ഭാരവാഹികൾ ചേർന്ന് എഡിഎസിലെ 7 അംഗ ഭരണസമിതിയെയും അതിൽ നിന്ന് 3 ഭാരവാഹികളെയും തുടർന്ന് എല്ലാ വാർഡുകൾക്കും പ്രാതിനിധ്യമുള്ള സിഡിഎസ് ഭരണസമിതിയിൽ നിന്ന് സിഡിഎസ് ചെയർപേഴ്സൺ, വൈസ്ചെയർപേഴ്സൺ എന്നിവരെയും തെരഞ്ഞെടുക്കുന്ന പ്രവർത്തനം പങ്കാളിത്ത ജനാധിപത്യത്തിന്റെ മകുടോദാഹരണമാണ്.

ദാരിദ്ര്യ നിർമ്മാണ ഏജൻസിയായ കുടുംബശ്രീ ദരിദ്രവിഭാഗത്തിലെ സ്ത്രീകളെ നേതൃപദവിയിലേക്ക് കൊണ്ടുവരുന്നതിനും വിവിധ സ്ഥാനങ്ങൾ അവർക്ക് മാത്രമായി നീക്കിവയ്ക്കുകയും ചെയ്തിട്ടാണ് സംഘടനാ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചത്. അയൽക്കൂട്ടത്തിലെ പ്രസിഡന്റ്/സെക്രട്ടറി എന്നിവരിൽ ഒരാളും, എഡിഎസ് ഭരണസമിതിയെ 7 അംഗങ്ങളിൽ 50% അതായത് 4 പേരും, എഡിഎസ് ഭാരവാഹികളിൽ ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരിൽ ഒരാളും സിഡിഎസ് ഭരണസമിതിയിൽ 50% വും സിഡിഎസ് ചെയർപേഴ്സൺ, വൈസ്ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങളിൽ ഒരാൾ നിർബന്ധമായും ദരിദ്ര വിഭാഗത്തിൽ ഉള്ളവരാകണം എന്ന നിബന്ധന കുടുംബശ്രീയുടെ സാമൂഹ്യപ്രതി

*ശേഷം പേജ് 32-ൽ*



ടി.സി. സുനിൽ ദത്ത്

# നാട്ടരങ്ങിന്റെ താരാട്ട്

നാടൻ കലകളെ സൃഷ്ടിക്കുന്നത് ഓരോ പ്രദേശത്തുമുള്ള സർഗ്ഗാത്മക കളിക്കളങ്ങളാണ്. ആ കളിക്കളങ്ങളെ സൃഷ്ടിക്കുന്നതാകട്ടെ അതത് പ്രദേശത്തെ കാർഷിക ജീവിതമാണ്. കൈവേലകളായും ആചാരങ്ങളായും നാട്ടറിവുകളായും രൂപപ്പെടുന്ന നാടോടി സർഗ്ഗാത്മകതകൾ നൈസർഗ്ഗികമായ പ്രകൃതിയേയും ഋതുക്കളേയും കൂട്ടുപിടിച്ച് ചുവടുവെച്ച് ചുവടിളക്കിയും കാഴ്ചപ്പൊലിമയായി മാറുകയാണ് ചെയ്യുന്നത്. ഇങ്ങനെയുണ്ടാകുന്ന കലാവിശേഷങ്ങളേയും അനുഭവത്തെയുമാണ് എവിടേയും നാടൻകലകൾ എന്നു പറയുന്നത്. ഭൂമുഖത്ത് മനുഷ്യർ അധിവസിക്കുന്ന ഏത് പ്രദേശത്തും അതത് ജനതതിയുടെ സ്വന്തമായുള്ള നാടൻ കലകൾ ഉണ്ടാകും. അതിന്റെ തൊഴിൽ ബന്ധം വച്ചുകൊണ്ടാണ് അതിനെ ഫോക്‌ലോർ (Folklore) എന്ന് പറഞ്ഞുവരുന്നത്.

നാടൻകലകളുടെ തുമ്പോ തുരുമ്പോ കണ്ടിട്ട് അതെല്ലാമാണ് നാടൻ കലകളെന്ന് ധരിക്കുന്നവരുണ്ട്. ഫോക്‌ലോർ കലകൾ അഥവാ നാടൻ കലകൾ പലതും പലരും കരുതും പോലെ കേവലം ഒരു പൈതൃക മ്യൂസിയമല്ല. പൈതൃക മ്യൂസിയം എന്ന കാഴ്ചപ്പാടിന് ഇംഗ്ലീഷിൽ ഹെറിറ്റേജ് സെന്റർ എന്ന അർത്ഥം നൽകാനേ കഴിയൂ. പാരമ്പര്യനാടൻ കലകളുടെ ഏതാനും സൂചനകൾ ഇത്തരം കാഴ്ചകളിലൂടെ ലഭിച്ചെന്ന് വരാം. ഒരു ജീവിയെ കണ്ടറിയുന്നതിന് പകരം ജീവികളുടെ അസ്ഥികൂടമോ അതല്ലെങ്കിൽ അതിന്റെ സ്റ്റഫ് ചെയ്യപ്പെട്ട രൂപമോ കാണുന്നതിൽ നിന്ന് കിട്ടുന്ന അനുഭവമേ അത്തരം കാഴ്ചപ്പാടിൽ നിന്ന് ലഭിക്കുകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ പച്ചയായ തൊഴിൽ-കാർഷിക ജീവിതത്തിൽ നിന്ന് പകർത്തിയും പുലർത്തിയും അനുഭവിച്ചറിയേണ്ടതായ സംസ്കൃതിയാണ് നാടൻകലകളെ സൃഷ്ടിക്കുന്നത്.

നാടൻ കലകൾ എല്ലാംതന്നെ ജൈവസംസ്കൃതിയുമായാണ് പൂർണ്ണമായും ബന്ധപ്പെട്ടിരിക്കുന്നത്. ജൈവസംസ്കൃതിയിൽ അങ്ങേയറ്റം സമ്പന്നമായിരുന്ന നമ്മുടെ മലനാടിന്റെ സിദ്ധികളായ വരവിളിയും കൊപ്പൊലികളും ചേർന്ന് ഊടുംപാവും നെയ്തെടുത്തവയാണ് കേരളീയ നാടൻകലകൾ. നമ്മുക്കെന്നല്ല ആർക്കും ചൈതന്യധന്യമായ ജീവിതം കൊണ്ടുമാത്രമേ അതിന്റെ പൊരുൾ പഠിക്കാനാവൂ.ചലനാത്മകമായ ജീവിതം കൊണ്ടേ അസ്വാദിക്കാനുമാകൂ. അല്ലാതെ കേവലം പുസ്തകങ്ങളിലോ, ടെലിവിഷൻ-റേഡിയോ മാധ്യമങ്ങളിലോ, സ്റ്റേജുകളിലോ തീയേറ്ററുകളിലോ നിന്നുള്ള ആസ്വാദനമൊരിക്കലും പൂർണ്ണമായ ഒന്നായിരിക്കില്ല.

ക്ഷേത്രങ്ങൾ, കാവുകൾ, കൃഷിയിടങ്ങൾ, പണിശാലകൾ, കായൽക്കരകൾ, നദീത്തടങ്ങൾ തുടങ്ങിയവയുടെ പരിസരവും ഋതുക്കളും സ്വാഭാവികമായി നമ്മുക്ക് അനുവദിച്ചു തരുന്ന നാട്ടരങ്ങുകളിൽ നാടൻകലകൾക്ക് താനേ ജീവൻ വെയ്ക്കും. ഇപ്പറഞ്ഞവയൊക്കെയാണ് നാടൻകലകളുടെ ജൈവ അരങ്ങുകൾ. നാടൻകലകളുടെ ആചാര്യന്മാർ കാവാലം നാരായണപ്പണിക്കർ പറയാറുള്ളതു പോലെ അവിടെയാണ് യഥാർത്ഥ ആർട്ടിക്കുലേഷൻ (Articulation) നടക്കുന്നത്. അത്തരം നാട്ടരങ്ങിന്റെ അനുഭൂതിവിശേഷം ഒരു തീയേറ്ററിനും സൃഷ്ടിക്കാനാവില്ല. അതിൽ കാട്ടുസംസ്കൃതിയുണ്ട്, കാവ്സംസ്കൃതിയുണ്ട്,



വയൽ സംസ്കൃതിയുണ്ട്. അതിനെല്ലാമുപരിയായി ഒരു തൊഴിൽ സംസ്കൃതിയുമുണ്ട്. നാട്ടുഭാഷ, പ്രകൃതിജ്ഞാനം, താളബോധം, മനസ്സറിഞ്ഞ പങ്കാളിത്തം, ദൃശ്യഭംഗി ഇവയൊക്കെ ഈ സംസ്കൃതിയുമായി ബന്ധം സ്ഥാപിക്കുമ്പോൾ യഥാർത്ഥ ഫോക്ക്ലോർ കലകൾ തോടുപൊട്ടിച്ച് പുറത്തുചാടും. പെട്ടെന്ന് വികാസം പ്രാപിച്ച് അരങ്ങിൽ വന്നാടും. അതേ അരങ്ങിൽ അപ്പോഴേയ്ക്കും ഐതിഹ്യങ്ങളും പുരാണോതിഹാസങ്ങളും മിത്തുകളും ഒപ്പം വന്ന് നർത്തനമാടും. അങ്ങനെ വിസ്മയങ്ങളുടെ തേരോട്ടം നടക്കും.

ഈ ചെറുലേഖനത്തിൽ നാടൻ കലകളിൽ ഒരെണ്ണത്തെപ്പോലും വ്യക്തമായി പരിചയപ്പെടുത്തുക അസാധ്യമാണ്. കേവലം പേരുകൾ പരാമർശിക്കാമെന്ന് കരുതിയാലും ബുദ്ധിമുട്ടാകും. അതിനാൽ അതിന് മുതിരുന്നുമില്ല. ഉദാഹരണത്തിന് നാടോടി നാടകങ്ങൾ തന്നെ പലവിധമുണ്ട്. കാക്കാരിശ്ശിനാടകം, പൊറാട്ട് നാടകം എന്ന രണ്ട് വിഭാഗങ്ങളെക്കുറിച്ച് ഇന്നത്തെ തലമുറയ്ക്ക് കുറച്ചെങ്കിലും പരിചയമുണ്ടെന്നറിയാം. ഇതിൽ കാക്കാരിശ്ശി തിരുവിതാംകൂർ മേഖലയുടേതും, പൊറാട്ട് മലബാർ മേഖലയുടേതുമാണ്. ഉത്തരകേരളത്തിൽ തെക്കുള്ളതിനേക്കാൾ കൂടുതൽ സംരക്ഷണം നാടൻ കലകൾക്കുള്ളത് സമ്മതിച്ചേ മതിയാകൂ. അതുകൊണ്ടു തന്നെ മലയപൊറാട്ട്, കണിയപൊറാട്ട്, വാണിയൻ പൊറാട്ട്, മാപ്പിള പൊറാട്ട്, ചാലിയ പൊറാട്ട്, കണിഗൽ പൊറാട്ട് തുടങ്ങിയ പൊറാട്ടുനാടകങ്ങൾ പലതും അവിടെയിന്നും നിലനിൽക്കുന്നതായി അറിയുന്നു.

ഭദ്രകാളി പ്രീതി വിഷയമാക്കിയിട്ടുള്ള ധാരാളം കലാരൂപങ്ങൾ നമ്മുക്കിന്നും സജീവസമ്പത്തായി നിലനിൽക്കുന്നുണ്ട്. കാളിയൂട്ടും, പടയണിയും, മുടിയേറ്റും, തിറയാടലും പ്രാദേശിക വ്യത്യാസങ്ങളോടെയാണെങ്കിൽ പോലും നല്ല പ്രാധാന്യത്തോടെ ഇന്നും നിലനിൽക്കുന്നു. ക്ഷേത്രങ്ങളോടും കാവുകളോടും ബന്ധപ്പെട്ടുകിടക്കുന്നുവെന്ന ഒറ്റക്കാരണം കൊണ്ടാണ് ഈ നിലനിൽപ്പ് ഭദ്രമായിട്ടുള്ളതെന്ന സത്യം പ്രത്യേകം മനസ്സിലാക്കേണ്ടതുമാണ്.

ഇപ്പറഞ്ഞ 'നിലനിൽപ്പ്' എന്ന ചിന്താവിഷയത്തിൽ നിന്നുകൊണ്ടോ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട കലകളുടെ അവസ്ഥയെ നാം നോക്കിക്കാണേണ്ടതുണ്ട്. അപ്പോഴാണ് യഥാർത്ഥ അപകടം മനസ്സിലാക്കുന്നത്. കേരളത്തിൽ നിന്ന് പാരമ്പര്യ കൃഷിയും കൃഷിയിടവും തുടച്ചുനീക്കപ്പെടുന്ന നീറുന്ന സാഹചര്യം ഏവർക്കും ബോധ്യമുള്ളതാണ്. കൃഷിയും കൃഷിയിടവും നശിക്കുന്നതിന് മുന്നോടിയായി തന്നെ കാർഷിക കലകളും മൺമറയും. ജൈവ അരങ്ങ് എന്ന് പറയുന്നതിന്റെ പ്രസക്തി അതോടെ ഇല്ലാതാകും. റബ്ബർ എസ്റ്റേറ്റിൽ ഏതെങ്കിലും കാർഷിക കലകൾ പുലരുമെന്ന് പ്രതീക്ഷിക്കാമോ? ഇല്ലേ ഇല്ല! കലകൾക്ക് കൃഷിയുമായുള്ള ബന്ധം ഇതിൽ നിന്ന് മനസ്സിലാക്കാം.

കാർഷിക സംസ്കൃതി കലകൾക്ക് പൂർണ്ണമായ ചട്ടക്കൂടുകൾ നൽകുവാൻ തീർത്തും കെൽപ്പുറ്റതാണ്. അത് സമ്മാനിക്കുന്ന രംഗവേദികളിൽ കഥാവസ്തുവായി എക്കാലവും കടന്നുവരാറുള്ള ഭാരതത്തിന്റെ പുരാണേതിഹാസങ്ങളും മിത്തുകളുമാണ്. കഥാപാത്രങ്ങളും ദൈവീക സങ്കല്പങ്ങളും വീരനായകന്മാരുമാണ് മാനവികതയുടെ ആദർശവുമായി കലാരൂപങ്ങളിൽ ഊർജ്ജം പകരുന്നത്. കാലമെത്ര മുന്നോട്ട് കുതിക്കുമ്പോഴും ഈ സഞ്ചാരവഴിക്ക് മാറ്റം വരുന്നതായിട്ടുള്ള അനുഭവം കുറവാണ്. ഇന്നും നാളേയും ഈ അവലംബം തുടർന്നേക്കും. സൂക്ഷ്മമായി ശ്രദ്ധിച്ചാൽ ഇക്കാര്യം ബോധ്യമാകും.

പരിസരമെന്ന ഘടകം എല്ലാ കലകളിലും എല്ലാ തലങ്ങളിലും നല്ല സ്വാധീനം ചെലുത്തുന്നു. നമ്മുടെ നാടോടി രംഗവേദികൾ ജനിക്കുന്നതും സജീവമാകുന്നതും വിശ്വപ്രകൃതിയുടെ വാത്സല്യമേൽക്കുമ്പോഴാണ്. പരിസരം പരിപാലിക്കുന്നതിനനുസരിച്ച് തന്നെയാണ് കലകളും പരിപാലിക്കപ്പെടുന്നത്. പരിസരത്തിന്റെ സമനില തെറ്റിയാൽ കലയുടെ സമനില തെറ്റും. കലയുടെ സമനില തെറ്റിയാൽ മാനവികതയുടെ സമനില തെറ്റും. മാനവികതയുടെ സമനില തെറ്റാതിരിക്കണമെങ്കിൽ സമ്മോഹനമായ നമ്മുടെ നാടൻകലകളുടെ താരാട്ട് ഈ മാനവരാശിയ്ക്ക് ലഭിക്കണം. ലഭിച്ചു കൊണ്ടേയിരിക്കണം. ◆

*ലേഖകൻ: ഡയറക്ടർ,*
*നാടൻ കലാപഠനകേന്ദ്രം, നാവായിക്കുളം*

# ഗ്രാമപഞ്ചായത്തുകളുടെ വരുമാന വർദ്ധന നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി അനിവാര്യം

### 1. തൊഴിൽ നികുതി

തൊഴിൽ നികുതി നിശ്ചയിക്കുന്നതിലേക്ക് അർദ്ധവാർഷിക വരുമാന സ്ലാബ് അവസാനമായി നിശ്ചയിച്ചത് 1997 ലാണ്. ഇതു പ്രകാരം 120, 180, 300, 450, 600, 750, 1000, 1250 എന്നിവയാണ് സ്ലാബുകൾ. ഇപ്പോൾ എതാണ്ട് എല്ലാ വിഭാഗം ജീവനക്കാരും മറ്റു വരുമാനക്കാരും അവസാനത്തെ രണ്ടു സ്ലാബിൽ ഉൾപ്പെട്ടു വരുന്നതായി കാണാം. മാത്രമല്ല വളരെ ചെറിയ വരുമാനമുള്ള (പ്രതിമാസം 2000 രൂപ വരുമാനക്കാർ) തോട്ടം തൊഴിലാളികൾ പോലും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടു വരുന്നു. ക്ലാസ് ഫോർ ജീവനക്കാർ മുതൽ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ വരെ വരുമാനത്തിൽ അന്തരമുണ്ടങ്കിലും തൊഴിൽ നികുതിയിൽ അന്തരം ഇല്ല എന്ന് കാണുന്നു. ആകെ വരുമാനത്തിന്റെ ഒരു ശതമാനം എന്ന് കണക്കാക്കി നിശ്ചയിച്ച് തൊഴിൽ നികുതി സ്ലാബ് പരിഷ്കരിക്കാത്തത് കാരണം പഞ്ചായത്തുകൾക്ക് വൻ വരുമാന നഷ്ടം സംഭവിക്കുന്നു.

മേൽ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (2) ൽ നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ എന്നത് ആകെ അർദ്ധ വാർഷിക വരുമാനത്തിന്റെ ഒരു ശതമാനത്തിൽ കുറയാതെ തൊട്ടടുത്ത 50 രൂപയിലേക്ക് ക്രമപ്പെടുത്തി എന്ന് ഭേദഗതി ചെയ്യുകയും 204 (1) (ബി) ൽ എന്തെങ്കിലും ആദായം എന്ന ഭാഗത്ത് 30000 രൂപയോ അതിൽ കൂടുതലോ ആദായം എന്ന് ഭേദഗതി ചെയ്യുന്നതും ഉചിതമായിരിക്കും എന്ന് കാണുന്നു. തൊഴിൽ നികുതി ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്താവുന്നതും ചട്ടം 3 ലെ പട്ടിക ഒഴിവാക്കാവുന്നതുമാണ്.

### 2. പരസ്യ നികുതി

കേരള പഞ്ചായത്ത് രാജ് നിയമം 209 പ്രകാരം പഞ്ചായത്തു പ്രദേശത്ത് പ്രദർശിപ്പിക്കുന്ന ഏതൊരു തരത്തിലുള്ള പരസ്യത്തിനും സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി കൊടുക്കേണ്ടതാണന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുറച്ച് പഞ്ചായത്തുകൾ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടങ്കിലും പലരും ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി പരസ്യ നികുതി ഈടാക്കുന്നില്ല. ഈടാക്കുന്നത് തന്നെ ഏകീകൃത നിരക്കിലല്ലന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് പരസ്യനികുതി നിയമം മാറ്റം വരുത്തി പരസ്യനികുതി ചട്ടം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു.

### 3. ഗ്രാമസഭ

ഗ്രാമസഭകൾ ഏപ്രിൽ, ജൂലൈ, ഒക്ടോബർ, ജനുവരി മാസങ്ങളിൽ നിർബന്ധമായും കൂടുന്നതിനും ഓരോ ഗ്രാമസഭയിലും ചർച്ച ചെയ്യേണ്ട വിഷയങ്ങൾ (ഉദാ: ഏപ്രിൽ മാസത്തിൽ വരവ് ചെലവ് കണക്കുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ, പദ്ധതി ഭേദഗതികൾ– അന്തിമ പദ്ധതി, നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ അർഹതാ തുടർച്ച പരിശോധന, ക്ഷേമ പെൻഷൻ അപേക്ഷ സ്വീകരിക്കൽ(പെൻഷൻ അപേക്ഷകൾ ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം സ്വീകരിക്കുകയും ജൂൺ മാസത്തിൽ നടപടികൾ പൂർത്തിയാക്കി ജൂലൈ മാസത്തെ ഗ്രാമ സഭയിൽ അന്തിമ അംഗീകാരത്തിന് സമർപ്പിക്കുകയും വേണം) കൃത്യമായി നിശ്ചയിച്ച് ഇപ്പോഴുള്ള ഗ്രാമസഭ യോഗം വിളിച്ചു കൂട്ടൽ ചട്ടം സമഗ്രമായി ഭേദഗതി ചെയ്യണം.

### 4. പദ്ധതി രൂപീകരണം നിർവ്വഹണം

പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും സമഗ്രമായ ചട്ടം പുറപ്പെടുവിക്കണം.

### 5. മാലിന്യ സംസ്കരണം

മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തേണ്ടത് അതിന്റെ ഉത്പാദകന്റ പരമപ്രധാനമായ കർത്തവ്യമാക്കി കേരള പഞ്ചായത്ത് രാജ് 219 എ മുതലുള്ള വകുപ്പുകളിൽ ഭേദഗതി വരുത്തണം. ഫ്ളാറ്റുകളും അപ്പാർട്ട്മെന്റുകളും കൂടാതെ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും മറ്റും മതിയായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ അംഗീകാരം നൽകാവു. മതിയായ മാലിന്യ സംസ്കരണ സംവിധാനമുണ്ടങ്കിൽ മാത്രമേ പഞ്ചായത്തുകൾ സ്ഥാപനങ്ങളും വീടുകളുമായി കരാറിലേർപ്പെട്ട് ഫീസ് ഈടാക്കി മാലിന്യം നീക്കം ചെയ്തു സംസ്കരിക്കാവൂ. ഉറവിട മാലിന്യ സംസ്കരണത്തിന് പരമാവധി സഹായം എല്ലാവർക്കും നൽകണം. പൊതു സ്ഥലങ്ങളിലും ഓടകളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും തദ്ദേശഭരണം, ആരോഗ്യം, അഭ്യന്തരം വകുപ്പുകൾ ഏകോപിപ്പിക്കുകയും പിഴയുടെ നിശ്ചിത ശതമാനം പാരിതോഷികമായി നൽകുകയും വേണം.

### 6. പഞ്ചായത്തു പ്രദേശത്തെ സ്ഥാപനങ്ങൾക്കെല്ലാം ലൈസൻസ്

പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലന്ന് വകുപ്പ് 232 ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഡി & ഒ ചട്ടങ്ങളിൽ പല കാര്യങ്ങളും ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതും പഞ്ചായത്ത് ലൈസൻസ് നൽകേണ്ടതുമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിയും ആപത്കരവും അസഹ്യവുമെന്ന പേര് മാറ്റി ഉചിതമായ പേര് നൽകിയും ലൈസൻസ് ചട്ടങ്ങൾ പരിഷ്കരിക്കണം. ഉദാഹരണത്തിന് ലോഡ്ജുകൾക്ക് ലൈസൻസ് നൽകാൻ നിലവിലുള്ള ചട്ടത്തിൽ വ്യവസ്ഥയില്ല എന്ന് കാണുന്നു. ടൂറിസം പ്രദേശങ്ങളിൽ വലിയ വാടകക്ക് പ്രവർത്തിക്കുന്ന റിസോർട്ട്, ഹോംസ്റ്റേ, സർവ്വീസ് വില്ല എന്നിവക്ക് അനുമതി നൽകേണ്ടതാണങ്കിലും ഉചിതമായ ഫീസ് ഈടാക്കാൻ കഴിയുന്നില്ല. ◆

*കെ.എൻ. സഹജൻ,*
*ജൂനിയർ സൂപ്രണ്ടണ്ട്,*
*വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത്*

# പാണ്ടനാട് ഗ്രാമപഞ്ചായത്ത് (ആലപ്പുഴ ജില്ല) കിംഗ്സ് പുരുഷ സ്വയംസഹായ സംഘം

പാണ്ടനാട് ഗ്രാമപഞ്ചായത്ത് 11-ാം വാർഡ് തുരുത്തിക്കാട് ഭാഗത്ത് പ്രവർത്തിച്ചുവരുന്ന കിംഗ്സ് പുരുഷ സ്വയം സഹായ സംഘം സമൂഹത്തിലെ നിരാലംബർക്ക് ആശ്വാസമാകുന്നു. സ്വയം സഹായത്തിലൂടെ സ്വയം നന്നാവുക മാത്രമല്ല സമൂഹത്തിലെ കഷ്ടതയും ബുദ്ധിമുട്ടും അനുഭവിക്കുന്ന സഹജീവികൾക്ക് ഒരു ചെറുസഹായം കൂടി നൽകുക വഴി, അവരേയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കിംഗ്സ് പുരുഷസ്വയംസഹായ സംഘത്തിലെ അംഗങ്ങൾ തന്നെ സമാഹരിച്ച തുകയും പുതുവസ്ത്രവും,ക്രിസ്തുമസ് കേക്കും ക്രിസ്തുമസ് പുതുവത്സര ദിനത്തോട് അനുബന്ധിച്ച് പാണ്ടനാട് മുളയീത്തറ കോളനിയിൽ കുഞ്ഞമ്മ അവറുകൾക്ക് നൽകിയത്.

1970 കാലഘട്ടത്തിൽ ലക്ഷംവീട് കോളനി പദ്ധതി പ്രകാരം കോളനിയ്ക്കായി മുളയിത്തറയിൽ ഭാഗത്ത് അനുവദിച്ച 4 സെന്റ് സ്ഥലത്താണ് കുഞ്ഞമ്മയും ഭർത്താവ് കുഞ്ഞുകുഞ്ഞും ചേർന്ന് ഒരു ചെറിയ ഒരു ഓലമേഞ്ഞ വീട് പണികഴിപ്പിച്ചത്. കൂലിപ്പണി ചെയ്ത് കുടുംബം പുലർത്തിപ്പോന്ന കുഞ്ഞുകുഞ്ഞിന് ഒരുദിവസം ആശുപത്രിയിൽ വയറുവേദനയാൽ അഡ്മിറ്റ് ചെയ്തു. രോഗം, കുടലിൽ പഴുപ്പ് ബാധിച്ചിരിക്കുന്നുവെന്ന് തിരിച്ചറിയുകയും ഏറെ താമസിയാതെ അസുഖം ഭേദമാകാതെ മരണത്തിന് കുഞ്ഞുകുഞ്ഞ് കീഴടങ്ങുകയും ചെയ്തു. തന്റെ ഏകപ്രതീക്ഷയായിരുന്ന ഭർത്താവിന്റെ ദേഹവിയോഗം അക്ഷരാർത്ഥത്തിൽ കുഞ്ഞമ്മയെ എല്ലാ വിധത്തിലും തകർത്തുകളഞ്ഞു. കേൾവിക്കും സംസാരത്തിനും മനസ്സിനുമുള്ള വൈകല്യം മാത്രമല്ല, ആശ്വാസമായി ഒരു കുഞ്ഞിന് ജന്മം നൽകുവാനുള്ള ഭാഗ്യം പോലും കുഞ്ഞമ്മയ്ക്ക് ലഭിക്കാതെ പോയി.

പതിനാലു വർഷം മുമ്പാണ് പഞ്ചായത്തിന്റെ ഭവനപദ്ധതി പ്രകാരം 2 മുറിയും ചെറുതിണ്ണയും അടങ്ങിയവീട് കുഞ്ഞമ്മയ്ക്കായി അനുവദിച്ചത്. അടുക്കളയുടെ അപര്യാപ്തതയുള്ളതിനാൽ തിണ്ണയിൽ വെച്ചാണ് ഇന്നേവരെ അവർ ആഹാരം പാകം ചെയ്തുപോരുന്നത്. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യം കുഞ്ഞമ്മയ്ക്ക് ഇന്നും തീർത്തും അന്യമാണ്. ഓലയും കീറ്റത്തുണിയും കൊണ്ട് മറച്ച ഒരു മൂത്രപ്പുര മാത്രമാണ് ഇവർക്കുള്ളത്. ഇവരുടെ ഈ ദുസ്സഹമായ അവസ്ഥ കിംഗ്സ് പുരുഷ സ്വയം സഹായസംഘം നേരിട്ട് കണ്ട് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സംഘത്തിന്റെ സാമൂഹ്യപ്രവർത്തനത്തിന്റെ ഒന്നാംഘട്ടത്തോട് അനുബന്ധിച്ച് ഇത്തരത്തിലുള്ള ഒരു സഹായം കുഞ്ഞമ്മ മുളയിത്തറയ്ക്ക് നൽകിയത്.

കിംഗ്സ് പുരുഷ സ്വയംസഹായ സംഘത്തിന്റെ അംഗങ്ങളുടെയും സ്വദേശ വാസികളുടെയും സാന്നിധ്യത്തിൽ പാണ്ടനാട് ഗ്രാമ പഞ്ചായത്ത് 12-ാം വാർഡ് മെമ്പർ ഗോപിനാഥൻ നായർ ധനസഹായവും എ.സി.പി ചർച്ച് പാസ്റ്റർ കെ.എ.മത്തായി പുതുവസ്ത്രവും, മാടശ്ശേരിയിൽ എം.കെ.കുട്ടപ്പൻ ക്രിസ്തുമസ് കേക്കും വിതരണം ചെയ്തു.



## വിജയപുരം ഗ്രാമപഞ്ചായത്ത് (കോട്ടയം ജില്ല)
## ഗുണനിലവാരം ഉറപ്പുവരുത്തുവാൻ കിണർവെള്ളം പരിശോധിക്കും

വിജയപുരം ഗ്രാമപഞ്ചായത്തിലെ മുഴുവൻ കിണറുകളിലേയും വെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. അടുത്തയാഴ്ച ആരംഭിയ്ക്കുന്ന പദ്ധതിയ്ക്ക് മുന്നോടിയായി പഞ്ചായത്തിൽ കർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചു.

പഞ്ചായത്തിൽ 19 വാർഡുകളിലെ എല്ലാ വീടുകളിലും നേരിട്ടെത്തിയാകും കിണർവെള്ളം പരിശോധിക്കുക. പഞ്ചായത്തിൽ 4450 കിണറുകളാണ് ആകെയുളളത്. ഹെൽത്ത് ഇൻസ്പെക്ടർമാരും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും നേതൃത്വം നൽകുന്ന പരിശോധനകൾക്ക് പരിശീലനം ലഭിച്ച ആശാപ്രവർത്തകരും അംഗൻവാടി വർക്കർമാരും കുടുംബശ്രീ അംഗങ്ങളും പങ്കെടുക്കും. വീടുകളിൽ നിന്നും ശേഖരിക്കുന്ന കിണർവെള്ളത്തിന്റെ ഗുണനിലവാരം ഒരാഴ്ചയ്ക്കുള്ളിൽ



ലഭ്യമാക്കാനാണ് പദ്ധതി. വാട്ടർ അതോറിറ്റി ലാബിലായിരിക്കും ഗുണനിലവാര പരിശോധന.

വിജയപുരം പഞ്ചായത്തിന്റെ 2014-2015 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയ്ക്കായി ഒരു ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ടെന്ന് പ്രസിഡന്റ് റോയി ജോൺ ഇടയത്തറ പറഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം പരിശോധന കിറ്റുകൾ വാങ്ങുന്നതിനായി 90,000/- രൂപ നീക്കിവെച്ചിരുന്നു. 69 അംഗങ്ങളുള്ള കർമ്മസേന 19 വാർഡുകളിലാണ് പരിശോധന നടത്തുക. ഇതിനായി ഓരോ ഗ്രൂപ്പുകൾക്കും ജലപരിശോധനാ കിറ്റ് നൽകിയിട്ടുണ്ട്. മാർച്ച് 31 നകം പരിശോധന പൂർത്തിയാക്കാനാണ് പഞ്ചായത്ത് ഉദ്ദേശിക്കുന്നത്.

## ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
## സൻസദ് ആദർശ് ഗ്രാമ യോജന പഞ്ചായത്തായി പ്രഖ്യാപിച്ചു

ലോകബാങ്ക് സഹായത്തോടെ പണികഴിപ്പിച്ച ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ പൊയിൽക്കാവ് പ്രാഥമിക ആരോഗ്യ കേന്ദ്രം സബ് സെന്റർ 20-01-2015 ശനിയാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി. ഷാനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് വടകര എം.പി. മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിനെ സൻസദ് ആദർശ് ഗ്രാമ യോജന പഞ്ചായത്തായി മുല്ലപ്പള്ളി രാമചന്ദ്രൻ പ്രഖ്യാപിച്ചു.



വൈസ് പ്രസിഡന്റ് വി.എം. ഹമീദ് സ്വാഗതം പറഞ്ഞു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗീത, മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീധരൻ മാസ്റ്റർ, സഹദേവൻ കണക്കശ്ശേരി എന്നിവരും യോഗത്തിൽ ആശംസ അർപ്പിച്ചു.

9-ൽ നിന്ന് തുടർച്ച

വരെയുള്ള കാലയളവിൽ, അതായത് ജവഹർലാൽ നെഹ്റു മുതൽ മൻമോഹൻ സിങ് വരെയുള്ളവർ ഭരിച്ച കാലം, നാനൂറ്റി അറുപത്തിരണ്ട് ശതകോടി ഡോളർ നികുതി വെട്ടിപ്പു നടന്നിട്ടുണ്ടെന്നാണ് കണക്ക്. ഇതു ലഭ്യമായ ഔദ്യോഗികരേഖകളനുസരിച്ചുള്ള ഏകദേശ വിലയിരുത്തൽ മാത്രം. വാസ്തവം ഇതിലുമെത്രയോ ശതകോടികളാണെന്ന് യുക്തിബോധം നമുക്കു പറഞ്ഞുതരും. ജി.ഡി. പിയുടെ ശരാശരി ഒന്നര ശതമാനം അനധികൃതധനം ഇന്ത്യയിൽ നിന്ന് പുറത്തേക്കൊഴുകുന്നുവെന്നാണ് മറ്റൊരു വെളിപ്പെടുത്തൽ. ഇങ്ങനെ, കാലങ്ങളായി വിദേശബാങ്കുകളിൽ ശേഖരിക്കപ്പെട്ട ഇന്ത്യയിൽ നിന്നുള്ള കള്ളപ്പണം മൊത്തമായി കണക്കു കൂട്ടിയാൽ ജി.ഡി.പിയുടെ അമ്പതു ശതമാനത്തോളം വരും. 1456 ശതകോടി ഡോളർ സ്വിസ് ബാങ്കിൽ നിക്ഷേപമുണ്ടെന്നാണ് കണക്കുകൾ. രാജ്യത്തെ 45 ശതമാനം ദരിദ്രർക്ക് ഒരു ലക്ഷം രൂപ വീതം നൽകാൻ പര്യാപ്തമാണ് ഈ തുക. ഇന്ത്യയിൽ സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരത്തിന്റെ ദൈർഘ്യം എത്ര വലുതാണെന്ന് തെളിയിക്കുന്നതാണ് ഈ കണക്കുകൾ.

നിർണ്ണായകമേഖലകളിലെ പിന്നോട്ടടി ദുരിതത്തിന്റെ മറ്റൊരു ചിത്രം നൽകുന്നു. 1970 മുതൽ 1980 വരെയുള്ള കാലയളവിൽ കാർഷിക മേഖലയിൽ നിന്നുള്ള സാമ്പത്തിക വരുമാനം 17.3 ശതമാനമായിരുന്നെങ്കിൽ 1990 മുതൽ 1994 വരെയുള്ള കാലയളവിൽ 11.6 ശതമാനമായി ഇടിഞ്ഞു. 2004 മുതൽ 2011 വരെയുള്ള കാലയളവിൽ മൂന്നു ശതമാനമുണ്ടായിരുന്ന കാർഷികവളർച്ച 2011 = 12ൽ 3.9 ശതമാനം മാത്രമേ ഉയർന്നിട്ടുള്ളൂ. അറുപതു ശതമാനവും കാർഷികവൃത്തിയെ ആശ്രയിച്ചു ജീവിക്കുന്ന നമ്മുടെ രാജ്യത്ത് കഴിഞ്ഞ സാമ്പത്തികവർഷം ആദ്യപാദത്തിൽ കാർഷിക വളർച്ചാ നിരക്ക് 5.7 ശതമാനത്തിൽ നിന്നും 3.2 ശതമാനമായി കുത്തനെ കുറയുകയും ചെയ്തു. കാർഷികമേഖലയിലെ പ്രതിസന്ധി രൂക്ഷമാണെന്നു തെളിയിക്കുന്നതാണ് ഈ കണക്കുകൾ. നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ നടത്തിയ കണക്കെടുപ്പിൽ 40 ശതമാനം കർഷകരും ഈ മേഖല വിട്ടു പോവാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ മഹാരാഷ്ട്ര, മധ്യപ്രദേശ്, കർണ്ണാടക, ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലായി അഞ്ചു ലക്ഷത്തോളം കർഷകർ ജീവനൊടുക്കിയതും കാർഷികദുരന്തത്തിന്റെ പ്രതിഫലനമാണ്. നാടിന്റെ നട്ടെല്ലായ കാർഷികരംഗം ഉലയുമ്പോൾ, വൻതോതിൽ കൃഷിഭൂമി വ്യവസായത്തിനു വിട്ടു കൊടുത്ത് വികസനം കൊട്ടിഘോഷിക്കുകയാണ് നമ്മുടെ നാടുവാഴികൾ. പട്ടിണിക്കാരുടെ കണ്ണീരിൽ കെട്ടിപ്പൊക്കുന്നതാണ് നമ്മുടെ രാജ്യത്ത് ഉയർന്നു വരുന്ന ഓരോ വ്യവസായ സമുച്ചയങ്ങളും.

ഇന്ത്യയിലെ തൊഴിലില്ലായ്മ ഓരോ വർഷവും പെരുകുന്നതായാണ് ആഗോള തൊഴിൽ സംഘടനയുടെ വിലയിരുത്തൽ. 2011ൽ മൂന്നര ശതമാനം തൊഴിലില്ലായ്മാ വളർച്ച 2012ൽ 3.6 ശതമാനമായും അടുത്ത വർഷം 3.7 ശതമാനമായുമൊക്കെ വളർന്നു. മൊത്തം തൊഴിലുകളിൽ ഔദ്യോഗികസ്വഭാവത്തിലുള്ളത് ആറു ശതമാനം മാത്രം. ശേഷിക്കുന്ന 94 ശതമാനവും അനൗദ്യോഗികമോ അഥവാ താൽക്കാലിക സ്വഭാവത്തിലുള്ളതോ ആണെന്നാണ് വിലയിരുത്തൽ. ഇങ്ങനെ, അസ്ഥിരത പെരുകുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ പോലും സ്വകാര്യരംഗത്തിനു തുറന്നിടുകയാണ് സർക്കാർ. സാമ്പത്തികവളർച്ചക്ക് ഏറെ സംഭാവന നൽകുന്ന ഇന്ധന സ്ഥാപനങ്ങളായ ഒ.എൻ.ജി.സിയുടെ അഞ്ചു ശതമാനവും കോൾ ഇന്ത്യയുടെ പത്തു ശതമാനവും എൻ.എച്ച്.പി.സിയുടെ 11.36 ശതമാനവും ഓഹരികൾ സ്വകാര്യ മേഖലക്കു വിറ്റു. ഇങ്ങനെ വിൽക്കുന്ന ഓഹരികളുടെ മൂല്യം 43,800 കോടി രൂപ വരും. പുതിയ സർക്കാർ അധികാരമേറ്റ ആദ്യത്തെ ആറു മാസത്തെ അനുഭവമെടുത്താൽ തന്നെ രാജ്യത്തിന്റെ സാമ്പത്തികവളർച്ചയ്ക്ക് ശുഭസൂചകമല്ല കാര്യങ്ങൾ. ജി.ഡി.പി ആദ്യപാദത്തിൽ 5.7 ശതമാനമുള്ളത് രണ്ടാം പാദത്തിൽ 5.3 ശതമാനമായി കുറഞ്ഞു. ഒടുവിൽ ഇത് അഞ്ചു ശതമാനമായി കുറയുമെന്നാണ് സൂചനകൾ. നേരത്തെ മൂന്നര ശതമാനമുണ്ടായിരുന്ന നിർമ്മാണരംഗം വെറും 0.1 ശതമാനമായി തലകുത്തി. വ്യാവസിയകോൽപ്പാദനം ഒക്ടോബറിൽ വെറും 4.2 ശതമാനമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇങ്ങനെ, ഇന്ത്യൻ സാമ്പത്തികരംഗം വളർച്ചയുടെ യാതൊരു സൂചകവും നൽകിയിട്ടില്ലെന്നിരിക്കേ ആസ്ത്രേലിയയിൽ കൽക്കരിപ്പാടം വികസിപ്പിക്കാൻ അഡാനി ഗ്രൂപ്പിന് 61,000 കോടി രൂപയുടെ സ്റ്റേറ്റ് ബാങ്ക് വായ്പ അനുവദിക്കുന്നു.

ഇങ്ങനെയൊക്കെയാണ് ഇന്ത്യയുടെ സാമ്പത്തികവും സാമൂഹികവുമായ ചിത്രം. ഗാന്ധിയൻ സ്വാശ്രയത്വം, നെഹ്റുവിയൻ സോഷ്യലിസം എന്നീ വീക്ഷണകോണുകളിൽ വികസിപ്പിക്കപ്പെട്ടതാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യ. എന്നാൽ, ഇടയ്ക്കു വെച്ചു തുടർച്ച നഷ്ടപ്പെട്ടതായിരുന്നു നമ്മുടെ വികസനനയങ്ങളും കാഴ്ചപ്പാടുകളും. പുതിയ സാമ്പത്തികസമവാക്യങ്ങൾ രാജ്യത്തിനു സമ്മാനിച്ചത് കെടുതികൾ മാത്രമായിരുന്നു. ഗാന്ധിയൻ സ്വാശ്രയത്വത്തിന്റെ വീണ്ടെടുപ്പ് ഇവിടെയൊരു പരിഹാരമാണ്. സ്വപ്നം കാണുകയല്ല, വ്യക്തിജീവിതത്തിലും സിദ്ധാന്തകൾ പ്രാവർത്തികമാക്കിയ ദാർശനികനായിരുന്നു മഹാത്മജി. ഇങ്ങനെ, ചരിത്രത്തിലും വർത്തമാനത്തിലും മാത്രമല്ല, ഭാവിയിലേക്കും വഴി തെളിയിക്കുകയാണ് ഗാന്ധി. ◆



*10-ൽ നിന്ന് തുടർച്ച*

# പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകൾ

| ക്രമ.നം | ജില്ല | നിലവിലുള്ള ഗ്രാമഞ്ചായത്തിന്റെ പേര് | പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പേര് | പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമ പഞ്ചായത്തിന്റെ ആസ്ഥാനം | പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരണത്തിനു ശേഷം നിലവിലുള്ള പഞ്ചായത്തിന്റെ പേരും ആസ്ഥാനവും | പുതിയ ഗ്രാമപഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് പ്രദേശം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | **തിരുവനന്തപുരം** | പള്ളിച്ചൽ | നരുവാമൂട് | നരുവാമൂട് | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്, വെടിവെച്ചാൻ കോവിൽ | നേമം |
| 2 | ,, | നാവായിക്കുളം | കുടവൂർ | കല്ലമ്പലം | നാവായിക്കുളം ഗ്രാമപഞ്ചായത്ത്, നാവായിക്കുളം | കിളിമാനൂർ |
| 3 | ,, | കഠിനംകുളം, ചിറയൻകീഴ്, അഴൂർ | പെരുമാതുറ | പെരുമാതുറ | കഠിനംകുളം ഗ്രാമപഞ്ചായത്ത്, ചിറ്റാറ്റുമുക്ക് | പോത്തൻകോട് |
| 4 | ,, | കരകുളം | വട്ടപ്പാറ | വട്ടപ്പാറ | വട്ടപ്പാറ കരകുളം ഗ്രാമപഞ്ചായത്ത്, കരകുളം | നെടുമങ്ങാട് |
| 5 | **കൊല്ലം** | നെടുവത്തൂർ, കുളക്കട, പവിത്രേശ്വരം | പുത്തൂർ | പാങ്ങോട് | നെടുവത്തൂർ ഗ്രാമപഞ്ചായത്ത്, നെടുവത്തൂർ | വെട്ടിക്കവല – കൊട്ടാരക്കര |
| 6 | ,, | തൃക്കോവിൽവട്ടം | കണ്ണനല്ലൂർ | കണ്ണനല്ലൂർ | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, തൃക്കോവിൽവട്ടം | മുഖത്തല |
| 7 | ,, | ഇടമുളയ്ക്കൽ | അറയ്ക്കൽ | തടിക്കാട് | ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്, ഇടമുളയ്ക്കൽ | അഞ്ചൽ |
| 8 | ,, | പിറവന്തൂർ | പുന്നല | പുന്നല | പിറവന്തൂർ ഗ്രാമപഞ്ചായത്ത്, അലിമുക്ക് | പത്തനാപുരം |
| 9 | ,, | ചിതറ | മടത്തറ | മടത്തറ | ചിതറ ഗ്രാമപഞ്ചായത്ത്, കിഴക്കുംഭാഗം | ചടയമംഗലം |
| 10 | ,, | കുലശേഖരപുരം | പുതിയകാവ് | പുതിയകാവ് | കുലശേഖരപുരം ഗ്രാമപഞ്ചായത്ത്, കുലശേഖരപുരം | ഓച്ചിറ |
| 11 | ,, | പന്മന | വടക്കുംതല | കുറ്റിവട്ടം | പന്മന ഗ്രാമപഞ്ചായത്ത്, ഇടപ്പള്ളിക്കോട്ട | ചവറ |
| 12 | ,, | കല്ലുവാതുക്കൽ | പാരിപ്പള്ളി | പാരിപ്പള്ളി | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, കല്ലുവാതുക്കൽ | ഇത്തിക്കര |
| 13 | ,, | കലഞ്ഞൂർ | കൂടൽ | കൂടൽ | കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്, കലഞ്ഞൂർ | പറക്കോട് |
| 14 | ,, | പള്ളിക്കൽ | പെരിങ്ങനാട് | പെരിങ്ങനാട് | പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പള്ളിക്കൽ | പറക്കോട് |
| 15 | **പത്തനംതിട്ട** | ഏഴംകുളം, ഏറത്ത്, കടമ്പനാട് | ഏനാത്ത് | ഏനാത്ത് | ഏഴംകുളം ഗ്രാമപഞ്ചായത്ത്, ഏഴംകുളം | പറക്കോട് |
| 16 | ,, | കോന്നി | കോന്നിതാഴം | പയ്യനാമൺ | കോന്നി ഗ്രാമപഞ്ചായത്ത്, കോന്നി | കോന്നി |
| 17 | **ആലപ്പുഴ** | ചേർത്തല തെക്ക് | അർത്തുങ്കൽ | അറവുകാൽ | ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്, അരീപ്പറമ്പ് | കഞ്ഞിക്കുഴി |
| 18 | ,, | ചുനക്കര,താമരകുളം, നൂറനാട് | ചാരുംമൂട് | ചാരുംമൂട് | ചുനക്കര ഗ്രാമപഞ്ചായത്ത്, ചുനക്കര | ഭരണിക്കാവ് |
| 19 | **കോട്ടയം** | എരുമേലി | മുക്കൂട്ടുതറ | മുക്കൂട്ടുതറ | എരുമേലി ഗ്രാമപഞ്ചായത്ത്, എരുമേലി | കാഞ്ഞിരപ്പള്ളി |
| 20 | ,, | പനച്ചിക്കാട് | കൊല്ലാട് | കൊല്ലാട് | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, കുഴിമറ്റം | പള്ളം |

| | | | | | | |
|---|---|---|---|---|---|---|
| 21 | **ഇടുക്കി** | അടിമാലി | വാളറ | ഇരുമ്പുപാലം | അടിമാലി ഗ്രാമപഞ്ചായത്ത്, അടിമാലി | അടിമാലി |
| 22 | ,, | നെടുങ്കണ്ടം, പാമ്പാട്ടും പാറ, കരുണാപുരം | പട്ടംകോളനി | മുണ്ടിയെരുമ | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്, നെടുങ്കണ്ടം | നെടുങ്കണ്ടം |
| 23 | **എറണാകുളം** | പായിപ്ര | മുളവൂർ | മുളവൂർ, വായന ശാലപടി | പായിപ്ര ഗ്രാമപഞ്ചായത്ത്, പേഴയ്ക്കാപ്പിള്ളി | മൂവാറ്റുപുഴ |
| 24 | ,, | കവളങ്ങാട്,കുട്ടമ്പുഴ | നേര്യമംഗലം | നേര്യമംഗലം | കവളങ്ങാട് ഗ്രാമപഞ്ചായത്ത്, കവളങ്ങാട് | കോതമംഗലം |
| 25 | ,, | രായമംഗലം | കുറുപ്പംപടി | കുറുപ്പംപടി | രായമംഗലം ഗ്രാമപഞ്ചായത്ത്, നെല്ലിമോളം | കൂവപ്പടി |
| 26 | ,, | കിഴക്കമ്പലം, കുന്നത്തുനാട് | പട്ടിമറ്റം | പട്ടിമറ്റം | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, കിഴക്കമ്പലം | വടവുകോട്, വാഴക്കുളം |
| 27 | ,, | നെല്ലിക്കുഴി, കോട്ടപ്പടി, പിണ്ടിമന | തൃക്കാരീയൂർ | തൃക്കാരിയൂർ | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്, നെല്ലിക്കുഴി | കോതമംഗലം |
| 28 | ,, | വെങ്ങോല | അറയ്ക്കപ്പടി | അറയ്ക്കപ്പടി | വെങ്ങോല ഗ്രാമപഞ്ചായത്ത്, വെങ്ങോല | വാഴക്കുളം |
| 29 | **തൃശ്ശൂർ** | മറ്റത്തൂർ | വെള്ളിക്കുള ങ്ങര | വെള്ളിക്കുളങ്ങര | മറ്റത്തൂർ ഗ്രാമപഞ്ചായത്ത്, മൂന്നുമുറി | കൊടകര |
| 30 | ,, | പുത്തൂർ | മരത്താക്കര | മരത്താക്കര | പുത്തൂർ ഗ്രാമപഞ്ചായത്ത്, പുത്തൂർ | ഒല്ലൂക്കര |
| 31 | ,, | ചേലക്കര, പഴയന്നൂർ | എളനാട് | എളനാട് | ചേലക്കര ഗ്രാമപഞ്ചായത്ത്, ചേലക്കര | പഴയന്നൂർ |
| 32 | ,, | എറിയാട് | അഴിക്കോട് | മോനോൻ ബ സാർ | എറിയാട് ഗ്രാമപഞ്ചായത്ത്, പേബസാർ | മതിലകം |
| 33 | **പാലക്കാട്** | അലനല്ലൂർ | എടത്താനാട്ടു ക്കര | കോട്ടപ്പള്ള | അലനല്ലൂർ ഗ്രാമപഞ്ചായത്ത്, അലനല്ലൂർ | മണ്ണാർക്കാട് |
| 34 | ,, | ഓങ്ങല്ലൂർ | കാരക്കാട് | കാരക്കാട് | ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, ഓങ്ങല്ലൂർ | പട്ടാമ്പി |
| 35 | ,, | വണ്ടാഴി, കിഴക്കഞ്ചേരി | മംഗലംഡാം | മംഗലംഡാം ടൗൺ | വണ്ടാഴി ഗ്രാമപഞ്ചായത്ത്, മുടപ്പല്ലൂർ | നെന്മാറ |
| 36 | **മലപ്പുറം** | കുറുവ,പുഴക്കാട്ടിരി, പൊന്മള,കോഡൂർ, മൂർക്കനാട് | പാങ്ങ് | ചേണ്ടി | കുറുവ ഗ്രാമപഞ്ചായത്ത്, പടപ്പറമ്പ് | മങ്കട |
| 37 | ,, | തിരുനാവായ | അനന്താവൂർ | പട്ടർനടക്കാവ് | തിരുനാവായ ഗ്രാമപഞ്ചായത്ത്, തിരുനാവായ | തിരൂർ |
| 38 | ,, | താഴെക്കാട്, ആലിപ്പറമ്പ് | അരക്കുപറമ്പ് | കുറ്റിപ്പുള്ളി | താഴെക്കാട് ഗ്രാമപഞ്ചായത്ത്, കരിങ്കല്ലത്താണി | പെരിന്തൽമണ്ണ |
| 39 | ,, | വള്ളിക്കുന്ന് | അരിയല്ലൂർ | അരിയല്ലൂർ | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്, വള്ളിക്കുന്ന് | തിരൂരങ്ങാടി |
| 40 | ,, | വഴിക്കടവ് | മരുത | മരുത | വഴിക്കടവ് ഗ്രാമപഞ്ചായത്ത്, വഴിക്കടവ് | നിലമ്പൂർ |
| 41 | ,, | തൃക്കലങ്ങോട് | എളങ്കൂർ | മൈലൂത്ത് | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്, കാരകുന്ന് ജംഗ്ഷൻ | വണ്ടൂർ |
| 42 | ,, | പള്ളിക്കൽ | കരിപ്പൂർ | തറയിട്ടാൽ | പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പള്ളിക്കൽ | കൊണ്ടോട്ടി |
| 43 | ,, | വണ്ടൂർ | വാണിയമ്പലം | വാണിയമ്പലം | വണ്ടൂർ ഗ്രാമപഞ്ചായത്ത്, വണ്ടൂർ | വണ്ടൂർ |
| 44 | ,, | പാണ്ടിക്കാട് | ചെമ്പ്രശ്ശേരി | കോടശ്ശേരി | പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്, പാണ്ടിക്കാട് | വണ്ടൂർ |
| 45 | ,, | മുന്നിയൂർ | വെളിമുക്ക് | വെളിമുക്ക് | മുന്നിയൂർ ഗ്രാമപഞ്ചായത്ത്, ആലിൻചുവട് | തിരൂരങ്ങാടി |
| 46 | ,, | പുറത്തൂർ, മംഗലം | കൂട്ടായി | കൂട്ടായി | പുറത്തൂർ ഗ്രാമപഞ്ചായത്ത്, കാവിലക്കാട് | തിരൂർ |

| | | | | | | |
|---|---|---|---|---|---|---|
| 47 | ,, | ചുങ്കത്തറ,പോത്തുകൽ,ചാലിയാർ | കുറുമ്പലങ്ങോട് | എരുമമുണ്ട | ചുങ്കത്തറ ഗ്രാമപഞ്ചായത്ത്, ചുങ്കത്തറ | നിലമ്പൂർ |
| 48 | **കോഴിക്കോട്** | ഒളവണ്ണ | പന്തീരാങ്കാവ് | പന്തീരാങ്കാവ് | ഒളവണ്ണ ഗ്രാമപഞ്ചായത്ത്, മാത്തറ | കോഴിക്കോട് |
| 49 | ,, | ഉണ്ണിക്കുളം | പൂനൂർ | പൂനൂർ | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത്, എകരൂൽ | ബാലുശ്ശേരി |
| 50 | ,, | കുന്ദമംഗലം,പെരുവയൽ. ചാത്തമംഗലം,മാവൂർ | ചെറുകുളത്തൂർ | വെള്ളന്നൂർ | കുന്ദമംഗലം ഗ്രാമപഞ്ചായത്ത്, കുന്ദമംഗലം | കുന്ദമംഗലം |
| 51 | ,, | നരിപ്പറ്റ, കായക്കൊടി | കൈവേലി | കൈവേലി | നരിപ്പറ്റ ഗ്രാമപഞ്ചായത്ത്, നമ്പ്യത്താംകുണ്ട് | കുന്നുമ്മൽ |
| 52 | ,, | തിരുവള്ളൂർ, വില്ല്യാപ്പള്ളി | മേമുണ്ട | മേമുണ്ട | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്, തിരുവള്ളൂർ | തോടന്നൂർ |
| 53 | ,, | മണിയൂർ | പാലയാട് | പാലയാട് | മണിയൂർ ഗ്രാമപഞ്ചായത്ത്, കുറുന്തോടി | തോടന്നൂർ |
| 54 | ,, | കോടഞ്ചേരി | നെല്ലിപ്പൊയിൽ | നെല്ലിപ്പൊയിൽ | കോടഞ്ചേരി ഗ്രാമപഞ്ചായത്ത്, കോടഞ്ചേരി | കൊടുവള്ളി |
| 55 | **വയനാട്** | എടവക,വെള്ളമുണ്ട, പനമരം | കെല്ലൂർ | കെല്ലൂർ അഞ്ചാം മൈൽ | എടവക ഗ്രാമപഞ്ചായത്ത്, പള്ളിക്കൽ | മാനന്തവാടി |
| 56 | ,, | നെന്മേനി, നൂൽപ്പുഴ | ചീരാൽ | ചീരാൽ | നെന്മേനി ഗ്രാമപഞ്ചായത്ത്, കോളിയാടി | സുൽത്താൻ ബത്തേരി |
| 57 | ,, | പൂതാടി, പനമരം, കണിയാമ്പറ്റ | നടവയൽ | നടവയൽ | പൂതാടി ഗ്രാമപഞ്ചായത്ത്, കേണിച്ചിറ | പനമരം |
| 58 | **കണ്ണൂർ** | അഴീക്കോട് | അഴീക്കോട് | മൂന്ന് നിരത്ത് | അഴീക്കോട് ഗ്രാമപഞ്ചായത്ത്, അഴീക്കോട് | കണ്ണൂർ |
| 59 | ,, | തൃപ്രങ്ങോട്ടൂർ, കുന്നോത്ത്പറമ്പ് | പൊയിലൂർ | പൊയിലൂർ | തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്, കല്ലിക്കണ്ടി | കൂത്തുപറമ്പ് |
| 60 | ,, | ആലക്കോട് | തേർത്തല്ലി | തേർത്തല്ലി | ആലക്കോട് ഗ്രാമപഞ്ചായത്ത്, ആലക്കോട് | തളിപ്പറമ്പ് |
| 61 | ,, | ഉളിക്കൽ, പായം, അയ്യൻകുന്ന് | വള്ളിത്തോട് | വള്ളിത്തോട് | ഉളിക്കൽ ഗ്രാമപഞ്ചായത്ത്, ഉളിക്കൽ | ഇരിക്കൂർ |
| 62 | ,, | ചിറക്കൽ | കാട്ടാമ്പള്ളി | പുതിയതെരു | ചിറക്കൽ ഗ്രാമപഞ്ചായത്ത്, ചിറക്കൽ | കണ്ണൂർ |
| 63 | ,, | കൂടാളി | പട്ടാന്നൂർ | നായാട്ടുപാറ | കൂടാളി ഗ്രാമപഞ്ചായത്ത്, കൊളോളം | ഇരിട്ടി |
| 64 | ,, | കുന്നോത്ത് പറമ്പ് | പുത്തൂർ | ചെണ്ടയാട് | കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത്, പാറാട് | കൂത്തുപ്പറമ്പ് |
| 65 | ,, | നടുവിൽ | കരുവഞ്ചാൽ | കരുവഞ്ചാൽ | നടുവിൽ ഗ്രാമപഞ്ചായത്ത്, നടുവിൽ | തളിപ്പറമ്പ് |
| 66 | ,, | വേങ്ങാട് | മമ്പറം | മമ്പറം | വേങ്ങാട് ഗ്രാമപഞ്ചായത്ത്, കൈതേരിപ്പൊയിൽ | തലശ്ശേരി |
| 67 | **കാസർകോഡ്** | പള്ളിക്കര, ഉദുമ | പനയാൽ | പെരിയാട്ടടുക്കം | പള്ളിക്കര ഗ്രാമപഞ്ചായത്ത്, പള്ളിക്കര | കാഞ്ഞങ്ങാട് |
| 68 | ,, | അജാനൂർ | മാണിക്കോത്ത് | മഡിയൻ | അജാനൂർ ഗ്രാമപഞ്ചായത്ത്, വെള്ളിക്കോത്ത് | കാഞ്ഞങ്ങാട് |
| 69 | ,, | കിനാനൂർ - കരിന്തളം, കോടോംബേളൂർ, ബളാൽ | പരപ്പ | പരപ്പ | കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്, കോയിത്തട്ട (കരിന്തളം) | പരപ്പ |
| 70 | ,, | ചെമ്മനാട് | കളനാട്, ചെമ്മനാട് | മേൽപ്പറമ്പ് | തെക്കിൽ പറമ്പ ഗ്രാമപഞ്ചായത്ത്, കോളിയടുക്കം | കാസർകോഡ് |

## പുതുതായി രൂപീകരിക്കുന്ന മുൻസിപ്പാലിറ്റികൾ

| ക്രമ. നം | ജില്ല | പരിവർത്തനപ്പെടുത്താനുദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്ത്/കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി | പുതുതായി രൂപീകരിക്കുന്ന മുൻസിപ്പാലിറ്റി | പുതുതായി രൂപീകരിക്കുന്ന മുൻസിപ്പാലിറ്റിയുടെ ആസ്ഥാനം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കൊല്ലം | കൊട്ടാരക്കര | കൊട്ടാരക്കര | കൊട്ടാരക്കര |
| 2 | പത്തനംതിട്ട | പന്തളം | പന്തളം | പന്തളം |
| 3 | കോട്ടയം | ഏറ്റുമാനൂർ | ഏറ്റുമാനൂർ | ഏറ്റുമാനൂർ |
| 4. | തൃശ്ശൂർ | വടക്കാഞ്ചേരി, മുണ്ടത്തിക്കോട് | വടക്കാഞ്ചേരി | വടക്കാഞ്ചേരി |
| 5 | പാലക്കാട് | പട്ടാമ്പി | പട്ടാമ്പി | പട്ടാമ്പി |
| 6 | മലപ്പുറം | താനൂർ | താനൂർ | താനൂർ |
| 7 | മലപ്പുറം | പരപ്പനങ്ങാടി | പരപ്പനങ്ങാടി | പരപ്പനങ്ങാടി |
| 8 | മലപ്പുറം | വളാഞ്ചേരി | വളാഞ്ചേരി | വളാഞ്ചേരി |
| 9 | കോഴിക്കോട് | പയ്യോളി | പയ്യോളി | പയ്യോളി |
| 10 | കോഴിക്കോട് | രാമനാട്ടുകര, ഫറോക്ക് | രാമനാട്ടുകര | രാമനാട്ടുകര |
| 11 | എറണാകുളം | പിറവം | പിറവം | പിറവം |
| 12 | കോഴിക്കോട് | കൊടുവള്ളി | കൊടുവള്ളി | കൊടുവള്ളി |
| 13 | വയനാട് | മാനന്തവാടി | മാനന്തവാടി | മാനന്തവാടി |
| 14 | കണ്ണൂർ | കീഴൂർ-ചാവശ്ശേരി | കീഴൂർ-ചാവശ്ശേരി | കീഴൂർ-ചാവശ്ശേരി |
| 15 | പാലക്കാട് | ചെർപ്പുളശ്ശേരി | ചെർപ്പുളശ്ശേരി | ചെർപ്പുളശ്ശേരി |
| | | തൃക്കടീരി ഗ്രാമപഞ്ചാത്തിലെ 14,15,16 വാർഡുകൾ, നെല്ലായ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡ് | | |
| 16 | പാലക്കാട് | മണ്ണാർക്കാട് | മണ്ണാർക്കാട് | മണ്ണാർക്കാട് |
| | | തെങ്കര ഗ്രാമപഞ്ചായത്തിലെ 15,16 വാർഡുകൾ | | |
| 17 | കോഴിക്കോട് | മുക്കം | മുക്കം | മുക്കം |
| 18 | മലപ്പുറം | കൊണ്ടോട്ടി | കൊണ്ടോട്ടി | കൊണ്ടോട്ടി |
| 19 | കോട്ടയം | ഈരാറ്റുപേട്ട | ഈരാറ്റുപേട്ട | ഈരാറ്റുപേട്ട |
| 20 | ഇടുക്കി | കട്ടപ്പന | കട്ടപ്പന | കട്ടപ്പന |
| 21 | എറണാകുളം | കൂത്താട്ടുകുളം | കൂത്താട്ടുകുളം | കൂത്താട്ടുകുളം |
| 22 | കണ്ണൂർ | പാനൂർ, പെരിങ്ങളം, കരിയാട് | പാനൂർ | പാനൂർ |
| 23 | ആലപ്പുഴ | ഹരിപ്പാട്, പള്ളിപ്പാട്, കാർത്തിക പ്പള്ളി, കുമാരപുരം, ചിങ്ങോലി | ഹരിപ്പാട് | ഹരിപ്പാട് |
| 24 | തിരുവനന്തപുരം | തിരുവനന്തപുരം | കഴക്കൂട്ടം | കഴക്കൂട്ടം |
| 25 | കോഴിക്കോട് | കോഴിക്കോട് | ബേപ്പൂർ | ബേപ്പൂർ |
| 26 | കോഴിക്കോട് | കോഴിക്കോട് | ചെറുവണ്ണൂർ - നല്ലളം | ചെറുവണ്ണൂർ - നല്ലളം |
| 27 | കോഴിക്കോട് | കോഴിക്കോട് + തലകുളത്തൂർ | ഏലത്തൂർ | ഏലത്തൂർ |
| 28 | കണ്ണൂർ | തളിപ്പറമ്പ് | ആന്തൂർ | ആന്തൂർ |

## പുതുതായി രൂപീകരിക്കുന്ന മുൻസിപ്പൽ കോർപ്പറേഷൻ

| ജില്ല | പരിവർത്തനപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങളുടെ പേരുവിവരം | പുതുതായി രൂപീകരിക്കാനുദ്ദേശി ക്കുന്ന മുൻസിപ്പൽ കോർപ്പറേഷൻ | പുതുതായി രൂപീകരിക്കുന്ന മുൻസി പ്പൽ കോർപ്പറേഷന്റെ ആസ്ഥാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| കണ്ണൂർ | കണ്ണൂർ മുൻസിപ്പൽ കൗൺസിൽ | കണ്ണൂർ | കണ്ണൂർ |
| | പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | | |
| | പുഴാതി ഗ്രാമപഞ്ചായത്ത് | | |
| | എടക്കാട് ഗ്രാമപഞ്ചായത്ത് | | |
| | എളയാവൂർ ഗ്രാമപഞ്ചായത്ത് | | |
| | ചേലോറ ഗ്രാമപഞ്ചായത്ത് | | |

അംഗപരിമിതരുടെ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന്, നയപരമായ കാര്യങ്ങളിൽ വർദ്ധിച്ച ഊന്നൽ ഉറപ്പ് വരുത്താനും, ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കൂടുതൽ ഏകോപനം സാധ്യമാക്കാനും വേണ്ടിയാണ് 2012 മേയ് 12 ന് കേന്ദ്ര സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയത്തിൻ കീഴിൽ അംഗപരിമിതരുടെ കാര്യങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ചത്. 2014 ഡിസംബർ 9 ന് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ഈ വകുപ്പിനെ അംഗപരിമിതരുടെ ശാക്തീകരണത്തിനുള്ള വകുപ്പ് എന്ന് പുനർ നാമകരണം ചെയ്തു.

അംഗപരിമിതർക്ക് സുരക്ഷിതവും അന്തസ്സുള്ളതുമായ ഒരുജീവിതം നയിക്കുന്നതിനും അവരുടെ വളർച്ചയ്ക്കും വികസനത്തിനും തുല്യ അവസരങ്ങൾ ഒരുക്കുന്ന ഒരു സമൂഹമാണ് വകുപ്പിന്റെ ലക്ഷ്യം. നിയമനിർമ്മാണം, നയങ്ങൾ, പരിപാടികൾ, പദ്ധതികൾ എന്നിവയിലൂടെ അംഗപരിമിതരുടെ ശാക്തീകരണത്തിനുതകുന്ന, തടസ്സങ്ങൾ ഇല്ലാത്ത സാഹചര്യം ഒരുക്കാനും വകുപ്പ് ശ്രമിച്ച് വരുന്നു. അംഗപരിമിതർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വാങ്ങുന്നത്, പുനരധിവാസം, അംഗപരിമിതി നേരത്തെ കണ്ടെത്തി കൗൺസിലിലൂടെയും, വൈദ്യസഹായത്തോടും അതിനെ നേരിടൽ, വിദ്യാഭ്യാ

# "സ്വാവലംബൻ" അംഗപരിമിതരുടെ മന്ത്രം



സത്തിലൂടെയുള്ള ശാക്തീകരണം, സാമൂഹ്യശാക്തീകരണം, ബോധവല്ക്കരണം തുടങ്ങിയവയാണ് ഈ ദിശയിലുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾ.

അംഗപരിമിതരെ ശാക്തീകരിക്കുന്നതിനുള്ള മാർഗങ്ങളിലൊന്ന് വിദ്യാഭ്യാസമാണെന്ന് 2014 ഡിസംബർ 3 ന് അന്താരാഷ്ട്ര അംഗപരിമിതി ദിനാചരണചടങ്ങിനെ അഭിസംബോധന ചെയ്യവെ രാഷ്ട്രപതി ശ്രീ.പ്രണബ് മുഖർജി ചൂണ്ടിക്കാട്ടി. അംഗപരിമിതരായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് മറ്റുള്ളവരോടൊപ്പം തുല്യ അവസരം പ്രദാനം ചെയ്താൽ അവർക്ക് ആദായകരമായ ജോലി ചെയ്ത് അന്തസ്സുറ്റ ജീവിതം നയിക്കാനാവും. അന്താരാഷ്ട്ര അംഗപരിമിതി ദിനത്തിൽ നൽകിയസന്ദേശത്തിൽ, അംഗപരിമിതരുടെ അപാരമായ ത്വരയെ അഭിവാദ്യംചെയ്തുകൊണ്ട് ഇവർക്ക് നല്ലൊരുലോകം പ്രദാനം ചെയ്യുന്നതിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ജനങ്ങളെ ആഹ്വാനം ചെയ്തു.

നിർണ്ണായക വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സാങ്കേതികവിദ്യ അംഗപരിമിതർക്ക് പ്രാപ്യമാണെന്ന്ഉറപ്പ്വരുത്താനുള്ള ശ്രമങ്ങൾക്ക് ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ ബാൻ-കി-മൂൺ ആഹ്വാനം ചെയ്തു.



"എല്ലാവരെയും ഒപ്പം ചേർത്ത് എല്ലാവരുടെയും വികസനം" എന്ന ഗവൺമെന്റിന്റെ ദൗത്യത്തിൻ കീഴിൽ അംഗപരിമിതരെ മുഖ്യധാര വികസന പ്രക്രിയയിൽ ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യമാണ് കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ വകുപ്പിന്റേത്.

ലോകത്താകമാനം 100 കോടി അംഗ പരിമിതരുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇന്ത്യയിലെ 2011 ലെ കാനേഷുമാരി പ്രകാരം ഇത് ഏകദേശം 2.68 കോടിവരും. മൊത്തം ജനസംഖ്യയുടെ 2.2 ശതമാനമാണിത്. ഗതാഗതം, തൊഴിൽ, വിദ്യാഭ്യാസം, നീതിലഭ്യമാക്കൽ, രാഷ്ട്രീയ പങ്കാളിത്തം തുടങ്ങി വിവിധ രംഗങ്ങളിൽ അംഗ പരിമിതർക്ക്സമൂഹത്തിലെ മറ്റുള്ളവരുമായി തുല്യഅവസരം ലഭിക്കുന്നില്ലെന്ന് മാത്രമല്ല പലപ്പോഴും മൗലിക അവകാശങ്ങൾ പോലും ഇക്കൂട്ടർക്ക് നിഷേധിക്കപ്പെടുന്നുമുണ്ട്.

അംഗപരിമിതരുടെ പുനരധിവാസവും വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവരുടെ സാമൂഹ്യ -സാംസ്ക്കാരിക ശാക്തീകരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ബഹുമുഖ തന്ത്രമാണ് വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

**പുതിയ പദ്ധതികൾ**

അംഗപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകാനും തൊഴിൽലഭിക്കാനുള്ള അവരുടെ കഴിവുകൾ പരിപോഷിപ്പിക്കാനും നിരവധി പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി Prematric- Post - matric തലങ്ങളിൽ സ്കോളർഷിപ്പുകൾ അനുവദിച്ചിട്ടുണ്ട്. 9,10 ക്ലാസ്സുകളിലെ അംഗപരിമിതിയുള്ള 46000 കുട്ടികൾക്ക് വർഷംതോറും പതിനായിരം രൂപയും, 11,12 ക്ലാസ്സുകളിലെ 16,650 കുട്ടികൾക്ക് 15,000 രൂപ വീതവും സ്കോളർഷിപ്പ് ലഭിക്കും.

വിദേശത്തു ഉപരിപഠനത്തിനായി 2014-15 മുതൽ 10 കോടി രൂപ അടങ്കലുള്ള നാഷണൽ ഓവർസീസ്സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന് കീഴിൽ 60 വിദ്യാർത്ഥികൾക്ക് വിദേശ ബിരുദാനന്തര -

ഗവേഷണ പഠനങ്ങളും പ്രതിവർഷം 13 ലക്ഷംരൂപ ലഭിക്കും.

### ദീനദയാൽ പുനരധിവാസ പദ്ധതി

അംഗപരിമിതർക്ക് സഹായം നൽകുന്ന എ.ഡി.ഐ.പി. പദ്ധതി പുനരാവിഷ്ക്കരിച്ചു. ഏകാംഗ പരിമിതിക്ക് പരിധി ആറായിരം രൂപയിൽ നിന്ന് പതിനായിരം രൂപയാക്കി. കൂടുതൽ അംഗ പരിമിതികളുള്ളവർക്കുള്ള സഹായം 8000 രൂപയിൽ നിന്ന് 12000 രൂപയാക്കി. 100 ശതമാനം ഇളവ് ലഭിക്കേണ്ട വരുമാന പരിധി പ്രതിമാസം 6500 രൂപ എന്നതു 15000 രൂപയും 50 ശതമാനം ഇളവിനുള്ള പരിധി പ്രതിമാസം 15000 ത്തിൽ നിന്ന് ഇരുപതിനായിരം രൂപയുമായിഉയർത്തി. പുതുക്കിയ എ.ഡി.ഐ.പി. പദ്ധതി പ്രകാരം പ്രതിവർഷം 500 കുട്ടികൾക്ക് വീതം ശ്രവണ സഹായിവച്ച് പിടിപ്പിക്കും. ഓരോ യൂണിറ്റിനും പരമാവധി ചെലവ് 6 ലക്ഷംരൂപ വരെ കേന്ദ്ര ഗവൺമെന്റ് വഹിക്കും. അംഗപരിമിതരുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കായിഒരു പ്രത്യേക വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. രാജ്യത്തുടനീളം സ്വാവലംബൻ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങളുടെവിതരണ ഉദ്ഘാടനം 2014 സെപ്റ്റംബറിൽ മദ്ധ്യപ്രദേശിലെ ഉജ്ജയിനിൽ നിടന്നു.

അംഗപരിമിതി നേരിടുന്ന കായിക താരങ്ങൾക്കായി ഡിസെബിലിറ്റി സ്പോർട്സ് സെന്ററുകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ച് കഴിഞ്ഞു.

### ഭാവി പരിപാടികൾ

സമൂഹത്തിൽ സ്വതന്ത്രവും അന്തസ്സാർന്നതുമായ ജീവിതം നയിക്കുന്നതിന് അംഗപരിമിതരെ സഹായിക്കുന്നതിന് സുഗമ ഭാരത് അഭിയാൻ ആരംഭിക്കും. അംഗപരിമിതർക്ക് സാർവ്വദേശീയ തിരിച്ചറിയൽ സ്മാർട്ട് കാർഡുകൾ നൽകുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കഴിഞ്ഞു. ഈ കാർഡുകൾക്ക് രാജ്യത്തുട നീളം സാധുത ഉണ്ടായിരിക്കും.

ദേശീയവികലാംഗ ധനസഹായ

**അംഗപരിമിതർക്ക് സഹായം നൽകുന്ന എ.ഡി.ഐ.പി. പദ്ധതി പുനരാവിഷ്ക്കരിച്ചു. ഏകാംഗ പരിമിതിക്ക് പരിധി ആറായിരം രൂപയിൽ നിന്ന് പതിനായിരം രൂപയാക്കി. കൂടുതൽ അംഗ പരിമിതികളുള്ളവർക്കുള്ള സഹായം 8000 രൂപയിൽ നിന്ന് 12000 രൂപയാക്കി. 100 ശതമാനം ഇളവ് ലഭിക്കേണ്ട വരുമാന പരിധി പ്രതിമാസം 6500 രൂപ എന്നതു 15000 രൂപയും 50 ശതമാനം ഇളവിനുള്ള പരിധി പ്രതിമാസം 15000 ത്തിൽ നിന്ന് ഇരുപതിനായിരം രൂപയുമായിഉയർത്തി.**

കോർപ്പറേഷന്റെ സഹായത്തോടെ ഒരു ജോബ് പോർട്ടൽ തയ്യാറാക്കിവരികയാണ്. ഗവൺമെന്റ് പൊതു - സ്വകാര്യ മേഖലകളിലെ തൊഴിലവസരങ്ങളെ കുറിച്ച് അറിവ് ലഭ്യമാക്കുന്നതിനാണ് ഈ പോർട്ടൽ ലക്ഷ്യമിട്ടിരിക്കുന്നത്. അംഗപരിമിതരുടെ നൈപുണ്യ വികസനത്തിനായി നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിലുമായി ചേർന്ന് സമഗ്രമായ കർമ്മ പരിപാടിക്ക് രൂപം നല്കും.

അംഗപരിമിതരുടെ വിവിധ സംഘടനകൾ നിർമ്മിച്ച ഉല്പന്നങ്ങൾക്കായി ഡൽഹിയിൽ ദേശീയമെഗാഫെയറുകൾ സംഘടിപ്പിക്കും.

ഗവൺമെന്റ് ജോലികൾക്കും, പ്രൊഫഷണൽ സാങ്കേതിക കോഴ്സുകൾക്കായുള്ള മത്സരപരീക്ഷകൾക്കായി അംഗപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ കൗൺസിലിംഗ് നൽകുന്ന പദ്ധതിക്കും രൂപം നൽകിവരികയാണ്.

വിവിധ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സഹകരണത്തോടെ 15000 അംഗ പരിമിതർക്ക് തൊഴിൽ പരിശീലനം നൽകും.

2015 മാർച്ചിൽ Paralympic Committee of India-യുമായി സഹകരിച്ച് ആദ്യ ദേശീയ പാരാ ഗെയിംസ്ന്യൂഡൽഹിയിൽ സംഘടിപ്പിക്കാനും പരിപാടിയുണ്ട്.

*(പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം)*

◆





**ബി.എൻ. ശർമ്മ**

# ഗ്രാമീണകുടുംബങ്ങൾക്ക് മുഴുവൻ സമയവൈദ്യുതി ഉറപ്പ് വരുത്താൻ

സമ്പദ് ഘടനയുടെ സുഗമമായ പ്രവർത്തനത്തിന് നിർണ്ണായകമായഅടിസ്ഥാന സൗകര്യഘടകമാണ്വൈദ്യുതിമേഖല. വളർച്ചയ്ക്കും, ദാരിദ്ര്യലഘൂകരണത്തിനും, താങ്ങാവുന്ന വിലയ്ക്കുള്ള, ഗുണമേന്മയുള്ളതും കാര്യക്ഷമതയാർന്നതും, എപ്പോഴും ലഭ്യവുമായ വൈദ്യുതിഅത്യന്താപേഷിതമാണ്. കാർഷിക-വ്യാവസായിക രംഗങ്ങളിൽ ഉൾപ്പെടെ രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വികസനത്തെ ഇത് സഹായിക്കും. രാജ്യത്തെ ഓരോവീട്ടിലും ദിവസം മുഴുവനും വൈദ്യുതിലഭ്യമാക്കിക്കൊണ്ട്, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബന്ധമാണ്.

ഇപ്പോൾ രാജ്യത്തെ ഗ്രാമപ്രദേശങ്ങളിൽ പലയിടത്തും നിലവിലുള്ള വൈദ്യുതിവിതരണം അപര്യാപ്തവും ആശ്രയിക്കാൻ പറ്റാത്തതുമാണ്. ഗ്രാമപ്രദേശങ്ങളിൽ കാർഷിക, കാർഷികേതര (ഗാർഹികവും അല്ലാത്തവയും) കണക്ഷനുകളിലേക്ക് വൈദ്യുതിലഭ്യമാക്കുന്നത് പൊതുവായവിതരണ ശൃംഖലയിലൂടെയാണ്. ആവശ്യവും ലഭ്യതയും തമ്മിലുള്ള വിടവ് നികത്താൻ വിതരണ ഏജൻസികൾ ഗ്രാമീണമേഖലകളിൽ അടിക്കടി ലോഡ്ഷെഡിംഗ് ഏർപ്പെടുത്തും. കാർഷിക-കാർഷികേതര-ഉപഭോക്താക്കളെ ഇതു ഗുരുതരമായി ബാധിക്കും. കൂടാതെ ഗ്രാമീണ ഉപഭോക്താക്കളുടെ എണ്ണം അനുദിനം വർദ്ധിച്ച് വരുന്നതും മാറിയ ജീവിതശൈലിയും ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതിയുടെ ആവശ്യകത പതിന്മടങ്ങ് കൂട്ടി. ഇതുമൂലം വിതരണശൃംഖല തുടർച്ചയായി ശക്തിപ്പെടുത്തുകയും വിപുലപ്പെടുത്തുകയും വേണം. ഇത്തരത്തിൽ വിതരണ-ഉപവിതരണഅടിസ്ഥാന സൗകര്യങ്ങളുടെ ശക്തിപ്പെടുത്തൽ ഗ്രാമീണമേഖലയിൽ ഗുണമേന്മയുള്ള, എപ്പോഴും ലഭ്യമാകുന്നതുമായ വൈദ്യുതിക്ക് അനിവാര്യമാണ്.

കാർഷിക-കാർഷികേതര ഉപഭോക്താക്കൾക്ക് വൈദ്യുതിവിതരണം ചെയ്യുന്ന ഫീഡറുകൾവെവ്വേറെ ആക്കുമെന്നതു ഉറപ്പ് വരുത്തിയാൽഇരുകൂട്ടർക്കും ആവശ്യമായ അളവിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാനാകും. ഇത് ഗ്രാമീണമേഖലകളിലെ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഉണർവേകുകയും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യും.

എല്ലാവീടുകളിലും മുഴുവൻ സമയവൈദ്യുതി ലഭ്യത ഉറപ്പ് വരുത്താൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് 2014-15 ലെ ബജറ്റ്പ്രസംഗത്തിൽ കേന്ദ്ര ധനമന്ത്രി വ്യക്തമാക്കിയിരുന്നു. ഇതിനായി ദീനദയാൽ ഉപാധ്യായ ഗ്രാംജ്യോതിയോജന എന്ന പുതിയ പദ്ധതിയും അദ്ദേഹം പ്രഖ്യാപിച്ചു.

അന്തർ-മന്ത്രാലയകൂടിയാലോചനകൾക്കും സംസ്ഥാനങ്ങൾ ഉൾ



പ്പെടെ ബന്ധപ്പെട്ട എല്ലാവരുമായി നടത്തിയ ചർച്ചകൾക്ക് ശേഷം കേന്ദ്ര ഗവൺമെന്റ് തുടക്കമിട്ട ഈ പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങൾ ഇവയാണ്:

എ) കാർഷിക-കാർഷികേതര ഉപഭോക്താക്കൾക്കുള്ള വൈദ്യുതിവിതരണ ഫീഡറുകൾ വെവ്വേറെആക്കിക്കൊണ്ട്, വൈദ്യുതിവിതരണ കമ്പനികൾ ഇരുകൂട്ടർക്കും ന്യായയുക്തമായി വൈദ്യുതി ലഭ്യമാക്കുക.

ബി)ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതിമീറ്ററിംഗ് സമ്പ്രദായം ഉൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് പ്രസരണ-വിതരണശൃംഖലശക്തിപ്പെടുത്തുക.

സി)ഗ്രാമീണ വൈദ്യൂതികരണം: സമാനമായ മുൻ പദ്ധതികളെക്കാൾ ഇതിനുള്ള പ്രധാന സവിശേഷത, സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി ഇതു മാറ്റിയെടുക്കാം എന്നതാണ്. മലമ്പ്രദേശങ്ങൾക്കും പ്രത്യേക വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് എല്ലാ ഗ്രാമങ്ങളും, ജനവാസകേന്ദ്രങ്ങളും ഈ പദ്ധതിക്ക് കീഴിൽവരും.

ദീനദയാൽ ഉപാധ്യായ ഗ്രാമജ്യോതി പദ്ധതി നടപ്പിലാക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 75 % കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി വിതരണ കമ്പനികൾക്ക് നൽകും. പ്രത്യേക വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങൾക്ക് ഇത് 90 ശതമാനമായിരിക്കും. സ്വകാര്യമേഖലയിലേതടക്കം എല്ലാത്തരം വൈദ്യുതിവിതരണ കമ്പനികൾക്കും ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാകും. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള മാർഗങ്ങളിലൂടെയുള്ള ചോർച്ച പരമാവധി കുറച്ചും, എല്ലാതലങ്ങളിലും നൂറ്ശതമാനം മികവ് ഉറപ്പ്വരുത്തിയും വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതി പ്രത്യേക ശ്രദ്ധ നൽകുന്നു. സംസ്ഥാന ഗവൺമെന്റുകളുടെയും വിതരണ കമ്പനികളുടെയും സഹകരണത്തോടെ 12,13 പഞ്ചവത്സര പദ്ധതികളിലായി 5 വർഷം കൊണ്ട് പദ്ധതി നിർവ്വഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ ഇതിനകം പുറപ്പെടുവിച്ച്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനങ്ങളും വിതരണ കമ്പനികളും പദ്ധതി നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ്.

ഈ പദ്ധതി ഫലപ്രദവുംകാര്യക്ഷമവുമായി നടപ്പിലാക്കുന്നതിലൂടെ കാർഷികമേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കാനും, മെച്ചപ്പെട്ട ആരോഗ്യ വിദ്യാഭ്യാസസേവനങ്ങളും റേഡിയോ, ടെലിഫോൺ, ടെലിവിഷൻ, മൊബൈൽഫോൺ തുടങ്ങിയ വാർത്താവിനിമയ സങ്കേതങ്ങൾ ലഭ്യമാക്കാനും കഴിയും. ഗ്രാമപ്രദേശങ്ങളിൽ സൂര്യാസ്തമയത്തിനു ശേഷം മെച്ചപ്പെട്ട വെളിച്ചംലഭ്യമാക്കുന്നതിലൂടെ പൊതുസ്ഥലങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കാനും ഇതുവഴി സാധിക്കും.

ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ 2019 ഓടെ ഗ്രാമീണമേഖലകളിലെ നൂറ്ശതമാനം വീടുകളിലും മുഴുവൻ സമയവും താങ്ങാവുന്ന വിലയ്ക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാനാകും. ◆

** കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയാണ് ബി.എൻ. ശർമ്മ*

16-ൽ നിന്ന് തുടർച്ച



ബദ്ധതയുടെ മകുടോദാഹരണമാണ്. കൂടാതെ അയൽക്കൂട്ടങ്ങളിൽ ബിപിഎൽ അംഗങ്ങളുടെ പ്രാതിനിധ്യം അനുസരിച്ച് ഭാരവാഹികളെ നിശ്ചയിക്കുന്നതിനും കുടുംബശ്രീ പ്രത്യേകം ശ്രദ്ധിച്ചു എന്നത് ശ്രദ്ധേയമാണ്.

പാർശ്വവൽകരിക്കപ്പെട്ട സമൂഹത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാൻ കുടുംബശ്രീ എന്നും മുന്നിലായിരുന്നു. എല്ലാ കുടുംബങ്ങളേയും 100% ഉൾപ്പെടുത്തൽ നടത്തി സമസ്ത വിഭാഗങ്ങളെയും കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ കൊണ്ടുവരാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. എസ്.സി, എസ്.റ്റി വിഭാഗങ്ങൾക്ക് അവരുടെ അംഗത്വത്തിനനുസരിച്ച് ഭാരവാഹിത്വം ഉറപ്പുവരുത്തുകയും കേരളത്തിലെ നിശ്ചിത ശതമാനം സിഡിഎസ് ചെയർപേഴ്സൺ സ്ഥാനം 135 സ്ഥാനം എസ്.സി വിഭാഗത്തിനും 57 എണ്ണം എസ്.റ്റി വിഭാഗത്തിനും 12 എണ്ണം നഗര സിഡിഎസുകൾ എസ്.സി വിഭാഗത്തിനായും കൽപ്പറ്റ നഗരസഭ സിഡിഎസ് ചെയർപേഴ്സൺ സ്ഥാനം എസ്.റ്റി വിഭാഗത്തിനായും സംവരണം ചെയ്താണ് സിഡിഎസ് ഇലക്ഷൻ പൂർത്തീകരിച്ചത്. കേരളത്തിലെ 260568 അയൽക്കൂട്ടങ്ങളിലും 19894 എഡിഎസുകളിലും 1070 സിഡിഎസുകളിലും കുടുംബശ്രീ ഇലക്ഷൻ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

ഒട്ടേറെ പ്രത്യേകതകളോടെയാണ് കുടുംബശ്രീ ഇലക്ഷൻ പ്രവർത്തനം 2014 ഡിസംബർ 24 ന് ആരംഭിച്ചത്. 2015 ജനുവരി 26 ന് പരിസമാപ്തി കുറിച്ച കുടുംബശ്രീ ഇലക്ഷനിൽ ആദ്യമായി ചട്ടം ഉണ്ടാക്കാനും സംവരണം ഉണ്ടാക്കുവാനും രഹസ്യ ബാലറ്റ് സംവിധാനം ഏർപ്പെടുത്താനും പഠനപ്രക്രിയയ്ക്ക് ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കി എല്ലാവർക്കും എത്തിക്കുവാനും ലളിതമായ നടപടിക്രമങ്ങളും ഫോർമാറ്റുകളും ഇലക്ഷനിൽ ഏർപ്പെടുത്തുവാനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. എല്ലാ തലങ്ങളിലും പരിശീലനം ഏർപ്പെടുത്തി, ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുവാനും പരാതിക്കിടയില്ലാത്ത വിധം ഇലക്ഷൻ പ്രവർത്തനം പൂർത്തികരിക്കാൻ കഴിഞ്ഞതും കുടുംബശ്രീ പ്രവർത്തകർക്ക് അഭിമാനിക്കാം, ജില്ലാ കളക്ടർ നേതൃത്വം നൽകുകയും പ്രവർത്തന ഏകോപനത്തിന് ജില്ലാ തല തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാരുടെ സഹായവും ഉണ്ടായിട്ടുണ്ട്. ഓരോ സിഡിഎസ്സുകളിലും റിട്ടേണിംഗ് ഓഫീസറും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറും വാർഡ് തലത്തിൽ എഡിഎസ് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെയും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തിയിരുന്നു.

എല്ലാ ഭാരവാഹികളുടെയും വിവരങ്ങൾ എംഐഎസ് (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സംവിധാനത്തിൽ ആക്കിയത് ഈപ്രാവശ്യത്തെ ഇലക്ഷന്റെ ഒരു സവിശേഷതയാണ്.

അടുത്ത മൂന്നു വർഷ കാലം ചടുലമായ പ്രവർത്തനം കൊണ്ട് കുടുംബശ്രീ സംവിധാനത്തിൽ പ്രവർത്തന മികവ് ഉണ്ടാക്കാനുള്ള തയ്യാറെടുപ്പിലാണ് പുതിയ നേതൃത്വം. 61% പുതിയ സിഡിഎസ് ചെയർപേഴ്ൺമാർ ഈ തെരഞ്ഞെടുപ്പിലൂടെ കുടുംബശ്രീയുടെ നേതൃത്വത്ത രംഗത്തേയ്ക്ക് എത്തി എന്നത് കുടുംബശ്രീയുടെ നവചൈതന്യത്തെ ഓർമ്മിപ്പിക്കുന്നു. കേവലം ആലങ്കാരിക പദവിക്ക് അപ്പുറത്ത്, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമഐശ്വര്യത്തിന് അഹോരാത്രം പ്രവർത്തിക്കേണ്ട പദവികളാണ് എന്ന തിരിച്ചറിവ് ഭാരവാഹികൾക്ക് ഉണ്ടാകേണ്ടതായിട്ടുണ്ട്. സാധാരണ സ്ത്രീകളുടെയും പ്രയാസമനുഭവിക്കുന്ന സ്ത്രീകളുടെയും അത്താണിയായി പ്രവർത്തിക്കാൻ സിഡിഎസ് സംവിധാനത്തിലെ ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് ആശംസിച്ച് ലോകം അറിയപ്പെടുന്ന 16 വർഷക്കാലമായി കേരളത്തിന്റെ പ്രവർത്തനമികവായി അംഗീകരിച്ച് കുടുംബശ്രീസംവിധാനത്തിൽ ബഹുമാന്യനായ കുടുംബശ്രീ ചെയർമാൻ ഡോ.എം.കെ. മുനീറിന്റെ നേതൃത്വത്തിൽ ഒരു മുത്തുമാലയിലെ മുത്ത് മണികൾപോലെ സൗഹാർദ്ദത്തോടെയും സാഹോദര്യത്തോടെയും സമഭാവനയോടെയും ഒത്തൊരുമിച്ച് പ്രവർത്തിക്കാം എന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. ◆

*ലേഖകൻ കുടുംബശ്രീയിൽ പ്രോഗ്രാം ആഫീസറാണ്*

ഡോ. ജയ്ദീപ് ബിശ്വാസ്

# ലോക കാൻസർ ദിനം



**2012**ൽ ലോകമെമ്പാടും പുതുതായി 14.1 ദശലക്ഷം കാൻസർ കേസുകൾ റിപ്പോർട്ട് ചെയ്തെന്നും 8.2 ദശലക്ഷം കാൻസർ മരണങ്ങൾ നടന്നുവെന്നുമാണ്കണക്കുകൾ സൂചിപ്പിക്കുന്നത്. 2025 ആകുമ്പോഴേക്കും പുതുതായി 19.3 ദശലക്ഷം കാൻസർ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുമെന്നും കണക്കാക്കുന്നു. ലോകജനസംഖ്യയുടെ വളർച്ചയും പ്രായാധിക്യവും ഇവയ്ക്ക് കാരണങ്ങളാവും.

2012 ൽ ആകെ കാൻസർ രോഗികളിൽ 56.8 ശതമാനവും, കാൻസർ മരണങ്ങളിൽ 64.9 ശതമാനവും സംഭവിച്ചത്അവികസിത രാജ്യങ്ങങ്ങളിലാണ്. 2025 ഓടെ ഈ നിരക്ക് ഇനിയും വർദ്ധിക്കുമെന്നാണ് സൂചനകൾ. കാൻസർ ഒരു പകർച്ച വ്യാധിപോലെ പടർന്നു പിടിച്ചേക്കാവുന്ന ഇന്ത്യയിലും മറ്റു ലോക രാജ്യങ്ങളിലും കാൻസൻ ബോധവത്കരണവും പ്രതിരോധ മാർഗങ്ങളും ഏറെ പ്രാധാന്യമർഹിക്കുന്നു. കാൻസർ രോഗത്തിനെതിരായി ബോധവത്കരണം നടത്താനും പ്രതിരോധ, ചികിത്സാ സൗകര്യങ്ങളെക്കുറിച്ച് അറിവു പകരാനുമായി എല്ലാവർഷവും ഫെബ്രുവരി 4 ലോക കാൻസർ ദിനമായി ആചരിച്ചു വരുന്നു.

2011 ൽ ഐക്യരാഷ്ട്രസഭ 'ലോകകാൻസർ പ്രഖ്യാപനം'നടത്തിയിരുന്നു. കാൻസർരോഗം സംബന്ധിച്ച് നിലവിലുള്ള തെറ്റിദ്ധാരണകളും, കെട്ടുകഥകളും തിരുത്തുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. കെട്ടുകഥകളുടെ കാപട്യം വെളിവാക്കുക എന്ന ടാഗ്ലൈനിൽ 2014 ൽ പ്രത്യേക പ്രചാരണ പരിപാടി നടത്തി. ഈ വർഷത്തെ ലോക കാൻസർ ദിനാചാരണത്തിന്റെ സന്ദേശം 'കാൻസർ വരുതിക്കുള്ളിലാണ' -(Not beyond us) എന്നതാണ്.

കാൻസറിനെതിരായ പോരാട്ടത്തിൽ പുരോഗമനപരമായ സമീപനം കൈക്കൊള്ളുക എന്നുള്ളതാണ് 2015 ലെ ലോക കാൻസർ ദിനാചരണം. കാൻസറിനെതിരായ പ്രതിവിധികൾ ലഭ്യമാണെന്നും രോഗം നമ്മുടെ വരുതിക്കുള്ളിലാണെന്നും ഈ വർഷത്തെ ദിനാചരണ സന്ദേശം നമ്മെ ഓർമ്മിപ്പിക്കുന്നു. എല്ലാവർക്കും ഈ പ്രതിവിധികൾ പ്രാപ്യമാണെന്നും അത് നമ്മെ ഓർമ്മിപ്പിക്കുന്നു. കാൻസർ പ്രതിരോധത്തിന് നിലവിലുള്ള സംവിധാനങ്ങളെക്കുറിച്ച് അറിവ് പകരൽ, മുൻകൂട്ടിയുള്ള രോഗ നിർണ്ണയം, ചികിത്സ, സമൂഹത്തിനാകെ ബാധ്യതയാകുന്ന കാൻസറിന്റെ വ്യാപ്തി കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ എന്നിവയെല്ലാം ഈ വർഷത്തെ പ്രചാരണ പദ്ധതിയുടെ ഭാഗമാണ്. പ്രതീക്ഷ പകരുകയും ബോധവത്ക്കരണം നടത്തുകയും ചെയ്യുകയാണ് അതിന്റെ പ്രധാന ലക്ഷ്യം. വ്യക്തിയുടെയും, സമൂഹത്തിന്റെയും, ഗവൺമെന്റിന്റെയുംശ്രമങ്ങൾ ഒരുമിച്ച് ചേർന്നാൽ അനുകൂലമായ ഒരു സാമൂഹികമാറ്റത്തിനുള്ള അന്തരീക്ഷമൊരുക്കും. ഒരുമിച്ച് നിന്നാൽ ഈ രോഗത്തെ പൊരുതിത്തോൽപ്പിക്കാൻ നമുക്കാവും.

ഈ വർഷം നാല് മേഖലകളിലാണ് ഊന്നൽ നല്കിയിട്ടുള്ളത്. ആരോഗ്യപരമായ ജീവിത ശൈലി സ്വീകരിക്കൽ, മുൻകൂട്ടിയുള്ള രോഗനിർണ്ണയം, എല്ലാവർക്കും ചികിത്സാ സൗകര്യമൊരുക്കൽ, ഇതുവഴി പരമാവധി ജീവിത ഗുണനിലവാരം എന്നിവയാണ് ഈ മേഖലകൾ.

മഹാത്മാഗാന്ധി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ദേശബന്ധു ചിത്തരഞ്ജൻ ദാസ്, ഡോ. ബിധാൻ ചന്ദ്ര റോയ് എന്നീ പ്രമുഖ വ്യക്തികളുമായി ബന്ധപ്പെട്ടു കിടക്കുന്ന ചരിത്ര സ്ഥാപനമാണ് കൊൽക്കത്തയിലെ ചിത്തരഞ്ജൻ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്. ഗൈനക്കോളജിക്കൽ ഓങ്കോളജിസ്റ്റ് ആയിട്ടുള്ള ഡോ. സുബോദ് ചന്ദ്രമിത്രയാണ് ഇതിന്റെ സ്ഥാപക ഡയറക്ടർ. ഡോ. ബി.സി. റോയിയുടെ സഹായത്തോടും പിന്തുണയോടുമാണ് ചിത്തരഞ്ജൻ ക്യാൻസർ ഹോസ്പിറ്റലിന് (സി സി എച്ച്) അദ്ദേഹം തറക്കല്ലിട്ടത്. ഈ നഗരത്തിൽ ക്യാൻസർ രോഗത്തെക്കുറിച്ച് അടിസ്ഥാന ഗവേഷണം നടത്താനും മാരകരോഗങ്ങളെ ചികിത്സിക്കാനും ഒരു പ്രത്യേക ആശുപത്രി വേണമെന്ന് ഡോ. മിത്രക്ക് തോന്നി. ദേശബന്ധു ചിത്തരഞ്ജൻ ദാസിനുശേഷം 1950 ജനുവരി 12 നൊബേൽ ജേതാവ് ഫ്രൊഫ. മാഡം ജെ ക്യൂറിയാണ് ഈ സ്ഥാപനത്തിന്റെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചതും പേരിട്ടതും തുടർന്ന് 1957 ൽ അടിസ്ഥാന ഗവേഷണത്തി




നുവേണ്ടി ചിത്തരഞ്ജൻ നാഷണൽ കാൻസർ റിസർച്ച് സെന്റർ സി.എൻ. സി.ആർ.സിയും സ്ഥാപിതമായി. തുടർന്ന് 1987 ൽ ഇന്ത്യയുടെ പടിഞ്ഞാറൻ മേഖലയിൽ റീജിയണൽ കാൻസർ സെന്റർ എന്ന നിലയിൽ സേവനം ചെയ്യുന്നതിനായി സി സി എച്ചും സി എൻ സി ആർ സിയും കൂടി യോജിച്ച് സി എൻ സി ഐ നിലവിൽ വന്നു. ഇപ്പോൾ കേന്ദ്ര ആരോഗ്യ-കുടുംബ ക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള സ്വയംഭരണ സ്ഥാപനമാണ് സി.എൻ.സി.ഐ. അറുപത് വർഷമായി, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ളവർക്ക് പുറമെ രാജ്യത്തിന് പുറത്തുള്ളവർക്കു കൂടി ആശ്രയിക്കാവുന്ന ഏക സ്ഥാപനമാണ് സി എൻ സി ഐ, നിശ്ചിതാനുപാതത്തിൽ കേന്ദ്ര ഗവൺമെന്റും പശ്ചിമ ബംഗാൾ ഗവൺമെന്റും ഈ സ്ഥാപനത്തിന് ധനസഹായം നൽകുന്നു.

ഗവേഷണ പ്രവർത്തനങ്ങൾക്കും, രോഗ ചികിത്സയ്ക്കും വേണ്ടിയുള്ള മികവിന്റെ കേന്ദ്രമായി ഇന്ന് സി എൻ സി ഐ മാറി. ആശുപത്രി പൂർണമായും കാൻസർ രോഗികളുടെ ചികിത്സയ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ടു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ആശുപത്രിയിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ആരോഗ്യ നിധി പ്രകാരം 500 ലധികം രോഗികൾക്ക് കീമോത്തെറാപ്പിക്കുള്ള മരുന്നുകളും സൗജന്യമായി ലഭിക്കുന്നു.

ക്യാൻസർ കുട്ടികളെയും ബാധിക്കുന്നു. ശിശുരോഗികൾക്കായി പ്രത്യേക ഓങ്കോളജി വാർഡ് ഉടൻ തന്നെ പ്രവർത്തന സജ്ജമാക്കും. പ്രതിരോധത്തിനും രോഗികളുടെ പരിചരണ ശുശ്രൂഷയ്ക്കും വേണ്ടി പ്രിവന്റീവ് ഓങ്കോളജി വിഭാഗം സജ്ജീകരിച്ചിട്ടുണ്ട്. രോഗികൾക്ക് കീമോതെറാപ്പി ചികിത്സയ്ക്കും, രക്തം മാറ്റുന്നതിനുമായി ഒരു പുതിയ ഡേ കെയർ യൂണിറ്റ് 2009 മാർച്ച് ആറിന് പ്രവർത്തനം തുടങ്ങി. ദൂരദേശങ്ങളിൽ നിന്നുമെത്തുന്ന രോഗികൾക്കും അവരുടെ ആശ്രിതർക്കും രാത്രിവാസവും, ശുചിമുറികളും, കുടിവെള്ള സൗകര്യവും എല്ലാം ഇവിടെ സജ്ജമാണ്.

സി എൻ സി ഐ യുടെ ഗവേഷണ വിഭാഗം കാൻസർ ചികിത്സാരംഗത്തെ യോഗ്യരായ ഉയർന്ന വിദഗ്ദ്ധ ശാസ്ത്രജ്ഞരാൽ സമ്പന്നമാണ്. ദേശീയ അന്തർദേശീയ സഹകരണത്തോടെ വിവിധ ക്ലിനിക്കൽ ട്രയലുകളും സി.എൻ.സി.ഐ ഏറ്റെടുത്തിട്ടുണ്ട്.

ദേശീയ അന്തർദേശീയ ജേർണലുകളിൽ ചിത്തരഞ്ജൻ കാൻസർ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെശരാശരി50 ഓളം പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടുത്തിവരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചില ഗവേഷണ പ്രവർത്തനങ്ങൾ ബൗദ്ധിക സ്വത്തവകാശ നിയമപ്രകാരം പേറ്റന്റ് ചെയ്തിട്ടുണ്ട്. രാജ്യത്തെ വിവിധ സർവ്വകലാശാലകളിലും കോളേജുകളിലും നിന്നുള്ള നിരവധി വിദ്യാർത്ഥികൾക്ക് വർഷം തോറും ഗവേഷണ വിഭാഗത്തിലെ ശാസ്ത്രജ്ഞർ പരിശീലനം നല്കുന്നുണ്ട്. ചിത്തരഞ്ജൻ കാൻസർ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉയർന്ന ഗുണനിലവാരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സി.എൻ.സി.ഐ ആശുപത്രിയിൽ ആരംഭിച്ചിട്ടുള്ള ഡി.എൻ.ബി കോഴ്സിൽ നിരവധി ഡോക്ടർമാർ ചേർന്നിട്ടുണ്ട്. തുടർച്ചയായി രണ്ട് വർഷം എം.ആർ.സി.എസ്. പാർട്ട് 3 പരീക്ഷ നടത്തുന്നതിന് എഡിൻബറോയിലെ റോയൽ കോളേജ് ഓഫ് സർജൻസ്, സി.എൻ.സി.ഐ യെ തെരഞ്ഞെടുത്തു എന്നത് സ്ഥാപനത്തിനുള്ള വലിയൊരു ബഹുമതിയാണ്.

വർദ്ധിച്ചു വരുന്ന രോഗികളുടെ ആവശ്യാനുസൃതംസി.എൻ.സി. ഐയിൽ മതിയായ സൗകര്യങ്ങൾ ഇല്ലാത്തതുമൂലം ആശുപത്രിയുടെ വികസനം അനിവാര്യമായിരിക്കുകയാണ്. കൊൽക്കത്തയിലെ രാജാർ ഹട്ടിലെ ന്യൂടൗണിൽ പത്തേക്കർ സ്ഥലത്ത് അത്യാധുനിക സൗകര്യങ്ങളോട് കൂടിയ 500 കിടക്കകളുള്ള കാൻസർ ചികിത്സ കേന്ദ്രത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. വിശദമായ പദ്ധതിരേഖ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

കാൻസർ ചികിത്സയുടെയും ഗവേഷണത്തിന്റെയും മേഖലയിൽ ഗണ്യമായ പുരോഗതി കൈവരുത്താനുള്ള ചിത്തരഞ്ജൻ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഹതഭാഗ്യരായ രോഗികൾക്ക് കാൻസറിനെ നേരിടാൻ ഏറ്റവും അത്യാധുനികവും ഫലപ്രദവുമായ ചികിത്സ പ്രാപ്യമാക്കുന്ന നല്ലൊരു നാളെ ലക്ഷ്യമിട്ടാണ് മുന്നേറുന്നത്.

*(ലേഖകൻ സി.എൻ.സി.ഐയിൽ ഓങ്കോളജി വിഭാഗം മേധാവിയും ഡയറക്ടറുമാണ്)*

◆

# സുരക്ഷിത ഭക്ഷണത്തിന് സുഭാഷ് പലേക്കർ മോഡൽ

പി മനോജ് കുമാർ

പതിറ്റാണ്ടായി കേട്ടുമടുത്ത 'ഭക്ഷ്യ സുരക്ഷ' എന്ന വാക്കിനു പകരം 'സുരക്ഷിത ഭക്ഷണം' എന്ന വാക്ക്, ഇപ്പോൾ മലയാളിക്ക് സ്വപ്നം കാണാൻ പോലും അവകാശമില്ലാത്ത ആ പദം, ബഹുമാനപ്പെട്ട നമ്മുടെ വകുപ്പ് മന്ത്രി തന്നെ ശക്തമായി ഉന്നയിച്ചതു കേട്ട പ്രത്യാശയാണ് ഇതെഴുതാനുള്ള പ്രചോദനം.

ഭക്ഷണത്തോടൊപ്പം നാം അകത്താക്കുന്ന വിഷം തന്നെയാണ് എല്ലാ മാരകരോഗങ്ങൾക്കും കാരണമെന്ന തിരിച്ചറിവ് നമുക്കുണ്ട്. എന്നിട്ടും, നിവൃത്തികേട് ഒന്നുകൊണ്ടു മാത്രം, നാം പണം കൊടുത്ത് വീണ്ടും വിഷം നിറച്ചതു തന്നെ വാങ്ങി കഴിക്കുന്നു.

'ജൈവകൃഷി ഉത്പന്നം' എന്ന പേരിൽ കിട്ടുന്നതിലും രാസവിഷങ്ങളുടെ സാന്നിദ്ധ്യം ധാരാളമുള്ളതായി, റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അങ്ങനെ കൂടുതൽ വിലകൊടുത്ത് 'സുരക്ഷിത ഭക്ഷണം' എന്ന തെറ്റിദ്ധാരണയിൽ ജൈവകൃഷി ഉത്പന്നമെന്ന പേരിൽ കിട്ടുന്ന വിഷം തന്നെ വീണ്ടും നാം അകത്താക്കുന്നു.


അതുകൊണ്ടാണ് ഇൻഡ്യയിൽ നിന്നും ഓർഗാനിക് സർട്ടിഫിക്കേഷനോടെ വിദേശത്തേക്ക് കയറ്റി അയച്ച സുഗന്ധദ്രവ്യങ്ങളും, കൂടാതെ കേരളത്തിലെ അതി പ്രശസ്തമായ ഒരു ആയുർവേദ സ്ഥാപനത്തിന്റെ മരുന്നുകളും ചില യൂറോപ്യൻരാജ്യങ്ങൾ തിരിച്ചയച്ച വാർത്ത നാം മാധ്യമങ്ങളിൽ വായിക്കാനിടയായത്.

വിഷമില്ലാത്ത ഭക്ഷണം, ശുദ്ധജലം, പരിശുദ്ധമായ അന്തരീക്ഷം ഇവ മനുഷ്യൻ ഉൾപ്പടെയുള്ള എല്ലാ ജീവജീലങ്ങളുടെയും ജന്മാവകാശമാണ്. ഭക്ഷ്യസുരക്ഷയ്ക്കെന്ന് പറഞ്ഞ് പതിറ്റാണ്ടുകൾക്ക് മുൻപ് നടപ്പിലാക്കിയ, രാസകീടനാശിനികളും പുത്തൻ വിത്തുകളും വിതറിയ 'ഹരിതവിപ്ലവം' ഈ ജന്മാവകാശത്തെ തകർത്തു കളഞ്ഞു, നമ്മുടെ ജൈവവൈവിധ്യത്തെ നശിപ്പിച്ചു. എന്നാൽ ഭക്ഷ്യസുരക്ഷ നടപ്പായതുമില്ല. ധാന്യങ്ങളും എണ്ണകളും മാത്രമല്ല ഇപ്പോൾ പഴവർഗ്ഗങ്ങൾ പോലും ചൈനയിൽ നിന്നും അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്തതാണ് കമ്പോളത്തിൽ വാങ്ങാൻ കിട്ടുന്നത്.

ഈ സാഹചര്യത്തിലാണ് മഹാരാഷ്ട്രക്കാരനും ആധുനിക കൃഷി ശാസ്ത്രത്തിൽ ഉന്നത ബിരുദധാരിയുമായ സുഭാഷ് പാലേക്കറുടെ Zero Budget Natural Farming - ചെലവില്ലാ പ്രകൃതി കൃഷി എന്ന് മലയാളത്തിൽ പറയാം – എന്ന കൃഷി സമ്പ്രാദായം നമുക്ക് പരിപൂർണ്ണമായ പ്രത്യാശ നൽകുന്നത്.

### കൃഷിരീതി

യാതൊരുവിധത്തിലുമുള്ള രാ



സവളം, കീടനാശിനി, കളനാശിനി എന്നിവ ആവശ്യമില്ല. ജൈവവളവും ജൈവകീടനീശിനിയും വാങ്ങി തട്ടിപ്പിനി രയാകേണ്ടതില്ല. കൃഷിപ്പണികളും ജലസേചനവും താരതമ്യേന വളരെ കുറച്ചുമാത്രം മതി. ചെലവേറിയതും, ഉറപ്പായും പരിസ്ഥിതിയെ നശിപ്പിക്കുന്നതുമായ ആധുനിക കൃഷി സങ്കേതങ്ങൾ തീർത്തും വേണ്ട. ലളിതമായ പ്രയോഗ രീതി, വേണ്ട രീതിയിൽ ചെയ്താൽ രാസ/ ജൈവകൃഷികളെക്കാൾ വിളവു കൂടുതൽ ലഭിക്കും. ചെലവു കുറവ്. ഉൽപന്നങ്ങൾക്ക് തനതു മണം, ഗുണം, രുചി എന്നിവ ലഭിക്കും. 100 % പ്രകൃതി സൗഹൃദം , സമസ്ത ജീവജാലങ്ങൾക്കും ആരോഗ്യപ്രദം.





അതായത്, വിളവ് കൂടുതൽ കിട്ടുന്നതിനാൽ 100 % സുരക്ഷിതഭക്ഷണത്തോടൊപ്പം ഭക്ഷ്യസുരക്ഷയും സംജാതമാകുന്നു. മണ്ണ് സംരക്ഷണം, ജലസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, ആഗോളതാപനത്തെ കുറയ്ക്കൽ , എന്തിനധികം, ഒരു പ്രദേശത്ത് പലേക്കർ മോഡൽ കൃഷി ചെയ്താൽ 'സാമൂഹിക വനവൽക്കരണം' വരെ മറ്റു ചെലവില്ലാതെ ബോണസ്സായി കിട്ടുമെന്നതാണ് ഈ കൃഷിരീതിക്കു മാത്രം അവകാശപ്പെടാൻ പറ്റുന്ന കാര്യം.

ഇത്രയുമൊക്കെ ഒരുമിച്ച് ലഭിക്കുന്നത് പ്രകൃതിയുടെ മാത്രം മാജിക് ആണെന്നും താൻ സ്വന്തമായി കണ്ടുപിടിച്ചതല്ലെന്നും ഇതിന്റെ ഉപജ്ഞാതാവായ സുഭാഷ് പലേക്കർ വിനയത്തോടെ പറയുന്നു.

പരമ്പരാഗത കർഷക കുടുംബാംഗമായ സുഭാഷ് പലേക്കർ ആധുനിക കൃഷി ശാസ്ത്രത്തിൽ ഉന്നതബിരുദമെടുത്തശേഷം വെള്ളക്കോളർ ജോലിക്കുപോകാതെ സ്വന്തം കൃഷിയിടത്തിൽ താൻ പഠിച്ച ആധുനിക സമ്പ്രദായത്തിൽ തന്നെ വർഷങ്ങളോളം കൃഷി നടത്തി. എന്നാൽ വർഷങ്ങൾകൊണ്ട് ഇത് മണ്ണിനും മനുഷ്യനും ആവാസവ്യവസ്ഥയ്ക്കും ഉണ്ടാക്കുന്ന ദുരന്തങ്ങൾ അദ്ദേഹത്തിനു ബോധ്യപ്പെട്ടു. കാലക്രമേണ വിളവു കുറഞ്ഞു വരികയാണെന്ന യാഥാർത്ഥ്യവും മനസ്സിലാക്കി. തുടർന്ന് താൻ പഠിച്ച 'ശാസ്ത്രം' ഉപേക്ഷിച്ച് കൃഷിയിലെ സത്യാന്വേഷണത്തിനായി (ഒന്നിനെയും നശിപ്പിക്കാത്തതും സ്ഥിരം നിലനിൽക്കുന്നതുമായതിന്) ജീവിതം ഉഴിഞ്ഞു വച്ചു. വർഷങ്ങളുടെ ഗവേഷണഫലമായി ഇക്കാര്യത്തിൽ സ്വന്തമായ ഒരു പന്ഥാവ് ഋഷിതുല്യനായ ഈ മനുഷ്യൻ വെട്ടിത്തുറന്നു. അദ്ദേഹത്തിന്റെ സഹപാഠികളിൽ പലരും





യൂണിവേഴ്സിറ്റി വൈസ്ചാൻസലർമാരായി വിരമിച്ചശേഷം സുഖമായികഴിയുമ്പോൾ ഇദ്ദേഹം എല്ലാ ബുദ്ധിമുട്ടുകളും അവഗണിച്ച് തന്റെ കണ്ടെത്തലുകൾ ഇന്ത്യയിലെമ്പാടും സഞ്ചരിച്ച് കർഷകർക്ക് തികച്ചും സൗജന്യമായി പകർന്നു നൽകുന്നു

കാടിനെയാണ് അദ്ദേഹം തന്റെ ഗവേഷണ കേന്ദ്രമാക്കിയത്. അവിടെ രാസവളം, കീടനാശിനി, ജലസേചനം, മണ്ണിളക്കൽ ഇതൊന്നുമില്ലാതെ വൃക്ഷലതാദികൾ തഴച്ചു വളർന്ന് എങ്ങനെ മികച്ച കായ്കനികൾ ലക്ഷകണക്കിനു വർഷങ്ങളായി തുടർച്ചയായി ഉത്പാദിപ്പിക്കുന്നു എന്നതായിരുന്നു അദ്ദേഹത്തിന്റെ സംശയം. ഈ വലിയ രഹസ്യം തേടിയുള്ള ശാസ്ത്രീയ അന്വേഷണവും, തന്റെ കണ്ടെ

ത്തലിന്റെ, കൃഷിയിടത്തിലേക്കുള്ള അതീവ ലളിതമായ ആവിഷ്ക്കാരവും അദ്ദേഹം നിർവ്വഹിച്ചു.

കോടിക്കണക്കിന് വർഷങ്ങളായി വൃക്ഷലതാദികൾ നിരന്തരം പോഷകങ്ങൾ വലിച്ചെടുത്തിട്ടും കാട്ടിലെ മണ്ണിന്റെ ഫലപുഷ്ടി കുറയുന്നില്ലെന്ന് അദ്ദേഹം കണ്ടെത്തി. മണ്ണിലെ ഓർഗാനിക് കാർബൺ ആണ് ഉൽപാദനക്ഷമത ഉയർത്തുന്നത്. കാട്ടിലെ മണ്ണിൽ 2.5 % ഓർഗാനിക് കാർബൺ ഉളളപ്പോൾ കൃഷിയിടത്തിൽ അത് .2 % ആയി നേരിട്ട് വലിച്ചെടുത്ത് ഭക്ഷിക്കുകയല്ല ചെയ്യുന്നത്. അവയെ വേരുകൾക്ക് വലിച്ചെടുക്കാൻ പാകത്തിന് രൂപമാറ്റം വരുത്തിക്കൊടുക്കുന്ന ജോലി ഉപകാരിയായ ഒരുകൂട്ടം സൂക്ഷ്മജീവികൾക്കാണ്. ഇവ ചെടികളുടെ വേരുപടലത്തിനു സമീപം ധാരാളം കാണപ്പെടുന്നതായി സുഭാഷ് പലേക്കർ കണ്ടെത്തി. ഈ സൂക്ഷ്മജീവികളെ ആകർഷിക്കുന്നതിന് ചെടികളുടെ വേരുകൾ മധുരമുളള ശ്രവങ്ങൾ പുറപ്പെടുവിക്കുന്നതായും അദ്ദേഹം മനസ്സിലാക്കി.

ചേരുമ്പോഴാണ് അവിടെ പ്രകൃതിയുടെ മാജിക് നടക്കുന്നതെന്ന് അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു. വിവിധ വിളകളുടെ, സൂര്യപ്രകാശത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള ക്രമീകരണവും - തറയിലെ വള്ളിച്ചെടികൾ മുതൽ ആകാശം മുട്ടെ വളർന്നു നിൽക്കുന്ന മരങ്ങൾ വരെ വിവിധ തട്ടുകളായുള്ള ക്രമീകരണം- കാട്ടിൽ സ്വാഭാവികമായി നടക്കുന്നു.

ഇത് പേരു സൂചിപ്പിക്കുന്നതുപോലെ ചെലവില്ലാത്തതും 100% പ്രകൃതി സൗഹൃദവുമാണ്. നാടൻ



കുറഞ്ഞിരിക്കുന്നതായി അദ്ദേഹം കണ്ടെത്തി. കൂടാതെ കാട്ടിലെ മണ്ണിലുള്ള ക്ലേദത്തിൽ (Humous) നിന്നുമാണ് ചെടികൾക്ക് ആവശ്യമുള്ള എല്ലാ മൂലകങ്ങളും ലഭിക്കുന്നതെന്നും അദ്ദേഹം മനസ്സിലാക്കി. ചെടികളുടെയും ജീവജാലങ്ങളുടെയും ശരീരാവശിഷ്ടങ്ങൾ സൂക്ഷ്മജീവികളുടെ സഹായത്തോടെ വിഘടിച്ചാണ് ക്ലേദം ഉണ്ടാകുന്നത്. അങ്ങനെ കാട്ടിലെ മണ്ണ് 'അന്നപൂർണ്ണയായി' നിലനിൽക്കുന്നു.

മണ്ണിലെ മൂലകങ്ങൾ ചെടികൾ

ഈ രണ്ട് സംഗതികളെയും (ക്ലേദം + ഉപകാരികളായ സൂക്ഷ്മജീവികൾ) നാട്ടിലെ കൃഷിയിടത്തിൽ സൃഷ്ടിച്ചാൽ കാട്ടിലെ മണ്ണിന്റെ ഫലപുഷ്ടി കൃഷിയിടത്തിലെ മണ്ണിനും ഉറപ്പാക്കാനാകുമെന്ന് അദ്ദേഹം കണ്ടെത്തി.

കൂടാതെ കാട്ടിലെ ചെടികൾ എല്ലാം തനി സ്വാഭാവിക വിത്തുകൾ ആയതിനാൽ അവയുടെ രോഗ / കീട പ്രതിരോധശേഷിയും അപാരമാണ്. ഇതോടൊപ്പം സ്വാഭാവിക മണ്ണിരകളുടെ പ്രവർത്തനവും കൂടി

പശു, നാടൻ വിത്തുകൾ, നാടൻ മണ്ണിര എന്നിവയാണ് ഈ കൃഷി സമ്പ്രദായത്തിന്റെ അടിസ്ഥാന ഘടകങ്ങൾ.

ഒരു നാടൻ പശുവിന്റെ ചാണകവും മൂത്രവും കൊണ്ട് ലളിതമായി ഉണ്ടാക്കാവുന്ന മിശ്രിതം (ജീവാമൃതം) കൊണ്ട് 30 ഏക്കർ വരെ കൃഷി ചെയ്യാം. അതേ അടിസ്ഥാനഘടകങ്ങൾ കൊണ്ട് കീടനിവാരണവും കുമിൾ നിവാരണവും നടത്താനുള്ള മിശ്രിതവും ലളിതമായി തയ്യാറാക്കാം. വളം, കീടനാശിനി ഉൾപ്പടെ



ഒന്നും തന്നെ പുറത്തു നിന്നും വാങ്ങാതെ, ആരെയും അഥവാ ഒരു ഏജൻസിയേയും ആശ്രയിക്കാതെ കർഷകനു സ്വയംപര്യാപ്തമായി കൃഷി ചെയ്യാം.

നാടൻ പശുവിന്റെ ചാണകവും മൂത്രവും വാസ്തവത്തിൽ വളം എന്ന രീതിയിൽ ചെടികൾ നേരിട്ടു വലിച്ചെടുക്കുകയല്ല ചെയ്യുന്നത്. ഇതിലുള്ള ചെടികൾക്കുവേണ്ട സൂക്ഷ്മാണുക്കളെയാണ് ഉപയോഗപ്പെടുത്തുന്നത്. ഈ സൂക്ഷ്മാണുക്കളാണ് മണ്ണിലെ മൂലകങ്ങളെ ചെടികൾക്ക് വലിച്ചെടുക്കാൻ പാകത്തിന് മാറ്റം വരുത്തി നൽകുന്നത്.

ക്ലേദ നിർമ്മാണത്തിനായി ജൈവ അവശിഷ്ടങ്ങൾകൊണ്ടുള്ള പുതയോ, കളകളെ നശിപ്പിക്കാതെ നിയന്ത്രിച്ചു നിർത്തിയുള്ള ജൈവ പുതയോ അത്യാവശ്യമാണ്.

നാടൻ പശുവിന്റെ ചാണകം, മൂത്രം, ശർക്കര, പയർ വർഗത്തിലുള്ള ഏതെങ്കിലും ധാന്യം, രാസകീടനാശിനികൾ ഏൽക്കാത്ത ആ കൃഷി സ്ഥലത്തെ ഒരു പിടി മണ്ണ് എന്നിവ പ്രത്യേക അനുപാതത്തിൽ, കൂടുതൽ അളവ് വെള്ളത്തിൽ കലക്കി 48 മണിക്കൂർ പുളിക്കാൻ അനുവദിച്ച് ഉണ്ടാക്കുന്ന 'ജീവാമൃതം' എന്ന മിശ്രിതം എടുത്ത് തളിക്കുക മാത്രമാണ് ചെയ്യേണ്ടത്. ഒരുഗ്രാം നാടൻ പശുവിന്റെ ചാണകത്തിൽ 350 കോടി ഗുണകരമായ സൂക്ഷ്മ ജീവികളുണ്ട് പുളിക്കുമ്പോൾ ഈ സൂക്ഷ്മ ജീവികളുടെ എണ്ണം ഓരോ മണിക്കൂറിലും ഇരട്ടി വീതമായി വർദ്ധിച്ച് 48 മണിക്കൂറുകൾ കൊണ്ട് സങ്കൽപ്പിക്കുവാൻ പറ്റാത്ത എണ്ണമായിത്തീരുന്നു. അങ്ങനെ വളരെക്കുറച്ചു ചാണകം കൊണ്ട് ഒരു വലിയ പ്രദേശത്ത് കൃഷിചെയ്യാനാകും. ഒരു നാടൻ പശുവുണ്ടെങ്കിൽ പരമാവധി 30 ഏക്കർ വരെ ഇങ്ങനെ കൃഷി ചെയ്യാനാകും. കർഷകന് ഒന്നും തന്നെ പണം കൊടുത്ത് വാങ്ങേണ്ടിവരുന്നില്ല. ശർക്കര പോലും വാങ്ങാതെ എങ്ങനെ സ്വയം പര്യാപ്തമായി കൃഷി നടത്താം എന്ന് സുഭാഷ് പലേക്കർ വിശദമായി പറഞ്ഞുതരുന്നുണ്ട്. കൂടാതെ ഈ കൃഷിയിലെ ഓരോ സങ്കേതത്തിനും പുറകിലുള്ള ശാസ്ത്രവും ഗാന്ധിയൻ (അഹിംസ) ദർശനവും

അദ്ദേഹം ഏതു സാധാരണക്കാരനും മനസ്സിലാക്കുവാൻ തക്ക രീതിയിൽ ലളിതമായി പറഞ്ഞുതരുന്നു.

ചെടികൾക്കും മണ്ണിനും ഉപദ്രവമുണ്ടാക്കുന്ന സൂക്ഷ്മജീവികൾ നാടൻ പശു ചാണകത്തിൽ ഇല്ല. എന്നാൽ ഇന്ത്യൻ ജനുസ്സല്ലാത്ത പശുക്കളുടെ (ജഴ്സി മുതലായവയുടെ) ചാണകത്തിൽ ഉപദ്രവകാരികളായ സൂക്ഷ്മജീവികളാണ് കൂടുതലുള്ളത്. (ഒരു പക്ഷേ അതുകൊണ്ടു തന്നെയാകാം നമ്മുടെ പൂർവ്വികർ നാടൻപശു ചാണകത്തിന് ഔഷധ മൂല്യം നൽകിയിരുന്നതും, അവരുടെ ശരീരത്തിലെ മുറിവുകളൊന്നും നിരന്തരം നാടൻ പശുചാണകവുമായി ഇടപഴകിയിട്ടും സെപ്റ്റിക് ആകാതിരുന്നതും. (ചാണകവുമായുള്ള സമ്പർക്കം കുഴപ്പമാണെന്ന് കണ്ടുപിടിച്ച വൈദേശിക ശാസ്ത്രജ്ഞർ സ്വാഭാവികമായും അവരുടെ പശുക്കളുടെ - ജേഴ്സി മുതലായവയുടെ -ചാണകം ആയിരിക്കണമല്ലോ ഗവേഷണവിധേയമാക്കിയത്!).

ഇന്ത്യൻ പശുക്കൾ ബോസ്-ഇൻഡിക്കസ് എന്നും വിദേശ ജനുസ്സുകൾ ബോസ്-ടോറസ് എന്നുമുള്ള വ്യത്യസ്തമായ ജീവിവർഗമാണ്. ഇവയ്ക്ക് നേർ വിപരീത ശാരീരിക ഘടനകളാണുള്ളത്. (പഴയ വണ്ടിക്കാളകളുടെ മുതുകത്ത് ഉയർന്ന 'പൂഞ്ഞ' ഉണ്ടെങ്കിൽ ഇപ്പോൾ വഴിവക്കിൽ കാണുന്ന വി

ദേശ കാളകളുടെ മുതുക് 'ഫ്ളാറ്റ്' ആണെന്നു കാണാം. ഇത് ഒരു ഉദാഹരണം മാത്രം) ചാണകത്തിനും മൂത്രത്തിനും പാലിനും വരെ ഘടനാവ്യത്യാസമാണുള്ളത്. ഇവയുടെ പാലിലെ പ്രോട്ടീൻ കണങ്ങൾവ്യത്യസ്തമാണ്. നാടൻ പശുവിന്റെ പാലിൽ ഗുണമുള്ള കൊളസ്റ്ററോളും വിദേശ ഇനങ്ങളുടെ പാലിൽ ദോഷകരമായ കൊളസ്റ്ററോളുമാണുള്ളത്. കാൻസറിനെ തടയുന്നഘടകങ്ങൾ വരെ നാടൻ പശുവിന്റെ പാലിൽ ഉള്ളതായി അടുത്തിടെ പത്രറിപ്പോർട്ടുകൾ വന്നിരുന്നല്ലോ.

ആദ്യഘട്ടത്തിൽ ഒരു പ്രദേശത്തു തന്നെ ഒരു നാടൻ പശു മതിയാകും. വടക്കൻ കേരളത്തിൽ സുലഭമായ, ഒരു അണുകുടുംബത്തിനു പോലും അനായാസം കൈകാര്യം ചെയ്യാവുന്നത്ര ചെറിയ ഇനമായ കാസർകോട് ഡ്വാർഫ് എന്ന ഇനത്തെ ഇതിനായി ഉപയോഗിക്കാവുന്നതാണ്. നാടൻ ഇനങ്ങളിൽത്തന്നെ, ചെറിയ ഇനങ്ങളുടെ പാലിനും, ചാണകം, മൂത്രം, എന്നിവയ്ക്കും ഗുണം കൂടുതലാണ്. ഒരു കുടുംബത്തിനാവശ്യമായ പാൽ ലഭിക്കുകയും ചെയ്യും, കാര്യമായ ചെലവൊന്നുമില്ലാതെ തന്നെ. വിപണിയിൽ ഇതിന്റെ പാലിനും നെയ്ക്കും വൻ ആവശ്യകതയും അതുകൊണ്ടുതന്നെ വിലയും കൂടുതൽ ലഭിക്കും.

വടക്കേ ഇന്ത്യയിൽനിന്നുള്ള പാൽ ഉത്പാദനശേഷികൂടിയ ഗിർ, സഹിവാൾ, സിന്ധി, താർപാർക്കർ, ഓങ്കോൾ തുടങ്ങിയ ഇനങ്ങളെയും ഉപയോഗിക്കാവുന്നതാണ്. ജഴ്സി മുതലായവയെ വളർത്തുന്നതിനെക്കാൾ ഇത് ഏതു രീതിയിലും ലാഭകരമാണ്. വളർത്താൻ എളുപ്പവും രോഗപ്രതിരോധശേഷി കൂടുതലുമാണ്. കേരളമാകെ കുളമ്പുരോഗം പടർന്നു പിടിച്ചപ്പോൾ കുറച്ചു നാടൻ പശുക്കൾ അവശേഷിച്ചവയ്ക്ക്, ഈ അസുഖം പിടിപെട്ടില്ലെന്നാണ് ചില കർഷകരുമായി ബന്ധപ്പെട്ടപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്.

## നിലവിലെ ജൈവകൃഷിയും പ്രകൃതികൃഷിയും തമ്മിലുള്ള വ്യത്യാസം

ഇപ്പോഴത്തെ ജൈവകൃഷിയിൽ ഒട്ടുമിക്ക ഏജൻസികളും വ്യാപകമായി വിതരണം ചെയ്യുന്ന Vermi Compost ൽ ഉള്ളത് Eisenia Foetida എന്ന വിദേശ വിരയാണ്. അത് മണ്ണിരയല്ല. മണ്ണ് ഇരയാക്കുന്ന ജീവിയാണ് 'മണ്ണിര'. വെർമി വിര മണ്ണിൽ വീഴുന്ന ജൈവ വസ്തുക്കളാണ് തിന്നുന്നത്. ഇതിന്റെ കാഷ്ഠമാണ് വളമായി ഉപയോഗിക്കുന്നത്. ഇതിൽ ലെഡ്, മെർക്കുറി, ആഴ്സെനിക്, കാഡ്മിയം തുടങ്ങിയ വിഷലോഹങ്ങളുടെ സാന്നിദ്ധ്യം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ എം ജി യൂണേവേഴ്സിറ്റി പരിസ്ഥിതി വിഭാഗവും ഇത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ പുഴുക്കൾ മണ്ണിലെത്തി മണ്ണിലെ ജൈവവസ്തുക്കൾ മുഴുവൻ തിന്നു തീർക്കുന്നു. ഇതിന്റെ പ്രവർത്തനം പരിസ്ഥിതിയെ നശിപ്പിക്കുന്നതാണ്. അവശേഷിക്കുന്ന നാടൻ മണ്ണിരകൾ കൂടെ അപ്രത്യക്ഷമാകുകയും ചെയ്യുന്നു.

എന്നാൽ പ്രകൃതികൃഷിയിൽ നാടൻമണ്ണിരകളുടെ പ്രവർത്തനത്തെ പരമാവധി ഉപയോഗപ്പെടുത്തുന്നു. ഈ സമ്പ്രദായത്തിൽ മണ്ണ് ഉഴുതുമറിക്കുവാൻ കിളയ്ക്കുകയോ ട്രാക്ടർ ഓടിക്കുകയോ അരുത്. പ്രകൃതിയുടെ സംവിധാനം അനുസരിച്ച് ഇങ്ങനെ ചെയ്യുന്നത് ഗുണത്തെക്കാളേറെ ദോഷം മാത്രമാണ് ചെയ്യുന്നത്. പകരം നാടൻ മണ്ണിര ഇവിടെ ഈ ജോലി ഏറ്റെടുത്തു കൊള്ളും. ജൈവപുതയും ജീവാമൃതവും ചേർന്നൊരുക്കുന്ന പ്രത്യേക കാലാവസ്ഥയിൽ നാടൻ മണ്ണിരകൾ മൂലം ഭൂമിയിലെ വായുസഞ്ചാരം, ജലസംഭരണശേഷി, മണ്ണിലെ ചാക്രിക പോഷകവിതരണം എന്നിവ പ്രകൃതിദത്തമായി നടക്കുന്നു.

'ജൈവവളം', 'ജൈവകീടനാശിനി' എന്ന പേരിൽ ഇപ്പോൾ ലഭിക്കുന്നവയിൽ മിക്കതിലും, വിതരണക്കാരുടെ നിലനിൽപ്പിന്റെ ഭാഗമായിത്തന്നെ, സ്വാഭാവികമായും രാസവിഷങ്ങളുടെ സാന്നിദ്ധ്യം പ്രകടമാണ്. രാസകൃഷിയെ തുടർന്ന് അപ്രത്യക്ഷമായ നാടൻ മണ്ണിരകൾ, ഇപ്പോഴത്തെ ജൈവകൃഷി വഴി മണ്ണിൽ വീണ്ടും സമൃദ്ധമാകുന്നില്ല എന്നതുതന്നെ ഉദാഹരണം. എന്നാൽ ജീവാമൃതം ഉപയോഗി



ച്ചുള്ള പ്രകൃതികൃഷി തുടങ്ങിയാൽ, ആ പറമ്പിൽ അടിയിലെവിടെയോ സമാധി അവസ്ഥയിൽ ഉള്ള മണ്ണിരകൾ തനിയെ എത്തി സജീവമാകുന്നതു കാണാം.

പ്രകൃതി കൃഷിയിൽ കളപറിക്കൽ ആവശ്യമില്ല. കളകളെ നിയന്ത്രിച്ചു നിർത്തിയാൽ മതിയാകും. കളകൾ ഭൂമിയുടെ പുതപ്പാണ്. മണ്ണിൽ നേരിട്ട് സൂര്യപ്രകാശം പതിക്കുന്നത് കൃഷിക്കും ജലസംരക്ഷണത്തിനും അപകടമാണ്. വിളകളും കളകളും തമ്മിൽ സൂര്യപ്രകാശത്തിനു വേണ്ടി മത്സരിക്കരുതെന്നുമാത്രം. ഇതിനായി കളകളെ ഒതുക്കി നിർത്തുകയോ, മുറിച്ച് ചെടികൾക്ക് പുതയിടുകയോ ചെയ്യാവുന്നതാണ്. ചെടികൾ തമ്മിൽ സഹവർത്തിത്വമാണുള്ളത്. ഒന്നിന്റെ വളം മറ്റൊന്നിനുവേണ്ട. പയർ വർഗത്തിലുള്ള ചെടികൾ നൈട്രജൻ ഫിക്സേഷൻ നടത്തുന്നതു നമുക്കറിയാം. ഇതുപോലെ മറ്റെന്തൊക്കെ ഫിക്സേഷനുകളും സഹവർത്തിത്വങ്ങളും പ്രകൃതിയിൽ ഉണ്ടെന്ന് ആരറിഞ്ഞു?. ഇതേ രീതിയിൽ കൃഷി ചെയ്യുന്നിടത്ത് ഒന്നിന്റെ കീടത്തിനെതിരെയുള്ള മിത്രകീടങ്ങളും (മറ്റു ചെടികൾ അവയുടെ ആവാസവ്യവസ്ഥയായതിനാൽ ആകാം) സുലഭമാണ്. അതുകൊണ്ടുതന്നെ കീടാക്രമണം തീരെകുറവാണ്. ഇനി അഥവാ ഉണ്ടായാൽത്തന്നെ ഈ സമ്പ്രദായത്തിൽ തന്നെ ലളിതമായി പരിഹരിക്കാവുന്നതാണ്. ഉദാഹരണമായി വഴിവക്കിൽ വിവിധയിനം കളകൾ തിങ്ങിനിറഞ്ഞ് വളർന്നു നിൽക്കുന്നത് ശ്രദ്ധിച്ചാൽ ഒന്നിനുപോലും പോഷക ദാരിദ്ര്യം ഉള്ളതായി തോന്നുകയില്ല. അവയിലെല്ലാം നിറയെ പൂവുകളും കായ്കളും കാണാൻ കഴിയും. അവയ്ക്കിടയിൽ ഒരു പച്ചച്ചീര നില്പുണ്ടെങ്കിൽ അതിന്റെ പുഷ്ടിയും കീടശല്യം ഇല്ലായ്മയും നമുക്കറിയാം. മത്സരം ജലത്തിനും സൂര്യപ്രകാശത്തിനും വേണ്ടി മാത്രം. സൂര്യപ്രകാശം നേരിട്ടടിക്കാത്തിനാൽ മണ്ണ് എപ്പോഴും ആർദ്രമായിരിക്കും. ഇവയെല്ലാം തനി നാടൻ വിത്തിനങ്ങൾ ആണെന്നതും, രാസകീടനാശിനി ഏൽക്കാത്ത മണ്ണാണെന്നതും, നാടൻ മണ്ണിര അവിടെ സുലഭമാണന്നും പ്രധാനമാണ്. ശാസ്ത്രത്തിനു കണ്ടെത്താൻ കഴിയാത്ത മറ്റ് പ്രകൃതി രഹസ്യങ്ങളും ഉണ്ടാകാം.

ജൈവ അവശിഷ്ടങ്ങൾ മണ്ണിൽ വീണ് സ്വാഭാവികമായി വിഘടിച്ചാണ് ക്ലേദം ഉണ്ടാകേണ്ടത്. മറ്റൊരിടത്ത് കമ്പോസ്റ്റ് ഉണ്ടാക്കിയ ശേഷം ചെടിയുടെ ചുവട്ടിൽ പിന്നീട് കൊണ്ടുവന്നിടുന്ന ജൈവകൃഷിയിൽ ചെടിയുടെ വേരുപടലത്തിനു സമീപം ക്ലേദം ഉണ്ടാകുന്നില്ല. അതുപോലെ, ജൈവ അവശിഷ്ടങ്ങൾ കത്തിച്ച് ചാരമാക്കി നൽകിയാലും ക്ലേദം ഉണ്ടാകുന്നില്ല. കത്തിക്കൽ പ്രക്രിയ ആഗോളതാപനം കൂട്ടുക മാത്രമാണ് ചെയ്യുന്നത്.

പരമ്പരാഗത ഇൻഡ്യൻ കൃഷി സമ്പ്രദായത്തിൽ ടൺകണക്കിന് ചാണകം കൃഷിയിടത്തിൽ വിതറുന്നു. ചൂട് കൂടുമ്പോൾ ($32^0C$) അതിൽ നിന്നും കാർബൺ വികിരണം സംഭവിക്കുകയും ഹരിതഗൃഹ വാതകങ്ങൾ ഉണ്ടാകുകയും അത് പ്രകൃതിക്ക് ഗുരുതരമായ നാശം വരുത്തുമെന്നും അദ്ദേഹം മനസ്സിലാക്കി.

അങ്ങനെ രാസകൃഷിയുടെയും ജൈവകൃഷിയുടെയും ദൂഷ്യങ്ങളെ പൂർണ്ണമായും ഒഴിവാക്കിയും, കാട്ടിൽ നിന്നും പ്രകൃതിയുടെ മാജിക് ലളിതമായി നാട്ടിലെ കൃഷിയിടത്തിലേക്ക് ആവിഷ്കരിച്ചും കണ്ടെത്തിയ കൃഷി സമ്പ്രദായമാണ് `Zero Budget Natural Farming'.

ഇതൊരു ഏകവിള കൃഷി സമ്പ്രദായമല്ല. കൃഷിയിടത്തിൽ പതിക്കുന്ന സൂര്യപ്രകാശത്തിന്റെ അല്പം പോലും പാഴാകാത്ത രീതിയിൽ ബഹുവിളകളുടെ സ്ഥാനം ക്രമീകരിച്ചുചെയ്യുന്നതിനാൽ ഉപവിളകളുടെ ഉൽപന്നം വിറ്റുകിട്ടുന്നതുകൊണ്ടു തന്നെ പ്രധാന വിളയുടെ കൃഷിച്ചെലവ് നടത്താൻ കഴിയും. അങ്ങനെ പ്രധാന കൃഷിക്കുള്ള ചെലവ് ഇല്ലാത്തതിനാലാണ് 'Zero Budget Natural Farming' എന്ന പേര് കൊടുത്തിരിക്കുന്നത്.

2014 ജനുവരിയിൽ അദ്ദേഹം അടൂരും നിലമ്പൂരും നടത്തിയ രണ്ട് ശില്പശാലകളിലേക്ക് കുടുംബശ്രീയുടെ കാർഷികഗ്രൂപ്പിനെ അയയ്ക്കുവാൻ സാധിക്കുമോ എന്നറിയാനായി എക്സിക്യൂട്ടീവ് ഡയറക്ടറെ ലേഖകൻ കാണുകയും, അവരുടെ പ്രത്യേക താൽപര്യപ്രകാരം ഏതാണ്ട് മുഴുവൻ പഞ്ചായത്തുകളിൽ നിന്നും അയച്ചുതരികയും ചെയ്തിരുന്നു. കൃത്യമായ തുടർപ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമെ ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാനാകുകയുള്ളൂ

കൃത്യമായ മേൽനോട്ടവും വിലയിരുത്തലും ഉണ്ടെങ്കിൽ കാര്യമായ മുതൽമുടക്കില്ലാതെ തന്നെ കേരളത്തിൽ ഈ പദ്ധതി വിജയിപ്പിക്കാൻ സാധിക്കും. ഇപ്പോൾ പല വകുപ്പുകൾക്കായി ചെലവഴിക്കുന്ന അതിഭീമമായ തുകയിൽ ഒരു നല്ല ശതമാനം തുക മിച്ചം പിടിക്കാനും അത് മറ്റ് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനും കഴിയും.

പല കൃഷി സംവിധാനങ്ങൾ കൂട്ടികലർത്താതെ ഇതിന്റെ ലളിത നിയമങ്ങൾ കൃത്യമായി പാലിച്ചാൽ സുരക്ഷിത ഭക്ഷണത്തോടൊപ്പം മറ്റ് വിവിധ മേഖലകളിലും വിസ്മയിപ്പിക്കുന്ന മാറ്റത്തിനാകും കേരളം സാക്ഷ്യം വഹിക്കുക.

സ്രുഭാഷ് പലേക്കറിന്റെ അറിവുകൾ കേരള ജനതയ്ക്ക് പൂർണ്ണമായി പ്രയോജനം ചെയ്യുന്നതിനായി എന്തു സഹകരണത്തിനും അദ്ദേഹം സർവാത്മനാ ഒരുക്കവുമാണ്. ◆

*ലേഖകൻ ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട്*



## മന്ത്രി ഡോ. മുനീർ നബീസയെ സന്ദർശിച്ചു



മാലിയിൽ നിന്നും നാട്ടിൽ തിരിച്ചെത്തിയ പൂന്തുറ സ്വദേശിനി നബീസാ ബീവിയെ പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പൂജപ്പുര വികലാംഗ വനിതാ സദനത്തിൽ സന്ദർശിച്ചു. അവിടെ നല്ല പരിചരണവും ശുശ്രൂഷയും ലഭിക്കുന്നതായി നബീസ മന്ത്രിയോട് പറഞ്ഞു. എന്താവശ്യമുണ്ടെങ്കിലും ഗവൺമെന്റ് നബീസക്കൊപ്പം ഉണ്ടാകുമെന്ന് ഡോ. മുനീർ അവർക്ക് ഉറപ്പ് നൽകി. ‘വയോമിത്രം’ ഡോക്ടർമാർ അവരെ ഇടക്കിടെ പരിശോധിച്ച് ആരോഗ്യസ്ഥിതി വിലയിരുത്തുന്നുണ്ട്.

### ജവഹർലാൽ നെഹ്റു – ജന്മവാർഷികം പ്ലാൻ ഫണ്ടിൽ രണ്ട് ലക്ഷം രൂപ – ഭവനനിർമ്മാണ ധനസഹായമായി നീക്കിവയ്ക്കണം

മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 125-ാം ജന്മവാർഷികം പ്രമാണിച്ച് 2015-16 വാർഷിക പദ്ധതിയിൽ എല്ലാ വാർഡുകളിലും ഏറ്റവും അർഹരായ ഒരു കുടുംബത്തെ കണ്ടെത്തി അവർക്ക് ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ ധനസഹായമായി 2,00,000/-(രണ്ട് ലക്ഷം രൂപ) വീതം നൽകേണ്ടതാണെന്നും ആയതിന് ആവശ്യമായ തുക എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പ്ലാൻ ഫണ്ടിൽ നീക്കിവെയ്ക്കേണ്ടതാണെന്നും ആയതിലേക്കായി നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഭവനനിർമ്മാണത്തിനായി വാർഡ് തലത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലെ സീനിയോറിറ്റി ക്രമം പാലിയ്ക്കേണ്ടതാണെന്നും ഉത്തരവായി.

സ.ഉ.(സാധാ)നം. 3258/14/തസ്വഭ തീയതി: 09/12/2014

### താൽക്കാലിക ബാങ്ക് അക്കൗണ്ട് അനുമതി – ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വാറ്റ് നികുതി വിഹിതം ഇ-പെയ്മെന്റ് വഴി ഒടുക്കേണ്ടി വരുമ്പോൾ ട്രഷറികളിൽ GRAS. K എന്ന സംവിധാനം നിലവിൽ വരുന്നതുവരെ മാത്രം ഇപ്പോൾ സെക്രട്ടറിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ/സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത ബാങ്കുകളുടെ ഏറ്റവും അടുത്ത ശാഖയിൽ വാറ്റ് (വാല്യു ആഡഡ് ടാക്സ്) ഒടുക്കുന്നതിനായി മാത്രം ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് 8.1.2014ലെ 83/2014 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു.

ടി ഉത്തരവിൽ ‘സെക്രട്ടറിയുടെ പേരിൽ’ എന്നതിനോടൊപ്പം ‘തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേധാവി’ എന്ന് കൂടി ചേർത്ത് ഉത്തരവായി.

സ.ഉ.(സാധാ)നം. 1529/2014/ത.സ്വ.ഭ.വ. തീയതി: 18/06/2014

# വാർത്തകളും വിശേഷങ്ങളും

## ഒരിക്കൽ ഭേദഗതി ചെയ്ത പ്രോജക്ട് വീണ്ടും ഭേദഗതി ചെയ്യാം

ഒരിക്കൽ ഭേദഗതി ചെയ്ത പ്രോജക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ 2015 ഫെബ്രുവരി 28-വരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

ഇത് സംബന്ധിച്ച നടപടിക്രമം സുഗമമാക്കാൻ സോഫ്റ്റ് വെയറിൽ ആവശ്യമായ പരിഷ്കാരങ്ങൾ ഐ.കെ.എം. വരുത്തേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ.(സാധാ)നം. 309/2015 ത.സ്വ.ഭ.വ. തീയതി: 31/01/2015

## പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, കർശന നിർദ്ദേശം സർക്കുലർ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേയ്ക്കായി ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാർ വച്ച പ്രോജക്ടുകൾ പൂർത്തീകരിക്കാതെ വീണ്ടും അതേ പദ്ധതി പുതിയ പ്രോജക്ടുമായി നടപ്പിലാക്കിയാൽ പദ്ധതിയ്ക്കായി കൈപ്പറ്റിയ തുക 18% പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണെന്നും, ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പു തല നടപടി സ്വീകരിക്കേണ്ടതാണെന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് ഫലപ്രദമായി നടപ്പിലാക്കേണ്ടതാണെന്നും ബ്ന്ധപ്പെട്ട വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

സ.ഉ. നം. 42648/ഡി.എ.1/2014/ത.സ്വ.ഭ.വ. തീയതി: 17/01/2015

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കടലാസ് രഹിത ഓഫീസ് യാഥാർത്ഥ്യമാക്കൽ നിർദ്ദേശം നൽകി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കടലാസ് രഹിത ഓഫീസ് യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ ചംക്രമണം മുഴുവനായും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ മുഖേന നിർവ്വഹിക്കേണ്ടതാണ്.
* 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഇനിയും വിന്യസിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആയത് അടിയന്തിരമായി വിന്യസിക്കുന്നതിനും ടി സോഫ്ട് വെയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനുള്ള നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.
* 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം ഇനിയും ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് 'കില' മുഖേന പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.
* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രോണിക് ഫയൽ ചംക്രമണം സംബന്ധിച്ച പുരോഗതി പതിവായി വിലയിരുത്തേണ്ടതും ബന്ധപ്പെട്ട വകുപ്പു മേധാവികളും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും പ്രതിമാസ പുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുണ്ട്.

സ.ഉ. നം. LSGDIB1/132/2014 തീയതി: 12/12/2014

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികൾ സുഗമമാക്കുന്നതിന് നിർദ്ദേശം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികൾ ത്വരിതപ്പെടുത്തുന്നതിനും സുഗമമാക്കുന്നതിനുമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ ആഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ എഞ്ചിനീയർമാരും സെക്രട്ടറിമാരും ശ്രദ്ധിക്കേണ്ടതാണ്. സൂക്ഷിക്കാതിരിക്കുന്ന പക്ഷം സെക്രട്ടറി/എഞ്ചിനീയർമാർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുന്നതാണ്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി പി.എം.ജി.എസ്.വൈ. നിബന്ധനകൾ പാലിക്കാവുന്നതാണ്. 28/02/2015 -നകം ഈ പ്രവർത്തി പൂർത്തികരിച്ചിരിക്കേണ്ടതാണ്.

റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കേണ്ടതും അതിനുള്ള ചെലവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

സ.ഉ.നം. 45023/എ.ബി.2/14/ത.സ്വ.ഭ.വ. തീയതി: 14/10/14

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by A. Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram




## വായിക്കുക...
## വരിക്കാരാകുക...

# പഞ്ചായത്ത്‌രാജ്

### പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **February 2015**
Annual Subscription ₹120/-, Published on 20th **February 2015**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**

www.ammini.com

ammini
partnering with tomorrow

# ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

## AMMINI SOLAR Introduces..

# GreenMast

## *SOLAR LED MAST LIGHTS*



**Different Models**
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

### Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

**ലൈറ്റിംഗ് രംഗത്ത്**
**20 വർഷത്തെ**
**സേവന പാരമ്പര്യം**

MSME National Award for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

# അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

***For more details:1800 300 00 600 (TOLL FREE)***

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor, Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed